# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 | ലക്കം - 8 | കർക്കിടകം - 1193 | ആഗസ്റ്റ് 2018







എറണാകുളം കരയോഗം വകയായി പ്രകൃതിക്ഷോഭ ദുരിതബാധിതർക്കുള്ള സഹായമായി ഭക്ഷ്യസ ാധനങ്ങളുടെ കിറ്റുകൾ കോട്ടയം ജില്ലാ കളക്ടർ ശ്രീ.ബി.എസ്. തിരുമേനിക്ക് പ്രസിഡന്റ് കെ.പി.കെ. മേനോ നും ആലപ്പുഴ കളക്ടർ എസ്. സുഹാസിന് ജനറൽ സെക്രട്ടറി പി.രാമചന്ദ്രനും (വേണു) കൈമാറുന്നു.





എറണകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറം 20-ാമത് വാർഷികാഘോഷത്തിൽ നിന്ന്



കരയോഗം ഭരണസമിതി, ഉപസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ സംയുക്തയോഗം





ഗുരുവായൂർ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണം Basement floor, Ground Floor, First Floor, Second Floor എന്നിവയുടെ സ്ലാബുകൾ കോൺക്രീറ്റിങ്ങ് തുടങ്ങിയ ജോലികൾ പുരോഗമിക്കുന്നു.



എഡിറ്റോറിയൽ

# എൻ. എസ്. എസിന് അഭിവാദ്യങ്ങൾ

നായർ സർവ്വീസ് സൊസൈറ്റി ശബരിമലയിലെ സ്ത്രീപ്രവേശനത്തെക്കുറിച്ചുള്ള കേസിൽ കക്ഷി ചേരാൻ എടുത്ത തീരുമാനവും ആയതിലേക്ക് അഭിഭാഷക രുടെയൊക്കെ ഗുരുസ്ഥാനീയനായ മുൻ അറ്റോർണി ജനറൽ ശ്രീ. കെ. പരാശരനെ തങ്ങളുടെ വാദമുഖങ്ങൾ കോടതി യിൽ നിരത്തുന്നതിന് അഭിഭാഷകനായി നിയോഗിച്ചതും വളരെയേറെ ശ്ലാഘനീയമായ നടപടിയായിരുന്നു എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. അവസരോചിതമായ ഈ ഇടപെ ടലിന് എൻ. എസ്. എസിനും ജനറൽ സെക്രട്ടറി ശ്രീ. ജി. സുകുമാരൻ നായർക്കും ആദ്യമേ തന്നെ അഭിനന്ദനങ്ങൾ അർപ്പിച്ചു കൊള്ളുന്നു.

ഇനി ശ്രീ. പരാശരന്റെ കോടതിയിലെ ഉജ്ജ്വലപ്രക ടനം – അത് എത്ര പ്രശംസിച്ചാലും മതിയാവില്ല. അത്രയ്ക്ക് വിജ്ജാനോദ്ദീപകവും വസ്തുനിഷ്ഠാപരവുമായിരുന്നു അത്. ഹൈന്ദവാചാരങ്ങളെക്കുറിച്ചുള്ള അഗാധമായ പാണ്ഡിത്യ വും അവയെ ഭരണഘടനാ തത്ത്വങ്ങളുമായും നിയമവകുപ്പു കളുമായും കോർത്തിണക്കി ഉന്നയിച്ച വാദമുഖങ്ങൾ കേട്ടി രിക്കുവാനല്ലാതെ ഖണ്ഡിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

കേരളത്തിലെ സ്ത്രീകളിൽ 96% വും വിദ്യാസമ്പ ന്നരാണെന്നും അവരെല്ലാം പൂർണസ്വാതന്ത്ര്യത്തോട് കൂടി സമൂഹത്തിൽ ജീവിക്കുന്നവരാണെന്നും സ്ത്രീകേന്ദ്രീകൃത കുടുംബവ്യവസ്ഥയാണിവിടെ നിലനില്ക്കുന്നതെന്നും. അതുകൊണ്ട് പുരുഷമേധാവിത്വമാണ് ക്ഷേത്രാചാരങ്ങ ളിൽ നിലനില്ക്കുന്നത് എന്നത് തെറ്റാണെന്ന് ആമുഖമായി അദ്ദേഹം കോടതിയെ ബോധിപ്പിച്ചു. അതുപോലെ 'സതി' യേയും ശബരിമലക്ഷേത്രാചാരങ്ങളെയും ഒരിക്കലും താര തമ്യം ചെയ്യാൻ കഴിയില്ലായെന്നും, സതി ഹിന്ദുമതാചാരമ ല്ലെന്നും കുന്തിയുടെയും ദശരഥപത്നിമാരുടെയും ഒക്കെ ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് അദ്ദേഹം സമർത്ഥിച്ചു. ക്ഷേത്രാചാരങ്ങളെ പുരുഷമേധാവിത്വമെന്നോ പുരുഷകേ ന്ദ്രീകൃതമെന്നോ വിശേഷിപ്പിക്കരുതെന്നും അങ്ങനെയുള്ള

# ഉള്ളടക്കം

വാല്യം 11 | ലക്കം 08 | ആഗസ്റ്റ് 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ഉപസമിതികൾ | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 17 |
| മഹാഭാരതം | 23 |
| നവരാത്രി നോട്ടീസ് | 26 |
| ഭാരതരാഷ്ട്രവും സംസ്കൃതഭാഷയും | 28 |
| ഹരിസുധാലഹരി | 29 |
| ആദ്ധ്യാത്മീക ദർശനം ഭാരതത്തിൽ | 31 |
| കാമ്പസുകളിലെ കൊലപാതകരാഷ്ട്രീയം.......... | 32 |
| നിപ | 34 |
| ന്യൂനപക്ഷമാകുവാനുള്ള മത്സരം ഇന്ത്യയിൽ | 35 |
| ആദരാഞ്ജലികൾ | 39 |
| ലോകത്ത് തറവാട്ടുകാർ മലയാളികൾ മാത്രം | 40 |
| അസ്തമയസൂര്യന്റെ അന്ത്യപ്രഭാവം | 41 |
| ഓണം (കവിത) | 44 |
| കാഴ്ചപ്പാടൊന്നു മാറിയാൽ.......... | 45 |
| കുറ്റപത്രം (കവിത) | 46 |
| കാമിൽബുൽക്കേയും രാമായണങ്ങളും | 47 |
| പാതഞ്ജലയോഗദർശനം | 51 |
| അഗ്നിപർവ്വതങ്ങൾ | 52 |
| വർഷഫലം | 54 |
| മാട്രിമോണിയൽ | 55-65 |



## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

തെറ്റായ ചോദ്യങ്ങൾ തെറ്റായ നിഗമനങ്ങളിലെ കൊണ്ടെത്തിക്കുകയുള്ളുവെന്നും കോടതിയെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അദ്ദേഹം വാദം തുടർന്നത്. തനിക്ക് കോടതിയോട് മാത്രമല്ല ഉത്തരം പറയേണ്ടത് പ്രശ്നത്തിൽ ഉൾപ്പെട്ടിരിക്കുന്ന ദേവനോട് കടപ്പാടുണ്ട് – ഉത്തരം പറയേണ്ടതുണ്ട്. ജനായത്ത ഭരണത്തിൽ മതങ്ങളും പരമ്പരാഗത ആചാരനുഷ്ഠാനങ്ങളും പൂർണമായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് അദ്ദേഹം കോടതിയെ ഉദ്ബോധിപ്പിച്ചു. ആക്ടിവിസ്റ്റുകളുടെ ശബ്ദത്തിനുമാത്രം കാതു കൊടുത്താൽ പോര, പരമ്പരാഗത ആചാരനുഷ്ഠാനങ്ങൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്നവർക്കും തുല്യപ്രാധാന്യം നൽകണമെന്ന് പറഞ്ഞുകൊണ്ട് ശ്രീപരമേശ്വരൻ ധ്യാനനിമഗ്നായിരുന്നപ്പോൾ ശല്യം ചെയ്ത കാമദേവനെ ഭസ്മീകരിച്ച കഥ ഉദ്ധരിച്ചുകൊണ്ട് നമ്മുടെ പൂർവ്വികരൊക്കെ അജ്ഞരായിരുന്നെന്നും നമ്മളൊക്കെ അവരെക്കാൾ അറിവുള്ളവരാണെന്നുമുള്ള ചിന്താഗതി തെറ്റാണെന്നും അതിനാൽ പൂർവ്വികരുടെ നടപടികളെ തെറ്റെന്ന് പറഞ്ഞ് തള്ളിക്കളയാനാവില്ലെന്നും അദ്ദേഹം സമർത്ഥിച്ചു എന്നാണ് വാർത്താമാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത്.

സ്വാമി അയ്യപ്പൻ ഒരു നൈഷ്ഠിക ബ്രഹ്മചാരി എന്ന നിലയിൽ ഭരണഘടന തന്നെ സംരക്ഷണം നൽകുന്നുണ്ട്. നൈഷ്ഠികബ്രഹ്മചര്യം എന്തെന്ന് രാമായണത്തിലെ സുന്ദരകാണ്ഡത്തിലെ പ്രസക്ത ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. നിലവിലുള്ള ആചാരങ്ങൾക്കു ഭംഗം വരുത്തിയാൽ അത് ക്ഷേത്രത്തിന്റെ വൈശിഷ്ട്യത്തെ തന്നെ ഇല്ലായ്മ ചെയ്യുന്നതായിരിക്കും. അതുകൊണ്ട് അതിന് മുതിരരുത് എന്ന് വാദിച്ചുകൊണ്ട് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഈ വിഷയത്തിൽ നടന്നിട്ടുള്ള സംവാദങ്ങൾ മുതൽ നിലവിലുള്ള നിയമങ്ങൾ വരെ ഉദ്ധരിച്ചുകൊണ്ട് ഇപ്പോൾ പ്രാബല്യത്തിലുള്ള ആചാരനുഷ്ഠാനം യാതൊരു മാറ്റവും വരുത്താതെ തുടരേണ്ടതാണ് എന്ന് സമർത്ഥിച്ചതായുള്ള മാധ്യമവാർത്തയും നാം കേട്ടു.

പുരാണേതിഹാസങ്ങളിലും നിയമത്തിലും ഒരുപോലെ പാണ്ഡിത്യമുള്ള ശ്രീ. കെ. പരാശരൻ സുന്ദരകാണ്ഡത്തിൽ നിന്ന് നൈഷ്ഠികബ്രഹ്മചര്യത്തെക്കുറിച്ചും, അയ്യപ്പന്റെ ബ്രഹ്മയോഗീഭാവത്തിന് ആദിശങ്കരന്റെ വാക്കുകളെ ഉദ്ധരിച്ചും നീതിസങ്കല്പത്തെ വിദൂരനീതികൊണ്ടും വെളിപ്പെടുത്തി നിരത്തിയ, സകലരേയും വിസ്മയിപ്പിച്ച ആ ധീഷണശാലിയുടെ കഴിവിനു മുമ്പിൽ നമ്രശിരസ്കരായി നിന്ന് നമിക്കാം.

ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് പലപ്പോഴായി പല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. കൊ.വ 1075 ലും ക്രി.വ 1952 ലും ക്ഷേത്രം അഗ്നിക്കിരയായതും അതിനെക്കുറിച്ചുള്ള അന്വേഷണങ്ങളും തുടർനടപടികളുടെ പോരായ്മകളും ക്ഷേത്രത്തിലെ ആചാരനുഷ്ഠാനങ്ങളെ സംബന്ധിച്ച് 1992 –ൽ ഉണ്ടായ കേസും അതിൽ പരേതനായ ജസ്റ്റീസ് പരിപൂർണ്ണൻ നല്കിയ വിധിയുമെല്ലാം ഇന്നത്തെ ഈ വിഷമസന്ധിയിൽ കൊണ്ടെത്തിക്കുവാൻ കാരണമായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും നമ്മുടെ ഉന്നത നീതിപീഠത്തിൽ നിന്ന് നമുക്ക് നല്ലതു തന്നെ പ്രതീക്ഷിക്കാം.

ഇനി മറ്റൊന്ന് ഹിന്ദുസ്ത്രീകൾ രാവിലെ കുളിച്ചൊരുങ്ങി നല്ല വസ്ത്രങ്ങൾ ധരിച്ച് ക്ഷേത്രങ്ങളിൽ പോകുന്നത് ലൈംഗികവേഴ്ചയ്ക്ക് തയ്യാറാണെന്നറിയിക്കുന്നതിനുവേണ്ടിയാണെന്നും നാല് ദിവസം പോകാത്തത് അപ്പോൾ തയ്യാറല്ലെന്ന് പൂജാരിമാരെ അറിയിക്കാൻ വേണ്ടിയാണ് എന്നും ഒരു കഥാപാത്രത്തെക്കൊണ്ട് പറയിച്ചിരിക്കുകയാണ് ഒരു മാദ്ധ്യമസ്ഥാപനം. വളരെ വിചിത്രമായ ഈ കണ്ടുപിടുത്തം നടത്തിയിരിക്കുന്ന എഴുത്തുകാരൻ ഇതിനുമുമ്പും ഇതുപോലെ ഹിന്ദുമതനിന്ദ നടത്തിയിട്ടുണ്ട്. ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഒരു ജനവിഭാഗത്തിനെ ഇങ്ങനെ അവഹേളിക്കുന്നത് ആരെ പ്രീതിപ്പെടുത്താനാണ് . ഇത് പ്രസിദ്ധീകരിച്ച മാദ്ധ്യമസ്ഥാപനം ആർക്ക് വേണ്ടിയാണ് നിലകൊള്ളുന്നത്. രാജ്യസ്നേഹികളായ, ദേശീയതാല്പര്യം ഉൾക്കൊണ്ടിരുന്ന കേരളഗാന്ധി എന്നറിയപ്പെട്ടിരുന്ന ശ്രീ.കെ കേളപ്പനെപോലെ കെ.പി. കേശവമേനോനെപോലെ ആരാധ്യരായ പലരും ഇരുന്ന കസേരയിൽ ഇന്നിരിക്കുന്നവരുടെ ചെയ്തികൾ ആ മഹാന്മാരുടെ പ്രവർത്തനങ്ങൾക്ക് കടകവിരുദ്ധവും അപലപനീയവും പ്രതിഷേധാർഹവുമാണ്.

നിലവിളക്ക് കൊളുത്തി നാമം ജപിക്കുന്നവരെല്ലാം ഒരേ സംസ്കാരം പേറുന്നവരാണെന്നുള്ള ബോധം ഉൾക്കൊണ്ട് പ്രവർത്തിക്കണ്ട കാലം അതിക്രമിച്ചിരിക്കുന്നു . നമ്മുടെ ക്ഷേത്രസംസ്കാരത്തെ പരിപോഷിപ്പിക്കേണ്ടേത് ഈ മഹത്തായ സംസ്കാരക്കുടക്കീഴിൽ നില്ക്കുന്ന സകലരുടേയും കടമയാണ്. ഇനി എല്ലാവരും പുലർകാലങ്ങളിലും സായംസന്ധ്യകളിലും കുളിച്ച് നല്ല വസ്ത്രങ്ങളണിഞ്ഞ്, മനസ്സും ശരീരവും ഒരുപോലെ ശുദ്ധമാക്കി ക്ഷേത്രദർശനം നടത്തണം. അത് നമ്മുടെ ജീവിതചര്യയുടെ ഭാഗമാക്കുക. അങ്ങനെ സമ്പന്നമായ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാകുക.

**ശബരിമല വിഷയത്തിലും മാതൃഭൂമി വിഷയത്തിലും നായർ സർവ്വീസ് സൊസൈറ്റി എടുത്ത സമയോചിതവും ധീരോദാത്തവുമായ നിലപാടുകൾക്ക് അഭിനന്ദനങ്ങൾ.**





# ജനറൽ സെക്രട്ടറിയുടെ പംക്തി

## *“ഏവർക്കും ഓണാശംസകൾ”*

ഭാരതത്തിൽ മിക്ക സ്ഥലങ്ങളിലും പ്രകൃതി ക്ഷോഭങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. കേരളത്തിൽ ആണെങ്കിൽ അടുത്തകാലത്തെങ്ങും ഉണ്ടായിട്ടില്ലാത്തവിധം കാലവർഷം കൊടുമ്പിരിക്കൊണ്ടിരിക്കുകയുമാണ്. ആലപ്പുഴയിലെ കുട്ടനാട്ടിലും കോട്ടയം ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലും വസിക്കുന്ന സാധാരണ ജനങ്ങൾ ദുരിതത്തിലാണ്. കേരളത്തിലെ ഡാമുകളെല്ലാം നിറഞ്ഞ് കവിയുകയും ഇടുക്കിപോലുള്ള ഡാമുകൾ ഏതുനിമിഷവും തുറന്നു വിടും എന്ന ഭീതിയിലുമാണ് പാവപ്പെട്ട ജനങ്ങൾ സ്വന്തം വാസസ്ഥലത്ത് താമസിക്കാൻ കഴിയാതെവന്ന ആയിരകണക്കിന് ജനങ്ങളെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കുകയും ചെയ്തുകഴിഞ്ഞു. അവർക്കാവശ്യമുള്ള സഹായം സർക്കാരും അതുപോലെ സേവനതല്പരരായ ജനസമൂഹം നല്കിവരുന്നു.

കാലവർഷത്തിന്റെ കെടുതി കഴിഞ്ഞ് സ്വന്തം ഭവനങ്ങളിലേക്ക് തിരിച്ചെത്തുന്നവർക്ക് ഇപ്പോൾ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ രൂക്ഷമായ പ്രതിസന്ധി തരണം ചെയ്യേണ്ടതുണ്ട്. ഗൃഹോപകരണങ്ങൾ, ഭക്ഷ്യഉല്പാദനത്തിനുള്ള സാമഗ്രികൾ എല്ലാം നശിച്ചു പോയിരിക്കുന്നു എന്ന ദുഃഖാവസ്ഥ നമ്മൾ ചിന്തിക്കുന്നതിനപ്പുറമാണ്. അതിനെക്കാൾ ഭയാനകം ജലജന്യരോഗങ്ങളാണ്. വരാനിരിക്കുന്ന ദിനങ്ങൾ പകർച്ച വ്യാധികളുടെ നാളുകൾ ആയി മാറാതിരിക്കുവാൻ തീവ്രമായ പരിശ്രമം വേണ്ടിവരുന്ന നാളുകളാണ്. ഭക്തിയുടെയും പുണ്യത്തിന്റെയും രാമായണ പാരായണത്തിന്റെയും മാസമായാചരിക്കുന്ന കർക്കിടക മാസം ഈ വർഷം കഷ്ടപ്പാടിന്റെയും ദുരിതത്തിന്റെയും വർഷമായിത്തീർന്നു. കേരളത്തിൽ വലിയൊരു ജനവിഭാഗത്തിന് പൂർവ്വികർ പറയുന്നതുപോലെ പഞ്ഞമാസമായി ഭവിച്ചു, ഈ കർക്കിടകം. എറണാകുളം കരയോഗം ഈ വലിയ ദുരന്തത്തിൽ നമ്മുടെ പരിമിതിക്കും, പരിധിക്കുമുള്ളിൽ നിന്നുകൊണ്ട് കോട്ടയം, ആലപ്പുഴ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആവുന്നത്ര സഹായങ്ങൾ നല്കിവരുന്നു.

ആദ്യഘട്ടം എന്ന നിലയിൽ നല്കിയ ചെറിയ സഹായം തുടർന്ന് വിപുലീകരിച്ച് നല്കുവാനുള്ള സാമൂഹ്യമായ പ്രതിബദ്ധത നാം മറക്കരുത്. പാവപ്പെട്ട ജനങ്ങളെ സഹായിക്കുവാനുള്ള സന്മനസ്സുള്ള എല്ലാവരും എറണാകുളം കരയോഗവുമായി ബന്ധപ്പെടുകയും അവരാൽ കഴിയുന്ന സഹായം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജില്ലാഅധികാരികളുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും പ്രകാരം നമുക്ക് കൃത്യമായി സഹായിക്കാൻ കഴിയുമെന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

2018–19 ഭരണസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിലേക്കായി 23 ഉപസമിതികളും 2 ട്രസ്റ്റുകളും സജീവമായി ഈ വർഷം പ്രവർത്തിക്കുകയാണ്. ഭരണസമിതി തിരഞ്ഞെടുത്ത കൺവീനർമാർ ഉപസമിതികളുടെ പ്രവർത്തനത്തിനായി അവർക്കാവശ്യമുള്ള അംഗങ്ങളെ ഉപസമിതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കരയോഗത്തിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി അധികാരങ്ങൾ വികേന്ദ്രീകരിച്ച് നല്കിയിട്ടുണ്ട്. അതുപോലെ ഉപദേശങ്ങളും, നിർദ്ദേശങ്ങളും ഉപസമിതികൾക്ക് സ്വതന്ത്രമായി കൈക്കൊള്ളാവുന്നതാണ് . മേൽപ്പറഞ്ഞ ഉപസമിതിയുടെ കൺവീനർമാരുടെ പേരും/ഫോൺനമ്പറും ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് അവരുമായി നേരിട്ട് ബന്ധപ്പെട്ട് സേവനങ്ങൾ ലഭ്യമാക്കുവാൻ പരമാവധി ശ്രമിക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

ഗുരുവായൂർ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണം Basement floor, Ground Floor, First Floor, Second Floor എന്നിവയുടെ സ്ലാബുകൾ കോൺക്രീറ്റിങ്ങ് പൂർത്തിയാക്കി. Ground Floor ൽ Masonry Work കൾ ആരംഭിച്ചു. മുൻനിശ്ചയ പ്രകാരം കൃത്യസമയത്ത് തന്നെ ജോലി പൂർത്തിയാക്കുവാൻ കഴിയുമെന്ന് ഭരണസമിതി വിശ്വസിക്കുന്നു. അതിഥിമന്ദിരത്തിന്റെ നിർമ്മാണ പദ്ധതിക്കു മാത്രമായി പുറത്തിറക്കിയിട്ടുള്ള ഗുരുവായൂർ ഗസ്റ്റ് ഹൗസ് പ്രിവിലേജ് കാർഡ്, ബോണ്ട് സ്കീം എന്നിവയിൽ അംഗങ്ങളായി ചേർന്ന് ഈ പദ്ധതിയിൽ പങ്കാളിയാവണമെന്ന് കരയോഗാംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ മുഖമുദ്ര ജീവകാരുണ്യപ്രവർത്തനവും സാമൂഹ്യ സേവനവുമാണ്. മറ്റ് ബാദ്ധ്യതകൾ ഉണ്ടെങ്കിൽപ്പോലും മുൻകാലങ്ങളിലെപ്പോലെ തന്നെ ഈ വർഷവും പുതിയ പദ്ധതികളും ജീവകാരുണ്യ പ്രവർത്തനത്തിന് നീക്കിവച്ചിട്ടുള്ള സാമ്പത്തിക സഹായങ്ങൾ തുട

രുക തന്നെ ചെയ്യും.2018–19 ലെ ജീവകാരുണ്യഫണ്ട് വിതരണോദ്ഘാടനം ഓഗസ്റ്റ് 11 ന് രാവിലെ 9.45 മണിക്ക് ടി.ഡി.എം.ഹാളിൽ നടക്കുകയാണ്. ബഹു. ഹൈക്കോടതി ജഡ്ജി (റിട്ട) കെമാൽ പാഷ ഉദ്ഘാടനവും കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ആദ്യ സഹായം ശ്രീ.പ്രസാദ് കെ.പണിക്കർ (ED,Kochi refinery-BPCL), കൈമാറും. ആശംസ അർപ്പിക്കുന്നത് ഡോ.എ.അനിത (സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, എറണാകുളം) ആണ്.

ആഗസ്റ്റ് 9 ന് ആരംഭിച്ച ഓണം വിപണന മേള 24–ാം തീയതി വരെ നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ മിതമായ നിരക്കിൽ ഓണം വിപണന മേളയിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കും. ഉത്രാടം, തിരുവോണം (ആഗസ്റ്റ് 24, 25) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ, കാളൻ, പുളിയിഞ്ചി എന്നിവ മുൻകൂറായി ബുക്കു ചെയ്യാവുന്നതാണ്. ആഗസ്റ്റ് 15 മുതൽ 21–ാം തീയതി വരെ മാത്രമെ മുൻകൂർ ബുക്കിംഗ് സ്വീകരിക്കുകയുള്ളൂ എന്നറിയിക്കുന്നു.

ഈ വർഷം നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾക്കുള്ള വിവിധ പുരാണ കലാസാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 9 മുതൽ ആരംഭിക്കുന്നതും പങ്കെടുക്കുന്നതിനുള്ള അപേക്ഷാഫോറം ഓഗസ്റ്റ് 15 മുതൽ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതുമാണ്. മത്സരം സംബന്ധിച്ച വിശദമായ തീയതിയും സമയക്രമവും ഈ ലക്കത്തിൽ ലഭ്യമാണ്.

എറണാകുളം കരയോഗം കഥകളി കബ്ബിന്റെ പ്രതിമാസ പരിപാടിയിൽ കഥകളി - രുക്മിണി സ്വയംവരം ഓഗസ്റ്റ് 28ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടിയിൽ 30ന് വ്യാഴാഴ്ച, വൈകുന്നേരം 6.30ന് - സത്യൻ അച്ചത് അവതരിപ്പിക്കുന്ന വെൻട്രിലോക്കിസം ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ജൂലായ് മാസത്തിലെ പരിപാടിയിൽ 18ന്, ശനിയാഴ്ച വൈകുന്നരം 5.00 മണിക്ക് ദൈവത്തിന്റെ വികൃതികൾ സിനിമ ടിഡിഎം ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 16.8.2018 മുതൽ 15.9.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.8.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.8.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം- ദൈവത്തിന്റെ വികൃതികൾ |
| 22.8.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 23.8.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 24.8.2018 | വെള്ളി | | : കരയോഗം ഓണം ഫെയർ സമാപനം |
| 28.8.2018 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ് -കഥകളി-രുക്മിണി സ്വയംവരം |
| 29.8.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 30.8.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 1.9.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 5.9.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 6.9.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 8.9.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 9.9.2018 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 12.9.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 13.9.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 15.9.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |





## 2018– 2019
## എറണാകുളം കരയോഗം ഉപസമിതികൾ

| ഉപസമിതികൾ | കൺവീനർ | ഫോൺ |
|---|---|---|
| 1. ചൈത്രം | ഡോ. പി. വിജയലക്ഷ്മി മേനോൻ | 9846034643 |
| 2 പ്രശാന്തി ഹോസ്റ്റൽ & ഓൾഡേജ് ഹോം | ശ്രീമതി. സുധാകൃഷ്ണകുമാർ | 9544629588 |
| 3. പ്രോജക്ട് | ശ്രീ. കെ. സതീഷ് | 9447022006 |
| 4. സോഷ്യൽസർവ്വീസ് & ചാരിറ്റി | ശ്രീ. നന്ദകുമാർ. ടി | 9895836565 |
| 5. സൗഹൃദം | ശ്രീ. ശ്രീവല്ലഭൻ നായർ. എം | 9947736071 |
| 6. ഇ. സി. എഫ് | ശ്രീ. ശ്രീകുമാർ. എസ് | 9446517644 |
| 7. കുടുംബക്ഷേമം | ശ്രീമതി. മാലിനി. ആർ. മേനോൻ | 9447015649 |
| 8. നവരാത്രി | ശ്രീ. വേണുഗോപാൽ. കെ. ആർ | 9447022363 |
| 9. അംഗത്വപരിശോധന സമിതി | ശ്രീ. പി. ആർ. പ്രഭാകരൻ നായർ | 9400604625 |
| 10. പരിസ്ഥിതി | ശ്രീ. കെ. വി. രാമചന്ദ്രൻ | 9446066309 |
| 11. വിമൺസ് ഫോറം | ശ്രീമതി. രാധാലക്ഷ്മി (ലക്ഷ്മി മോഹൻ) | 9447068757 |
| 12. പരാതി പരിഹാര സെൽ | അഡ്വ. മുരളീ പുരുഷോത്തമൻ | 9846153064 |
| 13. കഥകളി ക്ലബ്ബ് | ശ്രീമതി. ശശികല ദേവിദാസ് | 9847004827 |
| 14. ഹെൽത്ത് കമ്മിറ്റി | ഡോ. എ. പാർവ്വതി | 9447579402 |
| 15. സാംസ്കാരികം | ശ്രീ. രവി കുറ്റിക്കാട് | 9895637118 |
| 16. തൃക്കടക്കാപ്പിള്ളി ക്ഷേത്രം | ശ്രീ. ഗിരിജാ വല്ലഭൻ. പി | 9447818431 |
| 17. എഞ്ചിനിയേഴ്സ് ഫോറം | ശ്രീ. എൻ. വേണുഗോപാൽ | 9895238801 |
| 18. സാമ്പത്തിക ഉപദേശകസമിതി | ശ്രീ. കെ. റ്റി. മോഹനൻ | 9947134381 |
| 19. ആദ്ധ്യാത്മികം | ശ്രീമതി. എം. രാജലക്ഷ്മി | 9995158259 |
| 20. നിയമ ഉപദേശകസമിതി | അഡ്വ. ശ്യാംകുമാർ. സി. ആർ. | 9446565361 |

*എറണാകുളം കരയോഗം ഭരണസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി രൂപികരിച്ച ഉപസമിതികളും കൺവീനർമാരുടെ ഫോൺനമ്പരും. അംഗങ്ങൾ കൂടുതൽ സേവനത്തിന് ഉപസമിതി കൺവീനറുമായി നേരിട്ട് ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.*

## കലാസാംസ്കാരിക ക്ലാസ്സുകൾ

എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക

വിളിക്കേണ്ട നമ്പർ 0484 2361160

(Extn : 35,38)

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

ഓണമിങ്ങെത്തിയല്ലോ ? മാവേലിമന്നനെ എതിരേല്ക്കാൻ കൂട്ടുകാർ തയ്യാറായോ? കാലവർഷം പെയ്തൊഴിഞ്ഞു വിള കൊയ്യാൻ കർഷകർ കാത്തിരിക്കുന്ന വേളയാണ് ചിങ്ങമാസം എന്ന് കൊച്ചുകൂട്ടുകാർക്കറിയാമല്ലോ ? എവിടെയും സമൃദ്ധി. നിറഞ്ഞ തോടുകൾ, പുഴകൾ, കുളങ്ങൾ നനവാർന്ന ഭൂമി ആകപ്പാടെ എവിടെയും ഒരു ഗന്ധർവ്വലോകത്തിന്റെ പ്രതീതി. എല്ലാം ആസ്വദിക്കാൻ മറക്കരുതേ കൂട്ടുകാരെ.

'ഓണം വരാനൊരു മൂലം' എന്ന് പണ്ടുള്ള മുത്തശ്ശിമാർ പറയാറുണ്ട്. അതെത്ര വാസ്തവമാണെന്നു നോക്കൂ. മൂലം കഴിഞ്ഞാൽ പൂരാടം, ഉത്രാടം പിന്നെ തിരുവോണം എന്നാണ് ഇതുകൊണ്ടു ഉദ്ദേശിക്കുന്നത്. അതുപോലെ അത്തം പത്തോണം എന്നും കൂട്ടുകാർ കേട്ടിട്ടില്ലേ ? അത്തം തുടങ്ങി പത്താം ദിവസം തിരുവോണം എന്നർത്ഥം. അത്തം കറുത്താൽ ഓണം വെളുക്കും എന്ന് ഒരു ചൊല്ലുണ്ട്. അത്തം ദിവസം മഴയാണെങ്കിൽ തിരുവോണത്തിനു നല്ല തെളിമയായിരിക്കും. തിരുവോണത്തെപ്പറ്റി 'തിരുതകൃതി ഓണം'എന്ന് പറയാറുണ്ട്. പഴയകാലങ്ങളിൽ ഉത്രാടനാളിൽ കായ വറുക്കലും ഉപ്പിലിട്ടവ ഉണ്ടാക്കലുമായി വീടുകളിൽ തിരക്കായിരിക്കും. അകലെ നിന്നുള്ള ബന്ധുക്കളും സുഹൃത്തുക്കളും ഒത്തു ചേരുന്ന ഒരു സുദിനം എത്രമാത്രം സന്തോഷപ്രദമായിരിക്കും അല്ലെ കൂട്ടുകാരെ? മാത്രമോ?

ഓണക്കാലത്തു കുന്നുകളിലും പാടങ്ങളിലും പ്രകൃതി ധന്യമാക്കിയ പൂക്കളുടെ മനോഹരക്കാഴ്ചകൾ. നിറഞ്ഞൊഴുകുന്ന പുഴകൾ,കുളങ്ങൾ, തോടുകൾ ആകപ്പാടെ പ്രകൃതി അണിഞ്ഞൊരുങ്ങി നിൽക്കുന്ന കാഴ്ച ഓണപ്പൂവ്, ഓണനിലാവ്, ഓണക്കാഴ്ച, ഓണക്കളികൾ, ഓണക്കോടി, ഓണസദ്യ മാത്രമോ,കയ്യാങ്കളി, പന്തുകളി, വള്ളംകളി, കൈകൊട്ടിക്കളി, കുമ്മാട്ടിക്കളി, വില്ലുകൊട്ട് എന്നിങ്ങനെ പോവുന്നു ഓണവിശേഷങ്ങൾ. ''അമ്മാവൻ വന്നീലാ പത്തായം തുറന്നീല എന്തെന്റെ മാവേലി ഓണം വന്നേ അമ്മായി വന്നീലാ നെല്ലൊട്ടും പുഴുങ്ങീല എന്തെന്റെ മാവേലി ഓണം വന്നേ'' എന്നൊരു ഭാഗത്തു കേൾക്കുമ്പോൾ 'മഞ്ഞപ്പൂവേ പൂത്തിരുളേ നാളെക്കൊരു കുട്ട പൂത്തരുമോ, എന്നോടപ്പു ചോദിക്കേണ്ട കാക്കപ്പൂവൊടു ചോദിക്കൂ' എന്ന് മറ്റൊരു ഭാഗത്തു കേൾക്കാം.

ഓണനാളിൽ കൂട്ടുകാരൊത്തു പാടിക്കളിക്കാൻ ഇതാ ഒരു കുഞ്ഞു ഗാനം

ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചീല  
എന്തെന്റെ മാവേലി ഓണം വന്നു  
ചന്തക്കു പോയില്ല, നേന്ത്രക്ക വാങ്ങീല  
എന്തെന്റെ മാവേലി ഓണം വന്നു  
പന്തുകളിച്ചീല പന്തലുമിട്ടീല  
എന്തെന്റെ മാവേലി ഓണം വന്നു  
അമ്മാവൻ വന്നീലാ സമ്മാനം തന്നീല  
എന്തെന്റെ മാവേലി ഓണം വന്നു  
അച്ഛനും വന്നീലാ ആടകൾ തന്നീല  
എന്തെന്റെ മാവേലി ഓണം വന്നു

കുഞ്ഞേലി പെണ്ണിന്റെ മുഞ്ഞി കറുക്കുന്നു  
എന്തെന്റെ മാവേലി ഓണം വന്നു  
നങ്ങേലിപ്പെണ്ണിന്റെ അങ്ങേരും വന്നീലാ  
എന്തെന്റെ മാവേലി ഓണം വന്നു

(മാവേലിനാടു വാണീടും കാലം) എന്ന രീതിയിൽ ഈ കവിതയും ഒന്ന് കൂട്ടുകാർക്കൊപ്പം പാടി നോക്കൂ.

(ശേഷം 44-ാം പേജിൽ)

**വേദാന്ത പഠനക്ലാസ്സ്**

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**  
**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**  
**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





രാഗപരിചയം

# രഞ്ജിനി

ഡോ. ജയലക്ഷ്മി നന്ദകുമാർ

59–ാ മത്തെ മേളകർത്താ രാഗമായ ധർമ്മവതിയുടെ ജന്യരാഗമാണ് രഞ്ജിനി. ഇതൊരു ഹൃദ്യമായ രാഗമാണ്. 'സന്തോഷം പ്രദാനം ചെയ്യുന്നു' എന്നതാണ് രഞ്ജിനി എന്ന വാക്കിന്റെ അർത്ഥം.

ആരോഹണം : സ രി ഗ മ ധ സ  
അവരോഹണം : സ നി ധ മ ഗ സ  
സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, പ്രതിമദ്ധ്യമം, ചതു : ശ്രുതി ധൈവതം, കാകളി നിഷാദം

ആരോഹണത്തിൽ പഞ്ചമം, നിഷാദം എന്നീ സ്വരങ്ങളും അവരോഹണത്തിൽ പഞ്ചമം, രിഷഭം എന്നീ സ്വരങ്ങളും ഇല്ല. അതിനാൽ രഞ്ജിനി ഒരു ഔഡവ രാഗമാണ്.

ഈ രാഗത്തിനു സമാനമായി പറയാവുന്ന ഹിന്ദുസ്ഥാനി രാഗം ഇല്ല എന്നാണ് അറിവ്. സമ്മിശ്ര വികാരങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയുന്ന രാഗമാണിത്. ഉപയാഗിക്കുന്ന രീതിയനുസരിച്ച് കോപം, ഭക്തി, കരുണ, വീരം, സമർപ്പണം തുടങ്ങിയ ഭാവങ്ങൾ ഉളവാകുന്നതാണ്.

രാഗമാലിക, ശ്ലോകം, വിരുത്തം, ലളിതഗാനങ്ങൾ തുടങ്ങിയവയ്ക്ക് അനുയോജ്യമായ രാഗമാണ്. കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് രഞ്ജിനി കേൾക്കുന്നതിലൂടെ ആശ്വാസം ലഭിക്കുമെന്ന് സംഗീത ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവർ അഭിപ്രായപ്പെടുന്നു. തഞ്ചാവൂർ ശങ്കര അയ്യർ രചിച്ച നാലു രാഗങ്ങളിലായുള്ള ചതുർരഞ്ജിനി രാഗമാലിക രഞ്ജിനി രാഗത്തിലാണ് ആരംഭിക്കുന്നത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. ദുർമ്മാഗ്ഗചരാധർമ്മുലനു | – | രൂപകം | – ത്യാഗരാജസ്വാമി |
| 2. രഞ്ജിനി നിരഞ്ജനി | – | ആദി | – ജി. എൻ. ബാലസുബ്രഹ്മണ്യം |
| 3. ഭാവയാമി ശ്രീ ജാനകീനാഥം | – | ആദി | – സ്വാതി തിരുനാൾ |
| 4. പ്രണമാമ്യഹം | – | ത്രിപുട | – വാസുദേവാചാർ |
| 5. ശ്രീ ശബരീശൻ | – | ആദി | – തുളസീവനം രാമചന്ദ്രൻ നായർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. കണ്ണനെ കണ്ടേൻ സഖീ | – | – ചിലമ്പൊലി |
| 2. സ്വാതി തിരുനാളിൻ | – | – സപ്ത സ്വരങ്ങൾ |
| 3. രവിവർമ്മ ചിത്രത്തിൻ | – | – രാജു റഹിം |
| 4. ആദിയുഷസ്സിൽ | – | – മനുഷ്യൻ |
| 5. ചിറകറ്റു വീണു പിടയും | – | – അധരങ്ങൾ വിതുമ്പുന്നു |
| 6. മുത്തു പന്തലിൽ നത്തിന | – | – തോടി രാഗം |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ആഗസ്റ്റ് മാസം 12-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

വാസ്തു

# വടക്കു-കിഴക്കുമൂല ശ്രദ്ധിക്കണം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

അടുത്തിടെ ഒരു വീട് പരിശോധിച്ചപ്പോൾ ആ വീടിനെക്കുറിച്ച് പല വിധത്തിലുള്ള പ്രശ്നങ്ങളും കേൾക്കേണ്ടി വന്നു. ഇപ്പോൾ വീട് ഇരിക്കുന്നത് കൈമറിഞ്ഞ് മൂന്നാമത്തെ ഉടമസ്ഥന്റെ പക്കലാണ്. വീട് പണിതയാൾ താമസമാക്കി 6 മാസത്തിനകം കാര്യമായി രണ്ടപകടങ്ങൾ സംഭവിക്കുകയും വീട്ടുടമസ്ഥൻ കിടപ്പിലാകുകയും ചെയ്തു. രണ്ടാമത്തെ ആൾക്കും പല തരത്തിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടി വന്നതുകൊണ്ട് അയാൾക്ക് വീട് വില്ക്കേണ്ടി വന്നു. മൂന്നാമതു വാങ്ങിയ ആൾ അതായത് ഇപ്പോഴത്തെ വീടിന്റെ ഉടമസ്ഥൻ അയാൾക്കും പല തരത്തിലുള്ള അസുഖങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടുകളും, മറ്റു പല പ്രശ്നങ്ങളും കാരണം ജ്യോതിഷൻ പറഞ്ഞതനുസരിച്ച്, വീട് പൂട്ടിയിട്ട് അയാൾ വാടകവീട്ടിലേക്ക് മാറി താമസിച്ചു. അല്ലാത്തപക്ഷം ഏതെങ്കിലും തരത്തിലുള്ള ദുർമരണം സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് ജ്യോതിഷൻ പറഞ്ഞതനുസരിച്ചാണ് ഇപ്രകാരം ചെയ്തത്.

വീടിന്റെ പ്രധാന വാതിൽ കിഴക്കു തെക്കു ഭാഗത്താണ് റോഡ് തെക്കു ഭാഗത്തും, ഗേറ്റ് തെക്കു കിഴക്കു ഭാഗത്തും. അടുക്കള കിഴക്കാണ്. കിടപ്പു മുറികൾ പടിഞ്ഞാറ് തെക്കും, പടിഞ്ഞാറ് വടക്കും. വീടിന്റെ വടക്കു കിഴക്കു മൂല മുറിഞ്ഞു പോയിട്ടുണ്ട്. വടക്കു കിഴക്കേ മൂലയിൽ വടക്കും കിഴക്കും മതിലിനോടു ചേർന്ന് ടോയ്ലറ്റ്, സ്റ്റോർ റൂം, പട്ടിക്കൂട് എന്നിവ ഉണ്ട്. തെക്ക് റോഡാണെങ്കിലും, തെക്കോട്ട് ഇറങ്ങുന്നത് ശരിയല്ലെന്ന് പറഞ്ഞ് തെക്കു കിഴക്കേ മൂലയിൽ വരാന്ത കൊടുത്ത് അവിടെ നിന്നും കിഴക്കോട്ട് ഇറങ്ങി തെക്കോട്ട് പോകുന്നതാണ് പുറത്തേക്കുള്ള വഴി. തെക്ക് റോഡുണ്ടെങ്കിലും തെക്കോട്ട് ഇറങ്ങുന്നത് ശരിയല്ലെന്നുള്ള ധാരണയിൽ തെക്കു കിഴക്കേ മൂലയിലെ ഇറയത്തു നിന്നും കിഴക്കോട്ടാണ് ഇറങ്ങുന്നത്.

യാതൊരു കാരണവശാലും, വടക്ക് കിഴക്കേ മൂല അടച്ചു, ഒരു തരത്തിലുള്ള നിർമ്മാണങ്ങളും പാടുള്ളതല്ല. ആയതിനാൽ വടക്ക് കിഴക്കേ മൂലയിലുള്ള ടോയ്ലറ്റ്, സ്റ്റോർ റൂം, പട്ടിക്കൂട് എന്നിവ പൊളിച്ചു കളഞ്ഞ് അവിടെ ആ സ്ഥലം താഴ്ത്തി ഭൂമിയുടെ ലെവൽ ശരിയാക്കണം. കെട്ടിടത്തിന്റെ വടക്കു കിഴക്കേ മൂല മുറിഞ്ഞു പോയത് വടക്കും കിഴക്കും, തറ കെട്ടി യോജിപ്പിക്കണം. തെക്കു കിഴക്കേ മൂലയിലെ ഇറയത്തു നിന്നും ഇപ്പോൾ കിഴക്കോട്ട് ഇറങ്ങുന്നത് തെക്കോട്ട് ഇറങ്ങാൻ പാകത്തിന് ചവിട്ടുപടികെട്ടി ശരിയാക്കണം.

ഏതൊരു വീട്ടിലും, കിഴക്കോട്ട് ഇറങ്ങണമെങ്കിൽ ചവിട്ടു പടി കിഴക്ക്, വീടിന്റെ മദ്ധ്യത്തിന്റെ വടക്ക് ആയിരിക്കണം. ഒരിക്കലും, കിഴക്ക് തെക്ക് ഭാഗത്തുനിന്നും കിഴക്കോട്ട് ഇറങ്ങരുത്.

ഇപ്പോൾ ആ പറമ്പിലെ വെള്ളത്തിന്റെ നീരൊഴുക്ക് തെക്കോട്ടാണ്. ആയത് വടക്കോട്ടോ, കിഴക്കോട്ടോ, വടക്ക് - കിഴക്ക് മൂലയിലേക്കോ ആയിരിക്കണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## എൽഡർ സിറ്റിസൺസ് ഫോറം വാർഷികം

എറണാകുളം കരയോഗം എൽഡർസിറ്റിസൺ ഫോറത്തിന്റെ 20 -ാ മത് വാർഷികം 22.07.2018 ൽ കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി. കെ. മേനോൻ ഉത്ഘാടനം ചെയ്യുകയും ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് ഇ. സി. എഫ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. തന്റെ ആകാശപറക്കലിനിടെ ജീവൻ അപകടത്തിലായ ഒരു പിഞ്ചുകുഞ്ഞിന്റെ ജീവൻ സമയോചിതമായ ഇടപെടലിലൂടെ രക്ഷിച്ച ക്യാപ്റ്റൻ നിശാന്ത് നായരെ ചടങ്ങിൽ ആദരിച്ചു.





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**ചെറുശ്ശേരി**

കൃഷ്ണഗാഥയുടെ കർത്താവായ ചെറുശ്ശേരി മലയാള കാവ്യനഭസ്സിലെ ധ്രുവനക്ഷത്രമാണ്.

ഉത്തരകേരളത്തിലെ കുറുമ്പ്രനാട്ടു താലൂക്കിൽപ്പെട്ട വടകരയിലെ ചെറുശ്ശേരി ഇല്ലത്തു ജനിച്ച അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ച് വ്യക്തമായ ഒരു വിവരവും ലഭ്യമല്ല. എങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലം നിർണയിക്കാൻ കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മരാജാവിനെക്കുറിച്ചുള്ള പരാമർശം സഹായകവുമാവുന്നുണ്ട്. എ.ഡി. 1446 മുതൽ 1475 വരെയായിരുന്നു ഉദയവർമ്മയുടെ ഭരണകാലം. ഇത്തരുണത്തിൽ കൃഷ്ണഗാഥയെക്കുറിച്ചുള്ള ഒരൈതിഹ്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഉദയവർമ്മ കോലത്തിരി ഒരിക്കൽ ചെറുശ്ശേരിയുമൊത്ത് ചതുരംഗം കളിക്കാനിരുന്നു. അടുത്ത് ഒരു തൊട്ടിലിൽ കുട്ടിയെ കിടത്തി ആട്ടിക്കൊണ്ടിരുന്ന രാജപത്നിയുടെ കണ്ണു രണ്ടും ചതുരംഗക്കളത്തിലായിരുന്നു. രാജാവ് തോൽക്കുമെന്ന മട്ടായി. രാജപത്നി അതുമനസ്സിലാക്കി. കളിയിലാണെങ്കിലും രാജാവു തോൽക്കുന്നകാര്യം അവർക്കു ചിന്തിക്കാൻ പോലുമായില്ല. പെട്ടെന്ന് അവർക്ക് ഒരുപായം തോന്നി. ''ഉന്തുന്തു ന്തുന്തു ന്തുന്തു ന്തുന്തു ന്തുന്തു ന്തു ന്തുന്തു ന്തുന്തു ന്തുന്തു ന്താളെ യുന്ത്, '' എന്ന് താരാട്ടിലൂടെ അവർ സൂചന നൽകി. ഗാഥയുടെ വൃത്തത്തിലായിരുന്നു ഈ താരാട്ട്.ഈ സൂചന മനസ്സിലാക്കിയ രാജാവ് ആളിനെ ഉന്തിയപ്പോൾ എതിരാളി അടിയറവുപറയുകയും ചെയ്തു. സന്തുഷ്ടനായ ഉദയവർമ്മ ആ താരാട്ടിന്റെ ശൈലിയിൽ ഭാഗവതം ദശമസ്കന്ധം കഥ എഴുതുവാൻ ചെറുശ്ശേരിയോട് ആജ്ഞാപിച്ചു. അതനുസരിച്ച് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചു എന്നാണ് ഐതിഹ്യം.കൃഷ്ണഗാഥ മലയാളത്തിലെ ഏറ്റവും സരളമധുരമായ ഒരു കാവ്യമാണ്. ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണ് ഇതിലെ പ്രതിപാദ്യം. സംസ്കൃത പരിജ്ഞാനമില്ലാത്ത സാധാരണക്കാർക്ക് കൃഷ്ണഗാഥ വായിച്ചാൽ പീയൂഷപാനത്തിന്റെ സുഖാനുഭൂതി ലഭിക്കുമെന്നുറപ്പ്. കൃഷ്ണഗാഥയുടെ ശൈലി (മഞ്ജരി വൃത്തം) ആധുനിക കവികളെ കുറച്ചൊന്നുമല്ല സ്വാധീനി ച്ചിട്ടുള്ളത്.

**(6)ചട്ടമ്പിസ്വാമികൾ**

പാരതന്ത്ര്യമനുഭവിച്ചിരുന്ന അബ്രാഹ്മണ സമൂഹത്തെ തന്റെ മേധാശക്തികൊണ്ട് സ്വതന്ത്രമാക്കിയ ആത്മീയചിന്തകനായിരുന്നു ചട്ടമ്പിസ്വാമികൾ. വേദാന്തികൾക്കു വേദാന്തത്തിലൂടെയും ലൗകികന്മാർക്കു ലോക നീതികളിലൂടെയും കുട്ടികൾക്ക് ലീലാവിനോദങ്ങളിലൂടെയും അദ്ദേഹം ആദ്ധ്യാത്മകതയിലേക്കു വഴികാട്ടി. എ.ഡി. 1853 ൽ തിരുവനന്തപുരത്തെ കണ്ണമ്മൂല എന്ന പ്രദേശത്ത് കൊല്ലൂർ എന്ന ഗ്രാമത്തിലാണ് സ്വാമി തിരുവടികൾ ഭൂജാതനായത്. വേണിയത്ത് എന്നായിരുന്നു തറവാട്ടുപേര് . വാസുദേവശർമ്മയുടെയും നങ്ങമ്മപ്പിള്ളയുടെയും പ്രഥമസന്താനമായ സ്വാമിക്ക് കുഞ്ഞൻ എന്ന് മാതാപിതാക്കൾ പേരു നൽകി. അയ്യപ്പൻ എന്ന വിളിപ്പേരുമുണ്ടായിരുന്നു. ദാരിദ്ര്യം കുഞ്ഞന്റെ വിദ്യാഭ്യാസത്തിനു വിഘാതമായി. എട്ടുവയസ്സുവരെ അക്ഷര ജ്ഞാനം പോലുമില്ലായിരുന്നു. ആദ്യാക്ഷരം കുറിച്ചുകൊടുത്ത് പിതാവ് കുഞ്ഞന്റെ ഗുരുനാഥനായി. അയൽ ഗൃഹങ്ങളിലെ കുട്ടികൾ പാഠശാലകളിൽ പോയി വരുന്നത് ബാലനായ കുഞ്ഞന്റെ ശ്രദ്ധയിൽപ്പെട്ടു. അവരുടെ എഴുത്തോലകൾ വാങ്ങിനോക്കി കുഞ്ഞൻ സ്വയം വിദ്യ അഭ്യസിച്ചു. പൂർവ്വജന്മവാസനയുണ്ടായിരുന്നതിനാൽ കുഞ്ഞന് അതിവേഗം പാഠങ്ങൾ ഗ്രഹിക്കാനായി. കൊല്ലൂർ ദേവീക്ഷേത്രത്തിൽ നിത്യദർശനം നടത്തിപ്പോന്ന ബാലൻ ദേവിക്കു ചാർത്താനാവശ്യമായ മാലകൾ കെട്ടിക്കൊടുത്തു പോന്നു. തൊട്ടടുത്തുള്ള ശാസ്താക്ഷേത്രത്തിലും മാലകെട്ടിക്കൊടുത്തിരുന്നത് കുഞ്ഞനായിരുന്നു. ഇപ്രകാരം ബാല്യത്തിൽ തന്നെ കുഞ്ഞന്റെ മനസ്സിൽ ഭക്തിയുറച്ചു. ഒരുനാൾ പരദേശിയായ ഒരു സന്യാസിവര്യനെ കണ്ടുമുട്ടി. പ്രഥമദൃഷ്ടിയിൽത്തന്നെ കുഞ്ഞനിലെ ആദ്ധ്യാത്മിക ചൈതന്യം തിരിച്ചറിഞ്ഞ സന്യാസി ബാലന് 'ബാലാസുബ്രഹ്മണ്യമന്ത്രം' ഉപദേശിച്ചു കൊടുത്തു. ഈ മന്ത്ര

സാധനയിലൂടെ ആത്മജ്ഞാനം നേടുക എന്നനുഗ്രഹിക്കുകയും ചെയ്തു. (പിൽക്കാ ലത്ത് ഇതേ മന്ത്രമാണ് ചട്ടമ്പിസ്വാമികൾ തന്റെ പ്രിയശിഷ്യന്മാരായ ശ്രീനാരായണ ഗുരു, നീലകണ്ഠതീർത്ഥപാദർ തുടങ്ങിയവർക്ക് ഉപദേശിച്ചു കൊടുത്തത്.)അതിനിടെ കുഞ്ഞന് ഒരു ചർമ്മരോഗം പിടിപെട്ടു. മാതാവിന്റെ പ്രാർത്ഥനയനുസരിച്ച് കൊല്ലൂരമ്മയുടെ നടയിൽ നാൽപത്തൊന്നു ദിവസം കുഞ്ഞൻ ഭജനം പാർത്തു. പൂർണ്ണസുഖം നേടിയതോടെ ഈശ്വരഭജനം ഏതു ദുഃഖത്തിനും പരിഹാര മാണെന്ന് അദ്ദേഹത്തിനുറപ്പായി. ഈ കാലഘട്ടത്തിൽ വേദാന്തിയും സംസ്കൃത പണ്ഡിതനുമായ പേട്ടയിൽ രാമൻ പിളളയാശാന്റെ പളളിക്കൂടത്തിൽ പഠിക്കാൻ അവസരം കിട്ടി. അവിടെനിന്ന് കണക്കിലും സംഗീതത്തിലും തമിഴ്ഭാഷയിലും ജ്ഞാനം നേടി. സമർത്ഥനായ വിദ്യാർത്ഥിയായിരുന്നതിനാൽ കുഞ്ഞൻ രാമൻപിളളയാശാന്റെ പ്രത്യേക പ്രീതിക്കു പാത്രമായി. അദ്ദേഹം കുഞ്ഞനെ പാഠശാലയിലെ 'ചട്ടമ്പി' (ചട്ടത്തെ അമ്പുന്നവൻ എന്നു വെച്ചാൽ ക്ലാസ്സ് ലീഡർ) യായി നിയമിച്ചു. ഗുരുനാഥൻ കൽപ്പിച്ചു നൽകിയ ഈ സ്ഥാനപ്പേര് ശിഷ്യന്റെ ജീവിതത്തിലാകെ നിറഞ്ഞുനിന്നു. പളളിക്കൂടത്തിനടുത്ത്, ശാസ്താക്ഷേത്രത്തിനു കിഴക്കുമാറി ഒരു ശിവലിംഗമുണ്ടായിരുന്നു. പഠനത്തിനിടെ കിട്ടിയ ഇടവേളകളിൽ ഈ ശിവലിംഗത്തിനടുത്തിരുന്ന് കുഞ്ഞൻ ഏകാന്തധ്യാനം ശീലിക്കാൻ തുടങ്ങി. മനസ്സിന്റെ ഏകാഗ്രതക്ക് ഇത് ഏറെ ഗുണം ചെയ്തു. പതിനാറുവയസ്സു തികഞ്ഞപ്പോഴേക്കും കുഞ്ഞന് കുടുംബ പ്രാരബ്ധങ്ങൾ ഏറ്റെടുക്കേണ്ടിവന്നു. കൂലിവേല ചെയ്തു. പാടത്തു കിളക്കാൻ പോയി. കിട്ടിയ പണം കൊണ്ട് കുടുംബാംഗങ്ങളെ സംരക്ഷിച്ചു. ഇതിനിടെ ഒരുൾവിളിയുണ്ടായപ്പോൾ അദ്ദേഹം ദേശാടനത്തിനിറങ്ങി. തിരുപ്പതി, മൂകാംബിക, കാഞ്ചീപുരം തിരുപ്പറം കുൻഡ്രം, രാമേശ്വരം, ചിദംബരം മുതലായ ക്ഷേത്രങ്ങൾ സന്ദർശിച്ചു. ദക്ഷിണഭാരതമൊട്ടാകെ അദ്ദേഹം ചുറ്റിക്കറങ്ങി. ഈ യാത്രയിൽ ഒട്ടേറെ വിദ്വാന്മാരുമായും യോഗികളുമായും സമ്പർക്കം പുലർത്തി. ഒട്ടനവധി പ്രഭാഷണങ്ങൾ ശ്രവിച്ചു. ശാസ്ത്രങ്ങൾ, വേദവേദാംഗങ്ങൾ, ഉപനിഷത്തുകൾ, തർക്കശാസ്ത്രം, മന്ത്രശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അഗാധമായ ജ്ഞാനം നേടി. അതിനിടെ ഒരു തങ്ങളുമായി സൗഹൃദവും സ്ഥാപിച്ചു ഇസ്ലാംമത തത്വങ്ങൾ പഠിച്ചെടുക്കാൻ ഈ സൗഹൃദം സഹായകമായി.ഏതാനും നാളുകൾ കഴിഞ്ഞു. അതിനിടെ മരുത്വാമലയും പരിസരവും കുഞ്ഞന്റെ ശ്രദ്ധയാകർഷിച്ചു. കൂടെക്കൂടെ മലകയറി അവിടെയുള്ള ഒരു ഗുഹയിൽ ഏകാന്തധ്യാനമനുഷ്ഠിക്കുക അദ്ദേഹത്തിന്റെ ശീലമായി. ഈ ഘട്ടത്തിലാണ് കുമാരവേലു (ആത്മാനന്ദസ്വാമികൾ) എന്ന സന്യാസിയെ കണ്ടുമുട്ടിയത്. അദ്ദേഹത്തിൽ നിന്നു യോഗാഭ്യാസമുറകളും മർമ്മശാസ്ത്രവും വശമാക്കി. ഒരു വ്യാഴവട്ടക്കാലം ഇപ്രകാരം കടന്നുപോയി. തിരുവനന്തപുരത്തു മടങ്ങിയെത്തിയ കുഞ്ഞൻ സന്യാസജീവിതം നയിക്കാൻ തുടങ്ങി. മാതാവിന്റെ മരണസമയത്ത് അടുത്തുണ്ടാവാൻ അദ്ദേഹത്തിനു സാധിച്ചു. അമ്മയുടെ അന്ത്യകർമ്മങ്ങൾ കഴിഞ്ഞപ്പോൾ കുഞ്ഞൻ വീണ്ടും തീർത്ഥാടനത്തിനിറങ്ങി.

ഈ യാത്രക്കിടെ അജ്ഞാതനായ ഒരു സിദ്ധനെ കണ്ടു. പ്രാകൃതരൂപിയെങ്കിലും അദ്ദേഹത്തിനുചുറ്റും ദൈവികമായൊരു പരിവേഷമുണ്ടായിരുന്നത് കുഞ്ഞൻ ശ്രദ്ധിച്ചു. സന്യാസി കുറെനേരം കുഞ്ഞന്റെ കണ്ണുകളിലേക്കുതന്നെ നോക്കി ഇരുന്നു. പിന്നെ കുഞ്ഞന്റെ ഭൂമദ്ധ്യത്തിൽ ചൂണ്ടുവിരൽ അമർത്തിപ്പിടിച്ചുകൊണ്ട് ചെവിയിൽ മഹാവാക്യ തത്വമോതി. പെട്ടെന്ന് ഒന്നുമുരിയാടാതെ സന്യാസി നടന്നു മറഞ്ഞു. ഈ അസുലഭമുഹൂർത്തം കുഞ്ഞന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. അദ്ദേഹം സർവ്വസംഗപരിത്യാഗിയായി നാട്ടിൽ മടങ്ങിയെത്തി. കുഞ്ഞൻപിളള എന്ന കുഞ്ഞനിൽ നിറഞ്ഞുനിന്ന ആദ്ധ്യാത്മികചൈതന്യം ആളുകൾ തിരിച്ചറിഞ്ഞു. അവർ അദ്ദേഹത്തെ വിദ്യാധിരാജൻ എന്നും ചട്ടമ്പിസ്വാമികൾ എന്നും സംബോധന ചെയ്യാൻ തുടങ്ങി. അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾക്ക് അനവധി ശ്രോതാക്കളുണ്ടായി. സമൂഹത്തിലെ അനാചാരങ്ങളെക്കുറിച്ച് അദ്ദേഹം ജനങ്ങളെ ബോധവാന്മാരാക്കി. അന്ധവിശ്വാസങ്ങൾ പുരോഗമനത്തിന്റെ വഴിയിൽ തടസ്സം സൃഷ്ടിക്കുമെന്നും വിദ്യകൊണ്ടുമാത്രമേ ചിന്തകൾ വികസിക്കൂവെന്നും അദ്ദേഹം അവരെ ബോദ്ധ്യപ്പെടുത്തി. വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ പേരും പ്രശസ്തിയും നാടെങ്ങും പരന്നു. നിരവധിയാളുകൾ അദ്ദേഹത്തെ തേടിയെത്തി. അനുദിനം അനുയായികളുടെ എണ്ണം വർദ്ധിച്ചുവന്നു. അവരിൽ ചിലർ സന്യാസികളായിരുന്നു. സന്യാസം സ്വീകരിക്കാത്ത ഒട്ടേറെപ്പേരും ചട്ടമ്പിസ്വാമികളുടെ ശിഷ്യഗണത്തിലുൾപ്പെട്ടിരുന്നു. സന്യാസികളായ ശ്രീനാരായണ ഗുരു, ശ്രീനീലകണ്ഠതീർത്ഥപാദ സ്വാമികൾ, ശ്രീതീർത്ഥപാദപരമഹംസ സ്വാമികൾ, എന്നിവരായിരുന്നു ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരിൽ പ്രമുഖർ .സന്യാസിയായിരുന്നെങ്കിലും ചട്ടമ്പി സ്വാമികൾ സമൂഹത്തോടു കടപ്പാടും പ്രതിബദ്ധതയും പുലർത്തി. വർണവിവേചനത്തിനെതിരെ അദ്ദേഹം ശബ്ദമുയർത്തി. ഹൈന്ദവസമൂഹത്തെ ജീർണ്ണത



കരയോഗ സൗഹൃദം
1193 കർക്കിടകം

യിൽ നിന്നുദ്ധരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. മഹാജ്ഞാനിയും ഗവേഷകനുമായ ചട്ടമ്പിസ്വാമികൾ ചരിത്രം, ഭാഷ, മതം, വേദേതിഹാസങ്ങൾ, സംസ്കാരം തുടങ്ങിയ മേഖലകളിൽ പഠനം നടത്തി. അദ്ദേഹം രചിച്ച 'പ്രാചീനമലയാളം' കേരള ചരിത്രത്തെക്കുറിച്ചുളള ആധികാരിക ഗ്രന്ഥമാണ്. പരശുരാമൻ കേരളത്തിൽ വന്നിട്ടില്ലെന്നും അതിനാൽ കേരളഭൂമിക്ക് പരശുരാമനുമായി ബന്ധമില്ലെന്നും ഈ ഗ്രന്ഥത്തിൽ അദ്ദേഹം ദൃഢമായി പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിലെ നായർ സമൂഹത്തെക്കുറിച്ച് വിശദമായ ഒരു പ്രതിപാദ്യം ഈ ഗ്രന്ഥത്തിൽ കാണാം. മതപരമായി അദ്ദേഹം നടത്തിയ ഗവേഷണങ്ങളും പ്രാധാന്യമർഹിക്കുന്നു. അതിന്റെ അനന്തരഫലമായി ക്രിസ്തുമതഛേദനം, ക്രിസ്തു മതസാരം, സർവ്വമത സാരസ്വം തുടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. വേദപഠനവും ഈ മേഖലയിൽ നടത്തിയ ഗവേഷണവും ആധാരമാക്കി ചട്ടമ്പിസ്വാമികൾ രചിച്ച രണ്ടുഗ്രന്ഥങ്ങളാണ് വേദാധികാരനിരൂപണവും അദ്വൈത ചിന്താപദ്ധതിയും.ചട്ടമ്പിസ്വാമികൾക്ക് സംഗീതത്തിലും ആയുർവേദത്തിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു.എറണാകുളത്തുവെച്ച് ചട്ടമ്പിസ്വാമിയും സ്വാമിവിവേകാനന്ദനും തമ്മിലുളള കൂടിക്കാഴ്ചയെ കുറിച്ചു പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

ബംഗാളിൽനിന്നു പുറപ്പെട്ട് പല പല നാടുകൾ ചുറ്റി പല പല സന്യാസിമാരെയും യോഗികളെയും കണ്ട് തൃശ്ശൂർ വഴി എറണാകുളത്തെത്തിയപ്പോഴാണ് സ്വാമി വിവേകാനന്ദൻ ചട്ടമ്പിസ്വാമികളെ കണ്ടുമുട്ടിയത്. ചിൻമുദ്രയിലൂടെ ആത്മബോധമുണർത്തുന്ന വിദ്യയെക്കുറിച്ചുളള തന്റെ സംശയത്തിനു മറുപടി തേടി പലരെയും സമീപിച്ചുവെങ്കിലും തൃപ്തികരമായ ഒരു മറുപടി കിട്ടാത്തതിലുളള തന്റെ നിരാശ അദ്ദേഹം മറച്ചു വെച്ചില്ല. ചട്ടമ്പിസ്വാമിക്കു യാതൊരു സംശയവുമുണ്ടായില്ല. ചിൻമുദ്രയിലൂടെ തലച്ചോറിലേക്കു പ്രവഹിക്കുന്ന തരംഗങ്ങൾ യോഗിയുടെ ആറാമിന്ദ്രിയത്തെ ഉണർത്തുന്നതെങ്ങനെ എന്നദ്ദേഹം വിശദീകരിച്ചു കൊടുത്തു. വിവേകാനന്ദൻ സന്തുഷ്ടനായി. ''ഇപ്പോഴിതാ എന്റെ എല്ലാ സംശയവും തീർന്നിരിക്കുന്നു'' എന്നു പറഞ്ഞു കൊണ്ട് അദ്ദേഹം ചട്ടമ്പിസ്വാമിയെ വണങ്ങി. ''ഭാരതത്തിൽ ഒരേയൊരു സന്യാസിയെ മാത്രമേ എനിക്കു കാണാൻ കഴിഞ്ഞുളളൂ. അത് സർവ്വഥാ സമ്പൂർണ്ണനായ കുഞ്ഞൻപിളള ചട്ടമ്പിയാണ്,'' കേരളത്തോടു വിടവാങ്ങുമ്പോൾ സ്വാമി വിവേകാനന്ദൻ പറഞ്ഞു!ചട്ടമ്പി സ്വാമികൾക്ക് സ്വാമിവിവേകാനന്ദനോട് അങ്ങേയറ്റം ആദരവും ഭക്തിയുമുണ്ടായിരുന്നു. കണ്ണിന് ഒമ്പതു ഗുണങ്ങൾ ശാസ്ത്രീയമായിട്ടുണ്ടെന്നും അവ ഒമ്പതും തികഞ്ഞ കണ്ണുകൾ വിവേകാനന്ദസ്വാമികൾക്കല്ലാതെ മറ്റാർക്കും കണ്ടിട്ടില്ലെന്നും ചട്ടമ്പി സ്വാമികൾ പറഞ്ഞു. ചട്ടമ്പി സ്വാമികൾ ഒട്ടേറെ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. മലയാളമണ്ണിൽ വലുതായൊരു സാമൂഹ്യപരിവർത്തനത്തിനും നവോത്ഥാനത്തിനും വഴിതെളിച്ച സംതൃപ്തിയുമായി എ.ഡി. 1924 മെയ് മാസം അഞ്ചാം തീയതി വിദ്യാധിരാജാ ചട്ടമ്പിസ്വാമികൾ എന്ന മഹാത്മാവ് ബ്രഹ്മപദം പൂകി.

**(7)ശ്രീനാരായണഗുരുദേവൻ**

ജാതിഭേദവും മതദ്വേഷവുമില്ലാത്ത ഒരു ലോകം! അവിടെ സഹോദരങ്ങളായി വാഴുന്ന മനുഷ്യർ! ഇങ്ങിനെ സ്വപ്നം കാണുകയും ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത മഹാത്മാവായിരുന്നു, ശ്രീനാരായണഗുരുദേവൻ! ദാർശനികൻ, അദ്വൈതാചാര്യൻ, നവോത്ഥാന നായകൻ, കർമ്മയോഗി, മനുഷ്യസ്നേഹി എന്നീ നിലകളിൽ ചരിത്രം അദ്ദേഹത്തെ വാഴ്ത്തുന്നു.

കേരളത്തിൽ ജാതിവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന കാലഘട്ടം! പ്രാകൃതമായ ആചാര ങ്ങളും അയിത്തവും അന്ധവിശ്വാസങ്ങളും കൊടികുത്തി വാണിരുന്ന സമൂഹം! ഇത്തരമൊരന്തരീക്ഷത്തിൽ തിരുവനന്തപുരത്തെ ചെമ്പഴന്തി ഗ്രാമത്തിലെ വയൽവാരത്തുവീട് എന്നു പേരുളള ഭേദപ്പെട്ട ഒരീഴവഭവനത്തിൽ എ.ഡി. 1856 ലാണ് ശ്രീനാരായണഗുരു അവതരിച്ചത്. സംസ്കൃതത്തിൽ സാമാന്യപരിജ്ഞാനമുണ്ടായിരുന്ന മാടനാശാനും, പുരാണങ്ങളുമായി നല്ല പരിചയം നേടിയിരുന്ന കുട്ടി എന്ന സ്ത്രീരത്നവുമായിരുന്നു ശ്രീനാരായണ ഗുരുവിനു ജന്മം നൽകാൻ ഭാഗ്യം സിദ്ധിച്ച മാതാപിതാക്കൾ.അമ്മാവനായ കൃഷ്ണൻ വൈദ്യർ ജനസമ്മതനായ ഒരു വ്യക്തിയായിരുന്നു. സഹോദരിക്ക് ഉണ്ണിപിറന്നപ്പോൾ അദ്ദേഹം തന്റെ മാതുലനായ കൊച്ചനാശാനെ ഓർത്തുപോയി. പണ്ഡിതനും നിത്യബ്രഹ്മചാരിയും ഏവരുടെയും ആരാദ്ധ്യപുരുഷനുമായിരുന്നു കൊച്ചനാശാൻ.

കുട്ടിക്ക് ഒരുണ്ണിയുണ്ടായിക്കാണാൻ ഏറെ കൊതിച്ചിരുന്നു അമ്മാവൻ. ഉണ്ണിയുണ്ടായപ്പോഴിതാ അമ്മാവനില്ല. ഈശ്വരൻ അദ്ദേഹത്തെ വിളിച്ചു കൊണ്ടുപോയിക്കഴിഞ്ഞല്ലോ. എങ്കിലും മുഹൂർത്തം വെച്ചു നോക്കുമ്പോൾ കുട്ടിക്കുണ്ടായ ഉണ്ണി അമ്മാവനെക്കാൾ കേമനാവും എന്നാണ്! കൃഷ്ണൻ വൈദ്യർ ഈ വിധത്തിലാണ് ചിന്തിച്ചത്. അതിൽ അൽഭുതപ്പെടേണ്ട കാര്യമില്ലെന്നു മാടനാശാനും തോന്നി. 'ജനിച്ചയുടൻ സാധാരണ ശിശുക്കളെപോലെ കരഞ്ഞില്ല എന്റെ ഉണ്ണി. കൈകാലുകൾ ഇളക്കി ശാന്തനായി കിടന്നതേയുള്ളൂ. എന്തൊരു ചൈതന്യമാണാ മുഖ

ത്തിന്!' മാടനാശാൻ തന്റെ തോന്നലുകൾ ഭാര്യാസഹോദരനുമായി പങ്കുവെച്ചു. ഉണ്ണി ഒരു സാത്വികജന്മം തന്നെ എന്നുറപ്പിച്ച കൃഷ്ണൻ വൈദ്യൻ ശിശുവിന് നാരായണൻ എന്നു പേരിട്ടു. അതു ചുരുക്കി നാണു എന്നു വിളിച്ചു പോന്നു.

നാണു ശൈശവത്തിൽത്തന്നെ അസാധാരണമായ ബുദ്ധിവൈഭവം പ്രകടമാക്കി. അതിനാൽ ബാല്യകാലത്തുതന്നെ സ്വതന്ത്രമായ ചിന്താഗതികൾ രൂപപ്പെട്ടു. ജന്മനാ അഗാധവും സുശക്തവുമായ മനുഷ്യത്വത്തിന്റെ ഉറവിടമായിരുന്നു നാണുവിന്റെ മനസ്സ്. സാത്വികപ്രകൃതിയും വെളുത്ത ശരീരവും സുന്ദരമായ രൂപവും നാണുവിന് ഏറെ ആരാധകരെ നേടിക്കൊടുത്തു. സഹപാഠികൾ മാത്രമല്ല അദ്ധ്യാപകർ പോലും നാണുവിനെ ആദരിച്ചു. സമൂഹത്തെ നിരന്തരമായി നിരീക്ഷിച്ചുപോന്ന ബാലന് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ലംഘിക്കാനുള്ള വാസനയുണ്ടായി. നാണുവിൽ പ്രകടമായ മറ്റൊരു സ്വഭാവവിശേഷത്തെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്. ഏകാന്തതയിലിരുന്നു ചിന്തിക്കുക; ധ്യാനിക്കുക; ഇതൊക്കെ നാണു ശീലിച്ചുപോന്നു. സത്യാന്വേഷണപരമായ ചിന്തയിൽ മുഴുകുന്ന ഈ പ്രകൃതം കണ്ട് മുതിർന്നവർ നെറ്റി ചുളിച്ചു. നാണുവിന് വിഷാദരോഗമുണ്ടോ എന്നു പോലും അവർ സംശയിച്ചു. അതിനിടെ നാണുവിന് സഞ്ചാരത്തിൽ താൽപ്പര്യമുദിച്ചു. വീട്ടുകാരുടെ സമ്മതത്തോടെ അദ്ദേഹം ദേശസഞ്ചാരത്തിനിറങ്ങി. നിരവധി ക്ഷേത്രങ്ങളും ഗ്രാമങ്ങളും സന്ദർശിച്ചു. ബന്ധുഗൃഹങ്ങളിൽ താമസിച്ചു. ഈ യാത്രക്കിടെ നാണു തമിഴ് ഭാഷ വശമാക്കി. പതിനാറുവയസ്സിനകം സംസ്കൃതത്തിലും മലയാളത്തിലും അഗാധമായ പാണ്ഡിത്യം നേടി. കരുനാഗപ്പള്ളിയിലായിരുന്നു ഉപരിപഠനം. അതിനിടയിൽ ഏകാന്തധ്യാനവും ക്ഷേത്രദർശനവും മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഗ്രന്ഥപാരായണം അദ്ദേഹത്തിന്റെ നിത്യശീലമായിരുന്നു. ഏവരോടും സമഭാവന പുലർത്താൻ അദ്ദേഹത്തിനു സാധിച്ചു. ദരിദ്രനോടും അധഃകൃതരോടും അദ്ദേഹത്തിനു പ്രത്യേകവാൽസല്യമുണ്ടായിരുന്നു.കരുനാഗപള്ളിയിലെ പഠനം പൂർത്തിയാക്കി നാട്ടിൽ മടങ്ങിയെത്തിയ നാണു അദ്ധ്യാപനവൃത്തിയിലേർപ്പെട്ടു. അതോടെ ആളുകൾ അദ്ദേഹത്തെ നാണുവാശാൻ എന്നു വിളിച്ചു തുടങ്ങി. മാസങ്ങൾ കടന്നുപോയി. ആത്മീയമായ ഒര സ്വാസ്ഥ്യം അദ്ദേഹത്തെ വീണ്ടും അലട്ടാൻ തുടങ്ങി. ഏകാന്തധ്യാനം നിത്യശീലമാക്കിയിരുന്ന അദ്ദേഹത്തിന് ധ്യാനാവസ്ഥയിലിരിക്കെ പലപ്പോഴായി ശിവൻ, സുബ്രഹ്മണ്യൻ, ഉണ്ണികൃഷ്ണൻ തുടങ്ങിയ ദേവന്മാരുടെ ദർശനം ലഭിച്ചു. ശാരീരികാദ്ധ്വാനം മനസ്സിനെ പവിത്രീകരിക്കാൻ ഉത്തമമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽ കാലിമേക്കാനും പാടത്തുപണിയെടുക്കാനും അദ്ദേഹം ഇഷ്ടപ്പെട്ടു. പൊതുവെ എല്ലാറ്റിനോടും നിസ്സംഗത പുലർത്തുന്ന നാണുവിന്റെ സ്വഭാവം വീട്ടുകാരെ വല്ലാതെ വിഷമിപ്പിച്ചു. വിവാഹം ഇതിനൊരു പരിഹാരമാകും എന്നു തോന്നിയ അവർ നാണുവിനുവേണ്ടി വധുവിനെ തേടാൻ തുടങ്ങി. അക്കാലത്ത് കല്ല്യാണത്തിന് വരന്റെ സാന്നിദ്ധ്യം ആവശ്യമില്ല. നിശ്ചിത മുഹൂർത്തത്തിൽ മുതിർന്നവർ വധൂഗൃഹത്തിൽ ചെന്ന് വധുവിനെ വരന്റെ ഗൃഹത്തിലേക്ക് കൂട്ടികൊണ്ടുപോകും. അനേക ദിവസങ്ങൾക്കു ശേഷമാവും വരനും വധുവും തമ്മിൽ കാണുക!

നാണുവിന്റെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. കൃഷ്ണൻ വൈദ്യരും മറ്റു ബന്ധുക്കളും ചെന്ന് വധുവിനെ വയൽവാരത്തുവീട്ടിലേക്കു കൂട്ടിക്കൊണ്ടു വന്നു. വിവരമറിഞ്ഞ നാണു അന്നുതന്നെ വീടിനോടു വിടപറഞ്ഞു. 'ലോകത്തിൽ ഓരോ വ്യക്തിയും ഓരോ ലക്ഷ്യത്തിനുവേണ്ടിയാണ് ജനിക്കുന്നത്. എനിക്കുമുണ്ട് ഒരു ലക്ഷ്യം. ഞാൻ എന്റെ ലക്ഷ്യത്തിലേക്കു യാത്രയാവുകയാണ്!' എന്നായിരുന്നു. അദ്ദേഹത്തിന്റെ യാത്രാമൊഴി. അവധൂതനായി അദ്ദേഹം ദേശാടനത്തിനിറങ്ങി. കേരളം, തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സ്ഥലങ്ങളിൽ ആദ്യം യാത്ര ചെയ്തു. ഈ യാത്രയിൽ ഷൺമുഖദാസൻ വിദ്യാധിരാജ ചട്ടമ്പിസ്വാമികളെ പരിചയപ്പെട്ടു. സ്വാമികൾ നാണുവിന് ബാലാസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ചു കൊടുത്ത് ശിഷ്യനായി സ്വീകരിച്ചു. സ്വാമികൾ മുഖാന്തിരം തൈക്കാട്ട് അയ്യാവ് എന്ന ഗുരുവിൻ കീഴിൽ യോഗവിദ്യയിൽ പരിശീലനം നേടി. ഇതിന്റെ പരിസമാപ്തിയിൽ നാണു മരുത്വാമലയിലെത്തി. അവിടെ ദിവസങ്ങളോളം തപസ്സനുഷ്ഠിച്ചു. ഏകാന്തമായ ഒരു ഗുഹയിലിരുന്ന് ധ്യാനം ചെയ്തു. ഇക്കാലത്ത് പച്ചിലയും വെള്ളവും മാത്രമായിരുന്നു ഭക്ഷണം പലദിവസവും പൂർണ്ണമായി ഉപവസിച്ചു. മിക്കവാറും ദിവസങ്ങളിൽ രണ്ടുപുലികൾ എവിടെ നിന്നോ വരികയും സ്വാമിക്കു കാവലിരിക്കുകയും പതിവായി. തന്റെ കൂട്ടുകാരായ ഈ പുലികളെക്കുറിച്ച് സ്വാമി പിൽക്കാലത്ത് പറഞ്ഞിട്ടുണ്ട്. ആഴ്ചകൾ കഴിഞ്ഞു. സ്വാമിയുടെ ശരീരം മെലിഞ്ഞു താടിയും മുടിയും വളർന്നു. അനുഗ്രഹീതമായ ഒരപൂർവ്വമുഹൂർത്തത്തിൽ അദ്ദേഹത്തിന് സത്യസാക്ഷാത്ക്കാരമുണ്ടായി. അതോടെ തപസ്സ് മതിയാക്കി പുറത്തേക്കിറങ്ങി. ആളുകൾ അദ്ദേഹത്തെ നാണുസ്വാമി എന്നു വിളിക്കാൻ തുടങ്ങി. നാണുസ്വാമിയുടെ സുഭാഷിതങ്ങൾക്കു ശ്രോതാക്കളുണ്ടായി. പരമ്പരയാസിദ്ധിച്ച വൈദ്യവിജ്ഞാനമുപയോഗിച്ച് അദ്ദേഹം രോഗികളെ സുഖപ്പെടുത്തി. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ദേശാടനത്തിനിറങ്ങി. ദക്ഷിണേന്ത്യയൊട്ടാകെയും സിലോണിലും പര്യടനം നടത്തി. ഒട്ടേറെ അനുയായികളെയും നേടി. ദേശാടനത്തിനിടെ അദ്ദേഹം അരുവിപ്പുറത്തെത്തി. നാണു സ്വാമി എത്തിയതറിഞ്ഞ് ഭക്തജനങ്ങൾ അരുവിപ്പുറത്തേക്കു പ്രവഹിച്ചു. അദ്ദേഹത്തിന്റെ വാക്കും കടാക്ഷവും കർമ്മവും തങ്ങൾക്ക് ആശ്വാസം പകരുന്നത് അവരറിഞ്ഞു. ശുഭ്രവസ്ത്രാവൃതനായ സ്വാമിക്കു ചുറ്റും ദൈവീകമായ ഒരു പരിവേഷമുണ്ടായിരുന്നു. കാലത്തിനൊത്ത് ആചാരങ്ങളും ആരാധനാസമ്പ്രദായങ്ങളും പരിഷ്കരിക്കേണ്ടതിനെക്കുറിച്ച് ഗുരുസ്വാമി അനുയായികളെ ഉദ്ബോധിപ്പിച്ചു.

1888-ാമാണ്ടിലെ ശിവരാത്രിനാൾ അദ്ദേഹം അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി. ബ്രാഹ്മണർക്കു മാത്രമേ അക്കാലത്ത് ക്ഷേത്ര പ്രതിഷ്ഠ നടത്താനും പൂജാദികർമ്മങ്ങൾ നടത്താനും അധികാരമുണ്ടായിരുന്നുള്ളൂ. അബ്രാഹ്മണനായ ഒരാൾ ക്ഷേത്രപ്രതിഷ്ഠ നടത്തിയത് ഏറെ വിമർശനങ്ങൾക്കു വഴിവെച്ചു. പണ്ഡിതർ ഈ പ്രവൃത്തിയെ ചോദ്യം ചെയ്തു.

'അതിന് നാം ഈഴവശിവനെയാണല്ലോ പ്രതിഷ്ഠിച്ചത്' എന്ന് സ്വാമി മറുപടി പറഞ്ഞതോടെ പണ്ഡിതന്മാർക്ക് ഉത്തരം മുട്ടി. ആ മുഹൂർത്തത്തിൽ തന്നെ സ്വാമി ക്ഷേത്രത്തിന്റെ മുദ്രാവാക്യം ഇങ്ങനെ വിളംബരം ചെയ്തു.

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെസർവ്വരും
സോദരത്വേന വാഴുന്ന
മാതൃകസ്ഥാനമാണിത്!'

ഒരു മാതൃകാലോകമായിരുന്നു സ്വാമിയുടെ സ്വപ്നം.

'സംഘടനകൊണ്ട് ശക്തരാകുവിൻ !

വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ!' എന്ന മഹാസന്ദേശം പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹം തന്റെ ജൈത്രയാത്രക്കു തുടക്കമിട്ടു. വർക്കലയിലും ശിവഗിരിയിലും ആശ്രമങ്ങൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വാക്കിൽനിന്നും കർമ്മത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട അനുയായികൾ 1903-ൽ ശ്രീനാരായണധർമ്മപരിപാലന യോഗത്തിനു രൂപം നൽകി. ഇതിനു മുൻകൈയെടുത്ത ഡോ. പി. പൽപ്പൂ പിന്നീട് ചരിത്രത്തിലിടം നേടുകയും ചെയ്തു. 1912 - ൽ ഗുരു ശിവഗിരിയിൽ മഠം പണിത് അവിടെ ശാരദാദേവിയെ പ്രതിഷ്ഠിച്ചു. അതിനോടകം എസ്.എൻ.ഡി.പി. യോഗവും സ്ഥാപിതമായി. ശാരദാ പ്രതിഷ്ഠക്കുശേഷം സ്വാമി ഒരു ശിഷ്യനെയും കൂട്ടി വടക്കൻ ദേശങ്ങളിലേക്കു യാത്ര തിരിച്ചു. പല സ്ഥലങ്ങളിലും തങ്ങി. പലവിധ സംസ്കാരങ്ങളിൽനിന്ന് ആത്മീയതത്വങ്ങളെ സ്വാംശീകരിച്ചു. ഋഷിതുല്യരായ കവികളെയും സാംസ്കാരികനായകന്മാരെയും സന്ദർശിച്ചു. യാത്ര അവസാനിച്ചത് കേരളത്തിലെ പെരിയാറിന്റെ തീരത്തായിരുന്നു. ആലുവാ പ്രദേശത്തിന്റെ പ്രകൃതിരമണീയത അദ്ദേഹത്തെ ആകർഷിച്ചു. 1914-ൽ പുഴയോരത്ത് അല്പം ഭൂമിവാങ്ങി അവിടെ ഒരു പർണ്ണശാലയും മഠവും സ്ഥാപിച്ചു. അതിന് അദ്വൈതാശ്രമം എന്ന പേരുനൽകി, മുറ്റത്ത് 'ഓം തത്സത്' എന്നൊരു വിജ്ഞാപനവും എഴുതി വെച്ചു. 'ഒരു ജാതി ഒരുമതം ഒരു ദൈവം!' ഓരോരുത്തർക്കും വെവ്വേറെ ജാതിയും മതവും ദൈവവുമില്ല എന്നർത്ഥം. ആശ്രമത്തോടുചേർന്ന് സ്വാമി ഒരു സംസ്കൃതപാഠശാലസ്ഥാപിച്ചു. ജാതി മതഭേദമെന്യേ ആർക്കും അവിടെ പ്രവേശനമുണ്ടായിരുന്നു. ഇപ്രകാരം സവർണ്ണ ഹിന്ദുക്കൾക്കിടയിലൊതുങ്ങിനിന്നിരുന്ന സംസ്കൃതഭാഷ അവർണ്ണർക്കും പഠിക്കാനുള്ള അവസരമുണ്ടായി. 1924-ൽ ആലുവ അദ്വൈതാശ്രമത്തിൽവെച്ച് ഒരു സർവ്വമതസമ്മേളനം നടന്നു. അക്കാലത്തു നില നിന്നിരുന്ന നിരർത്ഥകങ്ങളായ ചിലസാമൂഹ്യാചാരങ്ങൾ (കെട്ടുകല്ല്യാണം, തിരണ്ടുകല്ല്യാണം, പുടവകൊടകല്ല്യാണം, പുളികുടി, സപിണ്ഡി അടിയന്തിരം) സ്വാമി നിർത്തലാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാനം ക്ഷേത്ര സ്ഥാപനമായിരുന്നു. കേരളത്തിലെ വിവിധ ഭാഗങ്ങളിലായി അറുപതോളം ആരാധനാലയങ്ങളാണ് അദ്ദേഹം സ്ഥാപിച്ചത്. ശിവൻ, സുബ്രഹ്മണ്യൻ ദേവി തുടങ്ങിയ ദേവതകളെ പ്രതിഷ്ഠിച്ചു. തൃശ്ശൂർ കാരമുക്ക് ക്ഷേത്രത്തിൽ ദീപപ്രതിഷ്ഠനടത്തി. തദവസരത്തിൽ സ്വാമി ഭക്തജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം ഏറെ പ്രസ്ക്തമാണ് 'വെളിച്ചം പരക്കട്ടെ ! ഇരുട്ടാണ് ജീവിതത്തെ എന്നും അലട്ടുന്നത്. വെളിച്ചം വരുമ്പോൾ ഇരുട്ടു പൊയ്ക്കൊള്ളും. അപ്പോൾ ജീവിതം തെളിയും.വിദ്യയാണു വെളിച്ചം. മനുഷ്യമനസ്സുകളിലും ജീവിതത്തിലും വെളിച്ചം പരത്തുകയാവണം ക്ഷേത്രങ്ങളുടെ ലക്ഷ്യം.' പ്രസംഗം കേട്ട് ഉദ്ബുദ്ധരായ ഒട്ടേറെ യുവാക്കൾ സ്വാമിയുടെ അനുയായികളായി. 1921-ൽ മുരുക്കും പുഴയിൽ ഒരു 'പ്രഭ'യാണ് സ്വാമി പ്രതിഷ്ഠിച്ചത്. 1927-ൽ കളവങ്കോടത്ത് ഒരു നിലക്കണ്ണാടി പ്രതിഷ്ഠിച്ചു. ചില പണ്ഡിതന്മാർ ഈ നടപടിയെ പരിഹസിച്ചു. അവനവനിൽ തന്നെയുണ്ട് ദൈവം! എന്ന തത്വം മനസിലാക്കി കൊടുക്കുന്നതിനു വേണ്ടിയാണ് നിലക്കണ്ണാടി പ്രതിഷ്ഠിച്ചത് എന്നു സ്വാമി

മറുപടി നൽകി.

ഇത്തരുണത്തിൽ മഹാകവി കുമാരനാശാനെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്. മലയാളഭാഷയെ ക്ലാസിക് പദവിയിലേക്കുയർത്താൻ അടിത്തറ പാകിയവരിൽ മുൻശ്രേണിയെ അലങ്കരിക്കുന്ന കവിയാണ് കുമാരനാശാൻ. തന്റെ പതിനെട്ടാമത്തെ വയസ്സിൽ അദ്ദേഹം നാരായണ ഗുരുദേവനെ കണ്ടുമുട്ടി. അന്നദ്ദേഹം മഹാകവിയായിട്ടില്ല. സ്വാമിയുടെ സഹവാസം കുമാരുവിനു പ്രചോദനമേകി. അദ്ദേഹത്തിന്റെ പ്രതിഭ തെളിഞ്ഞു കത്തി. ദീർഘദർശിയായ ഗുരുദേവൻ കുമാരുവിനെ ഉപരിപഠനത്തിനയക്കാൻ തീർച്ചയാക്കി. ഈ ദൗത്യത്തിനായി ഡോക്ടർ പി.പൽപ്പുവിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ബാംഗ്ളൂരും കൽക്കട്ടയിലുമായി ഉപരിപഠനം പൂർത്തിയാക്കിയ കുമാരു 1900-ത്തിൽ നാട്ടിലേക്കു മടങ്ങി. എസ്.എൻ.ഡി.പി. യോഗത്തിന്റെ കാര്യദർശി സ്ഥാനമേറ്റെടുക്കാൻ ഏറ്റവും യോഗ്യൻ കുമാരു തന്നെ എന്ന് ഗുരുദേവൻ ഉറപ്പിച്ചു. അങ്ങനെ കുമാരു എന്ന ഓമനപ്പേരുള്ള കുമാരൻ പുതിയ ചുമതല ഏറ്റെടുത്തു. 1919 വരെ അദ്ദേഹം എസ്.എൻ.ഡി.പി. യുടെ കാര്യദർശി എന്ന നിലക്ക് സ്തുത്യർഹമായ സേവനം കാഴ്ചവെക്കുകയും ചെയ്തു.

1916-ൽ നാരായണ ഗുരുസ്വാമി തിരുവണ്ണാമലൈയിൽ ചെന്നു രമണ മഹർഷിയെ സന്ദർശിച്ചു. അസുലഭമായ ഈ കൂടിക്കാഴ്ചയെക്കുറിച്ച് പിന്നീട് ഗുരുദേവൻ പലകുറി അനുസ്മരിച്ചിട്ടുണ്ട്. ശിവഗിരിയിലെ നവോത്ഥാനനായകനായ സന്യാസിയെ ക്കുറിച്ച് ഭാരതമൊട്ടാകെ ഖ്യാതി പരന്നു. മഹാത്മാ ഗാന്ധി, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയ അഖിലേന്ത്യാനേതാക്കൾ ശിവഗിരിയിലെത്തി സ്വാമിയെ വന്ദിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമര വേദികളിൽ മഹാത്മാഗാന്ധി നാരായണഗുരുദേവന്റെ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചു. രവീന്ദ്രനാഥ ടാഗോർ ശാന്തിനികേതനിലെ വിദ്യാർത്ഥികൾക്കുമുമ്പിൽ മാതൃകാചാര്യനായി അവതരിപ്പിച്ചതും കേരളത്തിലെ ശ്രീനാരായണ ഗുരുദേവനെയായിരുന്നു. നിരന്തരമായ യാത്രകൾ സ്വാമിയുടെ ആരോഗ്യത്തെ ബാധിച്ചു. രോഗാവസ്ഥയിലും അദ്ദേഹം കർമ്മ നിരതനായിരുന്നു. സംസ്കൃതത്തിലും മലയാളത്തിലുമായി അദ്ദേഹം നിരവധി കൃതികളെഴുതി. മുനിചര്യാപഞ്ചകം, നിർവൃതിപഞ്ചകം, വിനായകാഷ്ടകം, ബാഹുലേയാഷ്ടകം, സുബ്രഹ്മണ്യ കീർത്തനം, ഭദ്രകാള്യഷ്ടകം, ചിദംബരാഷ്ടകം, ശിവശതകം, വൈരാഗ്യദശകം, ചിജ്ജഡചിന്തനം, കുണ്ഡലിനിപ്പാട്ട്, കാളീനാടകം തുടങ്ങിയ കൃതികൾ ഭക്തിയുടെ ഉദാത്തഭാവങ്ങളെ വെളിപ്പെടുത്തുന്നവയാണ്.

തമിഴിലെ പൗരാണികകൃതിയായ തിരുക്കുറൽ സ്വാമി മലയാളത്തിലേക്കു മൊഴിമാറ്റം ചെയ്തു. സംസ്കൃതത്തിന്റെ സ്വാധീനത്തിൽ നിന്നു തികച്ചും മുക്തമായി സ്വാമി രചിച്ച 'ആത്മോപദേശശതകം' ദ്രാവിഡ പാരമ്പര്യത്തിന്റെ കരുത്തു പ്രദർശിപ്പിക്കുന്ന ഉൽകൃഷ്ടരചനയാണ്. പ്രതിസന്ധികളിൽപെട്ടുഴലുന്ന മനുഷ്യന് ഇന്നും ഈ കൃതി ആത്മവിശ്വാസം പകരുന്നു. സംസ്കൃതരചനയായ 'ദർശനമാലയും' ശുദ്ധമലയാളത്തിൽ രചിച്ചിരിക്കുന്ന 'ദൈവദശകവും' നാരായണ ഗുരുദേവന്റെ ഉന്നതാദർശങ്ങളെയും ദർശനങ്ങളെയും വ്യക്തമാക്കുന്നു.

എ.ഡി. 1928 സെപ്റ്റംബർ 20-ാം തീയതി! ക്ഷീണിതനായി ഗുരുദേവൻ മഞ്ചത്തിൽ നീണ്ടുനിവർന്നു കിടന്നു. ശിഷ്യന്മാർ അരികിലിരുന്ന് 'ദൈവദശകം' ചൊല്ലാൻ തുടങ്ങി. ഗുരുദേവന്റെ മുഖത്ത് ദൈവികമായ ചൈതന്യം വിളങ്ങി നിന്നു.

'ആഴമേറും നിൻമഹസ്സാം
ആഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം'

ദൈവദശകത്തിലെ അവസാന ശ്ലോകം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കെ ശ്രീനാരായണഗുരുദേവന്റെ ആത്മാവ് ഈശ്വരനിൽ വിലയം പ്രാപിച്ചു.

**എറണാകുളം കരയോഗം**

## നവരാത്രി ആഘോഷ മത്സരങ്ങൾ

**ഈ വർഷത്തെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള പുരാണ സാഹിത്യ കലാ, നൃത്ത, സംഗീത മത്സരങ്ങൾ 2018 സെപ്റ്റംബർ മാസം 9-ാം തീയതി മുതൽ ഒക്ടോബർ 14-ാം തീയതി വരെ നടത്തപ്പെടുന്നതാണ്. അപേക്ഷാഫോറം ആഗസ്റ്റ് 15-ാം തീയതി മുതൽ വിതരണം ചെയ്യപ്പെടുന്നു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന ദിവസം സെപ്റ്റംബർ 5-ാം തീയതി വരെ ആയിരിക്കും.**





ക്ഷേത്രങ്ങളിലൂടെ

# അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭഗവാൻ ശ്രീകൃഷ്ണന്റെ സാന്നിദ്ധ്യത്താൽ പവിത്രമാക്കപ്പെട്ട പുണ്യഭൂമിയാണ് ഭാരതം. ശ്രീകൃഷ്ണസങ്കല്പകഥകൾ തൊട്ടുതലോടിയിട്ടില്ലാത്ത ഒരു പ്രദേശവും ഭാരതഭൂമിയിലുണ്ടാവില്ല. ദേവചൈതന്യം കുടിക്കൊള്ളുന്ന ഈ പുണ്യസ്ഥലങ്ങളെല്ലാം ദേശവാസികളുടെ ഐശ്വര്യത്തിന്റെ ഉറവിടങ്ങളുമാണ്. കൽതുറങ്കിനകത്ത് അമ്മ ഭഗവാനെ കണികണ്ട ദിനം മുതൽ കാട്ടാളനെയ്ത കണയാൽ കാൽത്താർ വിണ്ട ദിനം വരെ മായാലോലുപനായ ശ്രീകൃഷ്ണ ഭഗവാൻ ആടി തീർത്ത ലീലാവിലാസങ്ങൾ ആഴിവീചികളെപ്പോലെ അനന്തമാണ്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഭൂമിയിലവതരിച്ച ശ്രീകൃഷ്ണ ഭഗവാന്റെ അദൃശ്യ സാന്നിദ്ധ്യം സകല ജീവജാലങ്ങളും ഭൂമിയിലെ ഓരോ മണൽത്തരിയും ഇന്നും അനുഭവിച്ചാനന്ദിക്കുന്നു. ശ്രീകൃഷ്ണ ഭഗവാൻ തന്റെ മുരളിനാദത്തിനാൽ സാന്നിദ്ധ്യമരുളിയ പുണ്യസ്ഥാനത്താണ് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പ്രപഞ്ചനാഥനായ ഭഗവാൻ ഇവിടെ ഉണ്ണിക്കണ്ണനായും പാർത്ഥസാരഥിയായും ശ്രീവാസുദേവനായും വിരാജിക്കുന്നു. തെക്കൻദ്വാരകയെന്നും തെക്കൻവൃന്ദാവനമെന്നും തെക്കൻഗുരുവായൂരെന്നും അറിയപ്പെടുന്ന പുണ്യപുരാതനക്ഷേത്രമാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം. ചെമ്പകശ്ശേരി രാജാവിന്റെ കാലത്താണ് ഈ ക്ഷേത്രം സ്ഥാപിതമായത്. ഐതിഹ്യങ്ങളുടേയും ചരിത്രങ്ങളുടേയും കലവറയാണ് ഈ ക്ഷേത്രവും ക്ഷേത്രപരിസരങ്ങളും.



ചെമ്പകശ്ശേരി പൂരാടം തിരുനാൾ രാജാവാണ് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രം പണി കഴിപ്പിച്ചത്. ഒരിക്കൽ ചെമ്പകശ്ശേരി രാജാവും വില്വമംഗലത്തു സ്വാമിയാരും കൂടി തോണിയിൽ അമ്പലപ്പുഴ ഭാഗത്തുകൂടി സഞ്ചരിക്കുമ്പോൾ ഓടക്കുഴൽ നാദം കേൾക്കുകയും ആ നാദത്തിന്റെ ഉറവിടം തേടിയ സ്വാമിയാർക്ക് ശ്രീകൃഷ്ണഭഗവാന്റെ ഓടക്കുഴൽ നാദമാണതെന്ന് മനസ്സിലാകുകയും ആൽമരക്കൊമ്പിൽ ഓടക്കുഴൽ വായിച്ചു കൊണ്ടിരിക്കുന്ന ശ്രീകൃഷ്ണ ഭഗവാനെ അദ്ദേഹം ദർശിക്കുകയും ചെയ്തു. ഈ സ്ഥലത്ത് ശ്രീകൃഷ്ണസാന്നിദ്ധ്യം കുടികൊള്ളുന്നതായും ഭഗവത് പ്രതിഷ്ഠക്കുത്തമമായ സ്ഥാനമാണിതെന്നും സ്വാമിയാർ രാജാവിനെ അറിയിച്ചു. ചെമ്പകശ്ശേരി രാജാവ് ക്ഷേത്രം പണി കഴിപ്പിച്ച് മുരളീനാദത്താൽ തന്റെ സാന്നിദ്ധ്യമറിയിച്ച ശ്രീകൃഷ്ണ ഭഗവാനെ അമ്പലപ്പുഴയിൽ കുടിയിരുത്തി. പ്രകൃതിയുമായി ഇണങ്ങിച്ചേർന്നു സ്ഥിതിചെയ്യുന്ന അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം രാജകീയപ്രൗഢിയോടുകൂടി തന്നെ ഇന്നും നിലകൊള്ളുന്നു.

ചെമ്പകശ്ശേരി രാജാവ് അമ്പലപ്പുഴയിൽ ക്ഷേത്രം പണികഴിപ്പിച്ച് തന്ത്രിമുഖ്യനായ കടിയക്കോൽ നമ്പൂതിരിയുടെ നേതൃത്വത്തിൽ വേണുഗോപാലവിഗ്രഹം പ്രതിഷ്ഠിക്കുവാനുള്ള ഒരുക്കങ്ങൾ നടത്തി. എന്നാൽ പ്രതിഷ്ഠിക്കുവാനായി നിശ്ചയിച്ച വിഗ്രഹം അശുദ്ധിയുള്ളതാണ്, അതു പ്രതിഷ്ഠിക്കരുത് എന്നു പുതുമന നമ്പൂതിരി പറഞ്ഞു. കടിയക്കോൽ നമ്പൂതിരിയും പുതുമന നമ്പൂതിരിയും തമ്മിൽ വിഗ്രഹത്തെ ചൊല്ലി തർക്കമായി. തർക്കം മൂത്തു പന്തയത്തിലെത്തി. വിഗ്രഹത്തിന്റെ അശുദ്ധി

തെളിയിച്ചാൽ പകുതി താന്ത്രികാവകാശം പുതുമന നമ്പൂതിരിക്കു നൽകാമെന്ന് കടിയക്കോൽ നമ്പൂതിരി സമ്മതിച്ചു. പുതുമന നമ്പൂതിരി വിഗ്രഹത്തിന്റെ വയറു ഭാഗത്ത് ഒരു കൊട്ടു കൊടുത്തു, പെട്ടെന്ന് വിഗ്രഹത്തിൽ നിന്നും കുറെ വെള്ളവും ഒരു തവളയും പുറത്തേക്കു ചാടി. ഇങ്ങനെ വിഗ്രഹത്തിന്റെ അശുദ്ധി തെളിയിച്ചതോടെ തന്ത്രിമാർ തുല്യ അവകാശികളായിത്തീർന്നു. പ്രതിഷ്ഠിക്കുവാൻ പറ്റിയ വിഗ്രഹം ഇല്ലല്ലോ എന്നോർത്ത് രാജാവിനു വിഷമമായി. രാജാവിന്റെ വിഷമം മനസ്സിലാക്കിയ വില്വമംഗലം സ്വാമി കരിംകുളം ക്ഷേത്രത്തിലെ വിഗ്രഹം കൊണ്ടു വന്ന് അമ്പലപ്പുഴയിൽ പ്രതിഷ്ഠിക്കുവാൻ രാജാവിനോടു നിർദ്ദേശിച്ചു. ഭഗവാൻ മഹാവിഷ്ണു തന്റെ അഭാവത്തിൽ തന്നെ പ്രാർത്ഥിക്കുവാനായി അർജ്ജുനനു നൽകിയ മൂന്നു വിഗ്രഹങ്ങളിലൊന്നായിരുന്നു കരിംകുളം ക്ഷേത്രത്തിലേത്. ചങ്ങനാശ്ശേരിക്കടുത്ത് കുറിച്ചിയിലാണ് കരിംകുളം ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇവിടെ പാർത്ഥസാരഥി ഭാവമാർന്ന വിഗ്രഹമായിരുന്നു ഉണ്ടായിരുന്നത്. കരിംകുളം ക്ഷേത്രം സ്ഥിതിചെയ്തിരുന്ന കുറിച്ചി ദേശം വടക്കുംകൂർ രാജാവിന്റെ അധീനതയിലായിരുന്നു. അക്കാലത്ത് വടക്കുംകൂർ രാജാവും ചെമ്പകശ്ശേരി രാജാവും തമ്മിൽ ശത്രുതയിലുമായിരുന്നു. ഇവിടെ നിന്നും വിഗ്രഹം കടത്തിക്കൊണ്ടു വരുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നു. എന്നാൽ ചെമ്പകശ്ശേരി രാജാവിന്റെ മന്ത്രി തന്ത്രപൂർവ്വം കരിംകുളം ക്ഷേത്രത്തിൽ നിന്നും വിഗ്രഹം കടത്തിക്കൊണ്ടു പോന്നു. രാജാവും ഭടന്മാരുമൊത്ത് വിഗ്രഹവുമായി വള്ളത്തിൽ ചമ്പക്കുളത്തെത്തിയപ്പോൾ രാത്രിയായി. രാത്രിയാത്ര അപകടമെന്നു കണ്ട് വിഗ്രഹവുമായി അവർ അവിടെ തന്നെ തങ്ങി. പിന്നീട് കൂടുതൽ വള്ളങ്ങളുടേയും ഭടന്മാരുടേയും അകമ്പടിയോടെ വിഗ്രഹം അമ്പലപ്പുഴയിലെത്തിച്ചു. ഈ വിഗ്രഹമാണ് അമ്പലപ്പുഴയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ധാരാളം വള്ളങ്ങളുടെയും ആളുകളുടെയും അകമ്പടിയോടെ വിഗ്രഹത്തെ എതിരേറ്റുകൊണ്ടു വന്നതിന്റെ സ്മരണാർത്ഥം ചെമ്പകശ്ശേരി രാജാവ് ഏർപ്പെടുത്തിയതാണ് പമ്പാനദിയിലെ ചമ്പക്കുളം വള്ളംകളി. ക്രിസ്തുവർഷം 1545 (കൊല്ലവർഷം 990) ലാണ് വള്ളംകളി ആരംഭിച്ചത്. മിഥുനമാസത്തിലെ മൂലം നക്ഷത്രത്തിലാണ് പ്രസിദ്ധമായ ചമ്പക്കുളം വള്ളംകളി നടത്തപ്പെടുന്നത്. തിരുവോണം നാളിൽ പാർത്ഥസാരഥി ഭാവമാർന്ന ശ്രീകൃഷ്ണ ഭഗവാന്റെ വിഗ്രഹം അമ്പലപ്പുഴയിൽ പ്രതിഷ്ഠിച്ചു. വലതു കയ്യിൽ ചമ്മട്ടിയും ഇടതു കയ്യിൽ പാഞ്ചജന്യവുമായി നില്ക്കുന്ന ശ്രീകൃഷ്ണവിഗ്രഹമാണിത്. വിഗ്രഹം പ്രതിഷ്ഠിക്കുന്ന സമയം എത്ര ശ്രമിച്ചിട്ടും വിഗ്രഹം നേരെ പ്രതിഷ്ഠിക്കുവാൻ സാധിച്ചില്ല. വിഗ്രഹം ഉറയ്ക്കുന്നുമില്ല. പെട്ടെന്ന് ഭ്രാന്തനെപ്പോലെ ഒരാൾ അവിടേക്കെത്തുകയും അദ്ദേഹം തന്റെ വായിലെ താംബൂലം ഒഴുക്കി വിഗ്രഹം പ്രതിഷ്ഠിച്ചു. വിഗ്രഹം ഉറയ്ക്കുകയും ചെയ്തു. ഇത് നാറാണത്തുഭ്രാന്തനായിരുന്നു എന്നും വിശ്വസിക്കുന്നുണ്ട്. താംബൂലമൊഴുക്കി വിഗ്രഹം പ്രതിഷ്ഠിച്ച സ്ഥലം താംബൂലപ്പുഴയെന്നും പിന്നീട് താംബൂലപ്പുഴ അമ്പലപ്പുഴയായി അറിയപ്പെട്ടു എന്നും വിശ്വസിക്കുന്നു. രാജാവ് സാങ്കല്പികമായി രാജ്യം ശ്രീകൃഷ്ണഭഗവാനു സമർപ്പിച്ച് ദേവനാരായണൻ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. അങ്ങനെ ദേവനാരായണൻ എന്നത് ചെമ്പകശ്ശേരി രാജാക്കന്മാരുടെ അപരനാമമായി മാറി.

കോട്ടയം താലൂക്കിലെ കുടമാളൂർ ആയിരുന്നു ബ്രാഹ്മണരായിരുന്ന ചെമ്പകശ്ശേരി രാജാക്കന്മാരുടെ മൂലകുടുംബം. ചെമ്പകശ്ശേരി രാജാക്കന്മാർ പണ്ഡിതന്മാരും കല, സാഹിത്യം എന്നിവയിൽ അഭിരുചിയുള്ളവരുമായിരുന്നു. പൂരാടം തിരുനാൾ ദേവനാരായണൻ രാജാവാണ് വേദാന്തരത്നമാല എന്ന കൃതി രചിച്ചത്. മേല്പത്തൂർ നാരായണ ഭട്ടതിരി , കുഞ്ചൻ നമ്പ്യാർ എന്നിവർ ചെമ്പകശ്ശേരി ദേവനാരായണ രാജാവിന്റെ സദസ്സിനെ അലങ്കരിച്ചിരുന്നവരിൽ പ്രമുഖരാണ്. മേൽപ്പത്തൂർ നാരായണ ഭട്ടതിരി ഗുരുവായൂരിൽ വച്ച് നാരായണീയം എഴുതി പ്രസിദ്ധനായപ്പോൾ കോഴിക്കോടുസാമൂതിരിയും ചെമ്പകശ്ശേരി രാജാവും,കൊച്ചി രാജാവും ഭട്ടതിരിയെ ക്ഷണിക്കുവാൻ ദൂതന്മാരെ അയച്ചിരുന്നു. എന്നാൽ അദ്ദേഹം ചെമ്പകശ്ശേരി രാജാവിന്റെ ക്ഷണമാണ് സ്വീകരിച്ചത്. രാജാവ് പണ്ഡിതനാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. രാജാവ് എഴുതിയ വേദാന്ത രത്നമാല അദ്ദേഹം വായിക്കുകയും ചെയ്തിരുന്നു. ഭട്ടതിരി നാരായണീയം കൂടാതെ പല കൃതികളും എഴുതിയിട്ടുണ്ട്. അവ രാജാവിന്റെ നിർദ്ദേശ പ്രകാരം ചെമ്പകശ്ശേരിയിൽ വച്ചാണ് എഴുതിയത് എന്ന് ആ കൃതികളുടെ ആമുഖത്തിൽ അദ്ദേഹം പറഞ്ഞിട്ടുമുണ്ട്. അക്കാലത്ത് അജ്ഞാതനായ ഒരാൾ തെലുങ്കുശൈലിയിലുള്ള ഒരു കൃതി രാജാവിനു സമർപ്പിച്ചു. രാജാവ് ഈ കൃതി വിവർത്തനം ചെയ്യുവാൻ ഭട്ടതിരിയോടു പറഞ്ഞു. ഇതിലെ ഭാഷ എനിക്കു മനസ്സിലാകുന്നില്ല എന്നും





രാജാവനുവദിച്ചാൽ ബഹുഭാഷാപണ്ഡിതനായ തന്റെ സുഹൃത്തിനെ കാണിച്ചു നോക്കാം എന്നു ഭട്ടതിരി രാജാവിനെ അറിയിച്ചു. രാജാവ് അനുവദിച്ചു. ഭട്ടതിരി എഴുത്തച്ഛനെ സഹായത്തിനു ക്ഷണിച്ചു വരുത്തി. അങ്ങനെ എഴുത്തച്ഛന്റെ കിളി അമ്പലപ്പുഴയിൽ പറന്നെത്തി അവിടെയിരുന്ന് ആദ്ധ്യാത്മിക കഥ പാടി, എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് എഴുതി . ശാരികാസന്ദേശം എന്ന സന്ദേശ കാവ്യമെഴുതിയ രാമപാണിവാദൻ മേൽപ്പത്തൂരിന്റെ സമകാലികനായിരുന്നു. ശാരികാ സന്ദേശത്തിൽ അദ്ദേഹം അമ്പലപ്പുഴ ശ്രീകൃഷ്ണനെ വർണ്ണിക്കുന്നു. ഈ സന്ദേശ കാവ്യത്തിന്റെ പ്രധാന വിഷയം വൃന്ദാവന വർണ്ണനയാണ്. വൃന്ദാവനത്തിൽ രാസലീലകളാടിയ ഗോപിക കൃഷ്ണനോടു പിണങ്ങി വള്ളിക്കുടിലിലൊളിച്ചിരുന്നു. തന്റെ പിണക്കവും പരിഭവവും തീർത്ത് കൃഷ്ണൻ വിളിച്ചുകൊണ്ടു പോകും എന്നു ഗോപിക കരുതി. കുറേ സമയം കഴിഞ്ഞിട്ടും കൃഷ്ണനെ കണ്ടില്ല. കൃഷ്ണനെ കാണാഞ്ഞു വിഷമിച്ച ഗോപിക തപസ്സാരംഭിച്ചു. കൃഷ്ണൻ അമ്പലപ്പുഴയിലാണുള്ളത് , വൃന്ദാവനത്തിലല്ല എന്നു ഗോപിക മനസ്സിലാക്കി. ഗോപിക അമ്പലപ്പുഴയിലേക്ക് ഒരു സന്ദേശം അയയ്ക്കുന്നു. ഇതാണ് ശാരികാ സന്ദേശം. അക്കാലത്ത് ധാരാളം സന്ദേശ കാവ്യങ്ങൾ കേരളസാഹിത്യത്തെ പരിപോഷിപ്പിച്ചിരുന്നു. അങ്ങനെ അമ്പലപ്പുഴ കേരളത്തിലെ വൃന്ദാവനമായി. ഈ കൃതിയിലെ പരാമർശം വെച്ച് നോക്കിയാൽ വൃന്ദാവനത്തിന്റെ ആത്മാവറിയുവാൻ അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിലെത്തിയാൽ മതി. അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിന്റെ ഗോപുരം കടന്ന് വിശാലമായ ക്ഷേത്രാങ്കണത്തിലേക്കു കടന്നാൽ രാജപ്രൗഢി നിറഞ്ഞു നില്ക്കുന്ന ധാരാളം പൗരാണിക കെട്ടിടങ്ങളും ഐതിഹ്യപ്പെരുമ നിറഞ്ഞ സ്മാരകങ്ങളും കാണാം.

നാട്ടുരാജാക്കന്മാരുടെ യുദ്ധവീര്യകഥകളെ അനുസ്മരിപ്പിക്കുന്ന ഐതിഹ്യവും നാടകീയമായ മറ്റു പല കഥകളും ഭഗവാന്റെ ലീലാവിലാസങ്ങളും നിറഞ്ഞതാണ് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിലെ നാടകശാല. കലകളുടേയും ആത്മീയതയുടേയും നിരവധി കഥകൾ നിറഞ്ഞ വേദിയാണ് നാടകശാല. ചാക്യാർകൂത്ത് അരങ്ങേറിയിരുന്നതും ഓട്ടൻതുള്ളൽ എന്ന ജനപ്രിയ കലാരൂപത്തിന്റെ ഉത്ഭവഹേതുവായ വേദിയും ഈ നാടകശാല തന്നെയാണ്. നാട്ടുരാജാക്കന്മാർ തമ്മിൽ യുദ്ധം നടക്കുന്ന കാലത്ത് കായംകുളം രാജാവിന്റെ വള്ളപ്പുര പൊളിച്ചുമാറ്റി ഒറ്റ രാത്രികൊണ്ടു അമ്പലപ്പുഴയിൽ സ്ഥാപിച്ചതാണ് ഈ നാടകശാല. ഇതിന്റെ മേൽക്കൂര ഒരു വള്ളം കമഴ്ത്തി വെച്ച രൂപത്തിലാണ് ഇന്നും കാണുന്നത്. മച്ചിൽ നിറയെ മനോഹരമായ കൊത്തുപണികളും നവഗ്രഹരൂപങ്ങളും കാണാം. എല്ലാ മാസവും മുടങ്ങാതെ ഭാഗവതസപ്താഹം നടക്കുന്നതും ഈ നാടകശാലയിലാണ്. അത് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിലെ മാത്രം പ്രത്യേകതയാണ്. എല്ലാ മലയാള മാസവും 1-ാം തീയതി മുതൽ ഏഴു ദിവസം ഭാഗവത സപ്താഹം നടക്കുന്ന കേരളത്തിലെ ഏക ക്ഷേത്രമാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഒരിക്കൽ വില്വമംഗലത്തു സ്വാമിയാർ അമ്പലപ്പുഴ ക്ഷേത്രത്തിലെത്തിയെങ്കിലും ഭഗവാനെ ശ്രീകോവിലിൽ കണ്ടില്ല. അദ്ദേഹം ഭഗവാനെ അന്വേഷിച്ചു നടന്നപ്പോൾ ഭഗവാൻ ഉണ്ണിനമ്പൂതിരിയുടെ വേഷത്തിൽ നാടകശാലയിൽ സദ്യയ്ക്ക് നെയ്യ് വിളമ്പുന്നതാണ് കണ്ടത്. അദ്ദേഹം കണ്ണാ എന്നു വിളിച്ച് അടുത്തെത്തിയപ്പോഴേക്കും കൃഷ്ണൻ അപ്രത്യക്ഷനായി. ഇന്നും ഒമ്പതാം ഉത്സവദിനം നാടകശാല സദ്യ നടക്കുന്നുണ്ട്. നാടകശാല സദ്യ നടക്കുന്ന സമയം ഭഗവാൻ മണിക്കിണറിനു മുകളിലിരുന്നു സദ്യ വീക്ഷിക്കുന്നു എന്നാണ് വിശ്വാസം. ഭഗവാൻ പ്രത്യക്ഷ സാന്നിദ്ധ്യമരുളിയ നാടകശാല കലകളുടെ വേദിയുമായിരുന്നു. ഇവിടെയാണ് ചാക്യാർകൂത്ത് അരങ്ങേറിയിരുന്നത്.

ഒരിക്കൽ നാടകശാലയിലെ കൂത്തവതരണത്തിനിടയിൽ സംഭവിച്ച നാടകീയമായ ഒരു പരിഹാസമാണ് ഇന്നത്തെ ജനപ്രിയ കലയായ ഓട്ടൻതുള്ളലിന്റെ ജന്മഹേതുവായത്. ചാക്യാർകൂത്തിനു മിഴാവു കൊട്ടിയിരുന്നത് കുഞ്ചൻനമ്പ്യാരായിരുന്നു. ഒരു ദിവസം കൂത്തിനിടെ മിഴാവു കൊട്ടിക്കൊണ്ടിരുന്ന നമ്പ്യാർ ഉറങ്ങിപ്പോയി. ചാക്യാർ സദസ്യരുടെ മുമ്പിൽ വച്ച് നമ്പ്യാരെ കളിയാക്കി. കൂത്തിന്റെ അവതരണത്തിനിടയിലുള്ള കളിയാക്കലും പരിഹസിക്കലും കൂത്തിന്റെ ഭാഗമാണ് എങ്കിലും നമ്പ്യാരെ ഇതു വല്ലാതെ ദു:ഖിതനാക്കി. അദ്ദേഹം തന്നെ കളിയാക്കിയതിനു പകരംവീട്ടുവാൻ നിശ്ചയിച്ചു. പിറ്റേ ദിവസം ചാക്യാർ കൂത്തവതരിപ്പിക്കുവാൻ തുടങ്ങിയപ്പോൾ നമ്പ്യാർ പടിഞ്ഞാറെ നടയിലെ കളത്തട്ടിൽ നിറപ്പകിട്ടാർന്നതും കാണികളെ ആകർഷിക്കുവാൻ പറ്റിയതുമായ വേഷവിധാനങ്ങളോടും കയ്യും മെയ്യും ചേർന്നുള്ള ആംഗ്യവിക്ഷേപങ്ങളോടും കൂടി ഒരു കലാരൂപം അവതരിപ്പിച്ചു. കൂത്തുക

ണ്ടിരുന്നവരെല്ലാം ഈ വേദിയിലേക്കെത്തുകയും ഈ കലാരൂപത്തെ ആസ്വദിക്കുകയും ചാക്യാരുടെ കൂത്തു കേൾക്കാൻ ആളില്ലാതെ വരികയും ചെയ്തു. പലകകൾകൊണ്ടു തീർത്ത് ഓലമേഞ്ഞതും അന്നുണ്ടായിരുന്നതും ഇന്നും കാണുന്നതുമായ കളത്തട്ടാണ് ഓട്ടൻതുള്ളലിന്റെ ആദ്യവേദി. തുള്ളൽ അവതരണത്തിനു ശേഷമാണ് കളത്തട്ട് കളിത്തട്ടായി അറിയപ്പെട്ടത്. രാജഭരണകാലത്ത് ബ്രാഹ്മണഭോജനം നടത്തിയിരുന്നപ്പോൾ അവർക്ക് എണ്ണയും ഇഞ്ചയും നൽകിയിരുന്ന സ്ഥലമായിരുന്നു ഈ കളിത്തട്ട്. തുള്ളൽ അവതരണത്തിനുപയോഗിച്ച മിഴാവ് ചരിത്രസ്മാരകമായി ഇന്നും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. പഴമയുടെ ഭംഗി നിലനിർത്തി സംരക്ഷിച്ചിരിക്കുന്ന ഈ കളിത്തട്ടിന്റെ മേൽക്കൂര ഓലമേഞ്ഞു തന്നെയാണ് ഇന്നും കാണപ്പെടുന്നത്. കളിത്തട്ടിന്റെ മേൽക്കൂരയിലെ ഓലമേയലിനെ മഠം കെട്ട് എന്നാണ് അറിയപ്പെടുന്നത്. പണ്ട് അമ്പലപ്പുഴയിലെ വീടുകൾ മഠം കെട്ടു കഴിഞ്ഞശേഷമേ ഓലമേയുമായിരുന്നുള്ളു. മഠം കെട്ടിനുമുണ്ട് പ്രത്യേകത. മഠം കെട്ടിന്റെ 41-ാം ദിവസം അമ്പലപ്പുഴ ക്ഷേത്ര ഉത്സവത്തിന് കൊടിയേറ്റുന്നു. ഇന്നും ഈ രീതി അങ്ങനെ തന്നെ പാലിച്ചു പോരുന്നു.

അമ്പലപ്പുഴ ശ്രീകൃഷ്ണ ഭഗവാന്റെ ഏറ്റവും പ്രിയനിവേദ്യമാണ് ഗോപാലകഷായമെന്ന് അറിയപ്പെടുന്ന പാൽപ്പായസം. ഈ പാൽപ്പായസനിവേദ്യത്തിനു പിന്നിലും ഒരു ഐതിഹ്യമുണ്ട്. ഒരിക്കൽ അമ്പലപ്പുഴ രാജാവ് പട്ടമന ഇല്ലത്തെ തിരുമേനിയോട് 5000 പറ നെല്ലു കടം വാങ്ങി. കാലങ്ങൾക്കു ശേഷം ഒരു ദിവസം രാജാവ് ശ്രീകൃഷ്ണ ഭഗവാനെ തൊഴാൻ അമ്പലത്തിലേക്കു പോകുന്ന വഴി പട്ടമന തിരുമേനി രാജാവിനെ തടഞ്ഞു നിർത്തി അങ്ങ് സത്യസന്ധനാണെങ്കിൽ എനിക്കു തരാനുള്ള നെല്ലും പലിശയും തിരികെ തന്ന ശേഷം ദേവനെ തൊഴാൻ പോയാൽ മതി എന്നു പറഞ്ഞു. കടം വാങ്ങിയ നെല്ലു തിരികെ കൊടുത്തു എന്നാണ് രാജാവ് വിശ്വസിച്ചിരുന്നത്. എന്നാൽ മന്ത്രി നെല്ലു തിരിച്ചു കൊടുത്തിരുന്നില്ല. രാജാവ് ദേവദർശനം നടത്താതെ മടങ്ങിപ്പോയി. ഇതറിഞ്ഞ മന്ത്രി ദേശവാസികളോട അവരവരുടെ ശേഖരത്തിലുള്ള നെല്ലു മുഴുവൻ അമ്പലപ്പുഴ ക്ഷേത്രത്തിൽ എത്തിക്കുവാൻ പറഞ്ഞു. നെല്ലു മുഴുവനും കൂട്ടിയിട്ട് തിരുമേനിയോട് അങ്ങയ്ക്കു തരാനുള്ള നെല്ലും പലിശയും ചേർത്ത് മുഴുവനും അളന്നെടുത്തു കൊള്ളുവാൻ പറഞ്ഞു. ഉച്ച പൂജയുടെ നിവേദ്യസമയത്തിനുമുമ്പ് നെല്ല് അവിടെ നിന്നും മാറ്റിത്തരണമെന്നും നിർദ്ദേശിച്ചു. ആരും നെല്ലു മാറ്റാൻ തിരുമേനിയെ സഹായിക്കരുത് എന്നു മന്ത്രി ദേശവാസികളോടു നിർദ്ദേശിക്കുകയും ചെയ്തു. നമ്പൂതിരി നെല്ലു മാറ്റുവാൻ എല്ലാവരോടും സഹായം അഭ്യർത്ഥിച്ചു. ആരും അദ്ദേഹത്തെ സഹായിച്ചില്ല. ഉച്ചപൂജയ്ക്കെന്നല്ല അതിനുശേഷമായാലും ഈ നെല്ലു മാറ്റുവാൻ തനിക്കു സാധിക്കില്ല എന്നു മനസ്സിലാക്കിയ തിരുമേനി ഈ നെല്ലിൽ നിന്നും പ്രതീകാത്മകമായി ഒരു കൈ നെല്ലെടുത്ത് അമ്പലപ്പുഴ ശ്രീകൃഷ്ണഭഗവാനു സമർപ്പിച്ച് ഇവിടെ കൂട്ടിയിരിക്കുന്ന നെല്ലിന്റെ പലിശകൊണ്ട് നിത്യവും ഭഗവാന് പാൽപ്പായസമുണ്ടാക്കി നിവേദിക്കണം എന്നു പ്രാർത്ഥിച്ചു. അങ്ങനെ പാൽപ്പായസം ഭഗവാന്റെ നിത്യനിവേദ്യമായി. ഈ ഐതിഹ്യത്തിനു പിന്നിലും ഭഗവാന്റെ മായാവിലാസം തന്നെയായിരിക്കില്ലേ? ഇന്നും നിത്യേന പാൽപ്പായസനിവേദ്യം നടക്കുന്നു. ദിവസവും ഈ നിവേദ്യം 33 ഇടങ്ങഴിയിൽ കുറയാൻ പാടില്ല എന്നാണ്, എന്നാൽ ഈ അളവിലും എത്രയോ അധികമാണ് ഇവിടെ നിത്യം നിവേദിക്കുന്നത്. പാൽപ്പായസം തയ്യാറാക്കുന്നതിനുമുണ്ട് പ്രത്യേകതകൾ. ക്ഷേത്രത്തിരുമുറ്റത്തെ പവിത്രമായ മണിക്കിണറിലെ വെള്ളവും പായസമുണ്ടാക്കുന്ന തിടപ്പള്ളിയിലെ കിണറ്റിലെ വെള്ളവും സമാസമം എടുത്ത് പായസത്തിനുള്ള പാലിന്റെ നാലിരട്ടി വെള്ളവും നാലായി നുറുക്കിയ ഉണക്കലരിയും ചേർത്ത് വലിയ വാർപ്പിൽ പായസമുണ്ടാക്കുന്നു. ചെമ്പകപ്പൂവിന്റെ നിറമാകുന്നതുവരെ എന്നതാണ് പാകം. അരിയും പാലും വെള്ളവും ചേർന്ന് വെന്തു വറ്റി ചെമ്പകപ്പൂവിന്റെ നിറമാകുമ്പോൾ ശാന്തിക്കാർ തിടപ്പള്ളിയിൽ നിന്നും വാസുദേവോ എന്നു നീട്ടി വിളിക്കും. അതിനു ശേഷം പായസത്തിൽ ചേർക്കാൻ അളന്നു വച്ച പഞ്ചസാരയുമായി പൂജാരിമാരെത്തി പായസത്തിൽ ചേർക്കുന്നു. അങ്ങനെ ഭഗവാൻ വാസുദേവൻ തന്നെ പാകം നോക്കി തയ്യാറാക്കുന്ന, പകരം വയ്ക്കാൻ മറ്റൊന്നില്ലാത്ത അമ്പലപ്പുഴ പാൽപ്പായസം തയ്യാറാക്കുന്നു. ഇവിടെ പാകപ്പെടുത്തുന്ന മൊത്തം പായസവും ഭഗവാനു മുന്നിൽ നിവേദിക്കുന്നു എന്നതും ഒരു പ്രത്യേകതയാണ്. തയ്യാറാക്കിയ പായസം തീർത്ഥം തളിച്ചു ശുദ്ധമാക്കിയ വഴിയിലൂടെ ശംഖുനാദത്തോടെ ശ്രീകോവിലിലേക്കു കൊണ്ടു പോകുന്നു. ഈ സമയം കൃഷ്ണപ്പരുന്ത് വട്ടമിട്ടു പറക്കുന്നതും നിത്യകാഴ്ചയാണ്. പായസം ഭഗവാനു നിവേദിക്കുന്ന പ്രത്യേക പാത്രം മംഗലി എന്നാണറിയപ്പെടുന്നത്. പായസത്തിനു പാകം നോക്കാൻ പഞ്ചസാരയുമായി എത്തുവാൻ ഭഗവാനെ വാസുദേവോ എന്നു നീട്ടി വിളിക്കുന്നത് കേൾക്കുന്ന ഓരോ ഭക്തനും മാസ്മരിക അനുഭവമാണ് ഉണ്ടാകുന്നത്. നീട്ടിയുള്ള വാസുദേവോ എന്ന വിളി കേട്ടു നില്ക്കുന്ന ഭക്തർക്ക് ശ്രീകൃഷ്ണ ഭഗവാനെ ആലിംഗനം ചെയ്യുന്ന അനുഭൂതിയാണ്. അമ്പലപ്പുഴ എന്നു മനസ്സു പറയുമ്പോൾ പാൽപ്പായസം എന്നു നാവു പറയുന്നു. അത്ര കണ്ടു സ്വാദിഷ്ടമാണ് ഈ നിവേദ്യം. നാരായണ നാമം പോലെ ഈ പ്രസാദമധുരം ഒരിക്കൽ നാവിലെത്തിയാൽ പിന്നെ വിട്ടുപോകില്ല.

തിരുവിതാംകൂർ മഹാരാജാവ് ചെമ്പകശ്ശേരിയിലെത്തി അമ്പലപ്പുഴ പാൽപ്പായസം കഴിക്കുവാനിടയായി. രാജാവിന് പാൽപ്പായസം വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന് അമ്പലപ്പുഴ പാൽപ്പായസം പോലെ ശ്രീപത്മനാഭസ്വാമിക്കും പാൽപ്പായസം ഉണ്ടാക്കി നിവേദിക്കുവാൻ ഒരാഗ്രഹം ഉണ്ടായി. പാൽപ്പായസം ഉണ്ടാക്കിച്ചു. എങ്കിലും ശരിയായില്ല. അമ്പലപ്പുഴയിൽ നിന്നും പാചകക്കാരെ കൊണ്ടുപോയി പായസമുണ്ടാക്കിച്ചിട്ടും പായസം അമ്പലപ്പുഴയിലേതുപോലെ നന്നായില്ല. അതിന്റെ കാരണമന്വേഷിച്ച രാജാവിനോട് അമ്പലപ്പുഴയിലെ അടുക്കളയും അമ്പലപ്പുഴ വാസുദേവ ഭഗവാനും ഉണ്ടെങ്കിലേ പാൽപ്പായസം അമ്പലപ്പുഴ പാൽപ്പായസമാവുകയുള്ളൂ എന്ന് അവർ പറഞ്ഞു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലും പാൽപ്പായസം ഇന്നും നിത്യ നിവേദ്യമാണ്.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഹൈന്ദവ ക്ഷേത്രങ്ങളെല്ലാം നശിപ്പിച്ച കാലം ഗുരുവായൂർ ക്ഷേത്രത്തിനും ആക്രമണ ഭീഷണിയുണ്ടായി. അന്ന് ഗുരുവായൂരപ്പന്റെ വിഗ്രഹം അമ്പലപ്പുഴയിലാണ് 12 വർഷക്കാലം സൂക്ഷിച്ചിരുന്നത്. ചെമ്പകശ്ശേരി കൊട്ടാരത്തിന്റെ ഭാഗമായിരുന്ന തെക്കേ മഠത്തിലാണ് വിഗ്രഹം സൂക്ഷിച്ചിരുന്നത്. പിന്നീട് ഇവിടെനിന്നും ഗുരുവായൂരിലേക്കു കൊണ്ടുപോയി. ഇന്നും അമ്പലപ്പുഴയിൽ ഗുരുവായൂരപ്പന്റെ വിഗ്രഹം സൂക്ഷിച്ചിരുന്ന സ്ഥാനത്ത് നിത്യവും വിളക്കു വെയ്ക്കാറുണ്ട്. കൊട്ടാരത്തിന്റെ ഭാഗമായിരുന്ന ഈ സ്ഥാനത്ത് തിടപ്പള്ളിയും മണിക്കിണറും ശ്രീകോവിലും ഇന്നും കാണാം. ഇത് ഗുരുവായൂർ നട എന്നാണ് അറിയപ്പെടുന്നത്. ഗുരുവായൂരപ്പൻ അമ്പലപ്പുഴയിലായിരുന്ന സമയം നിത്യവും ഗുരുവായൂരപ്പനും പാൽപ്പായസം നിവേദിച്ചിരുന്നു. ഇന്നും ഉച്ചപൂജയ്ക്ക് പാൽപ്പായസം നിവേദിക്കുന്ന സമയം ഗുരുവായൂരപ്പൻ അമ്പലപ്പുഴയിലെത്തുന്നു എന്നാണ് വിശ്വാസം.

അമ്പലപ്പുഴ കൃഷ്ണന്റെ മറ്റൊരു ഇഷ്ടനിവേദ്യമാണ് പാൽ ചുരണ്ടി. നല്ല രുചിയുള്ള ഒരു നിവേദ്യമാണിത് . പാൽപ്പായസമുണ്ടാക്കുന്ന ഉരുളിയുടെ അടിയിലും വശങ്ങളിലും പറ്റിപ്പിടിച്ചിരിക്കുന്നത് ചുരണ്ടിയെടുക്കുന്നതാണ് പാൽ ചുരണ്ടി എന്നത്. ഇതും അമ്പലപ്പുഴക്ഷേത്രത്തിലെ ഒരു പ്രത്യേകതയാണ്. ദീപാരാധനയ്ക്കു നട അടയ്ക്കാറില്ല എന്നതും പ്രപഞ്ചനാഥനായ ഭഗവാൻ ക്ഷേത്രകാവൽക്കാരനാകുന്നു എന്നതും ഈ ശ്രീകൃഷ്ണക്ഷേത്രത്തിലെ പ്രത്യേകതയാണ്. അത്താഴപൂജയ്ക്കു ശേഷം തൃപ്പുക നടക്കുന്നു. അതിനു ശേഷം ക്ഷേത്രനട അടച്ചു കഴിഞ്ഞാൽ കിഴക്ക്, തെക്ക്, വടക്ക് എന്നീ മൂന്നു ദിക്കുകളിൽ നിന്നും വാസുദേവാ എന്നുറക്കെ വിളിക്കും. ഈ സമയം ക്ഷേത്ര പരിസരം നിശബ്ദമായിരിക്കും. ക്ഷേത്രപരിസരത്തു നില്ക്കുന്നവർ ഭഗവാനെ സാഷ്ടാംഗം നമസ്കരിക്കും. ഈ വിളിയെ 'കാവൽ വിളി' എന്നാണറിയപ്പെടുന്നത്. വാസുദേവനെ കാവലേല്പ്പിച്ച് എല്ലാവരും പോകുന്നു.

മീനമാസത്തിൽ തിരുവോണം ആറാട്ടായി 10 ദിവസമാണ് അമ്പലപ്പുഴ ക്ഷേത്ര ഉത്സവം. മകരമാസത്തിൽ 12 ദിവസം കളഭാഭിഷേകം (12 കളഭം) ശ്രീകൃഷ്ണജയന്തി എന്നിവയും പ്രധാനമാണ്. ഉച്ചപൂജയ്ക്കുശേഷം തെക്കു ഭാഗത്തെ ഗോശാലയിൽ ഗണപതി പൂജയോടെയാണ് കൊടിയേറ്റു ചടങ്ങുകൾ തുടങ്ങുന്നത്. ഗണപതി പൂജയ്ക്കുശേഷം ഉത്സവദിനങ്ങളിൽ എടുക്കാറുള്ള കോയ്മവടി മേൽശാന്തി ശ്രീകോവിലിൽ കൊണ്ടുപോയി പൂജിച്ച് സ്ഥാനിക്കു കൈമാറുന്നു. വാദ്യപൂജയ്ക്കുശേഷം കൊടി ശ്രീകോവിലിൽ പൂജിച്ച് കൊടിമരച്ചുവട്ടിലേക്കെഴുന്നള്ളിച്ച് തന്ത്രി കൊടിയേറ്റു നടത്തുന്നു. കൊടിയേറ്റി കഴിയുമ്പോൾ കൃഷ്ണപരുന്ത് വട്ടമിട്ടു പറന്ന് കൊടിമരമുകളിൽ വന്നിരിക്കും. ഇത് ഭഗവൽ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. വൈകിട്ട് ദീപാരാധനക്കു മുമ്പായി എട്ടു ദിക്കുകളിലും ദിക്കു കൊടിയേറ്റം നടത്തുന്നു. അപൂർവ്വം ക്ഷേത്രങ്ങളിൽ നടക്കാറുള്ള ശുദ്ധാദിചടങ്ങുകൾ അമ്പലപ്പുഴ ഭഗവാന്റെ ഉത്സവനാളുകളിലെ പ്രധാന താന്ത്രിക ചടങ്ങുകളിലൊന്നാണ്. ഇത് രണ്ടാം ഉത്സവദിനം മുതൽ 9- ാം ദിവസം വരെയാണ് നടക്കുന്നത്. സ്വർണ്ണകുംഭങ്ങളിലും വെള്ളികുംഭങ്ങളിലും ദ്രവ്യങ്ങൾ നിറച്ച് പൂജിച്ച് ദേവന് അഭിഷേകം നടത്തുന്ന ചടങ്ങാണിത്. ശുദ്ധാദി ദർശിക്കുന്നതും തീർത്ഥം സേവിക്കുന്നതും പുണ്യമാണ് എന്നു വിശ്വസിക്കുന്നു. 7-ാം ദിവസം തകഴി ശാസ്താക്ഷേത്രത്തിൽ നിന്നും വാദ്യമേള

ങ്ങളുടേയും വേലകളിയുടേയും അകമ്പടിയോടുകൂടി ഉത്സവക്കുട എഴുന്നള്ളിക്കുന്നു. അമ്പലപ്പുഴ വേലകളി ഏറെ പ്രസിദ്ധമാണ്. വേലകളി എന്നത് ആയുധാഭ്യാസ പ്രദർശനമാണ്. നായർ സമുദായത്തിൽപ്പെട്ടവരാണ് വേലകളി നടത്തുന്നത്. ആകർഷണീയമായ വസ്ത്രങ്ങളണിഞ്ഞ് വരുന്ന ഇവർ വാളും പരിചയയുമേന്തി യുദ്ധച്ചുവടുകളെ അനുകരിക്കുന്നു. രാജാക്കന്മാരുടെ കാലത്തെ യുദ്ധവീര്യത്തെ അനുസ്മരിപ്പിക്കുന്ന ഒരു ആയോധനകലാ ആവിഷ്കാരമാണ് വേലകളി. കണ്ണന്റെ ഉത്സവം കാണാൻ ഹരിഹരപുത്രൻ എഴുന്നള്ളുന്നതായും തകഴിയിൽ നിന്നും വേലകളിക്കെത്തുന്നതായും രണ്ടു വിശ്വാസങ്ങളാണ് കുടവരവിനു പിന്നിലുള്ളത്. തകഴിയിൽ നിന്നു കൊണ്ടു വരുന്ന കുട ക്ഷേത്രത്തിൽ നൽകിയശേഷം ക്ഷേത്രത്തിലെ കുട തിരികെ കൊണ്ടു പോകുകയും ചെയ്യുന്നു.

തകഴിയിൽ നിന്നു കൊണ്ടു വരുന്ന കുടയാണ് അടുത്ത ഒരു വർഷത്തേക്ക് അമ്പലപ്പുഴ ക്ഷേത്രത്തിലെ പ്രഭാത ശീവേലിക്കും അത്താഴ ശീവേലിക്കും ഉപയോഗിക്കുന്നത്. ഇരട്ടക്കുളങ്ങര ക്ഷേത്രക്കുളത്തിലാണ് ഭഗവാന്റെ ആറാട്ട്. കൊടിയിറക്കിനു ശേഷമാണ് ആറാട്ടെഴുന്നള്ളുന്നതും ഇവിടുത്തെ ഒരു പ്രത്യേകതയാണ്.

ഭക്തി ഇല്ലാത്ത ജ്ഞാനം ശുഷ്കം എന്നാണ് ഋഷിമാർ പറയുന്നത്. ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന് മഹത്വവും ആകർഷകത്വവും നല്കുന്നത് അവന്റെ സ്വാഭാവമാണ്. മനസ്സിന്റെ ഗുണമായ ഭക്തിയും ബുദ്ധിയുടെ പ്രതിഫലനമായ ജ്ഞാനവും ചേരുമ്പോഴാണ് ഒരു നല്ല വ്യക്തിത്വം ഉണ്ടാകുന്നത്. ഭക്തജനങ്ങൾക്ക് ക്ഷേത്രദർശനവും ഈശ്വരാരാധനയും പ്രാണവായു പോലെയാണ്. ഭക്തിയും വിശ്വാസവും മനുഷ്യനെ നന്മയിലേക്കു നയിക്കുന്നു. ശ്രീകൃഷ്ണ ഭഗവാന്റെ ദ്വാരകയായും വൃന്ദാവനമായും സങ്കല്പിക്കുന്ന അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിലെത്തി, സാക്ഷാൽ ശ്രീഗുരുവായൂരപ്പൻ പോലും ഏറെ ഇഷ്ടപ്പെടുന്ന ഗോപാലകഷായമെന്ന പാൽപ്പായസമധുരം ആസ്വദിക്കാം എന്നു കരുതിയാൽ ഒരു പക്ഷേ സാധിച്ചു എന്നു വരില്ല. അമ്പലപ്പുഴ ശ്രീവാസുദേവ ഭഗവാൻ അനുഗ്രഹിച്ചാൽ മാത്രമേ ഈ ആഗ്രഹം സാദ്ധ്യമാവുകയുള്ളു എന്നാണ് ഭക്തജനവിശ്വാസം. ഇത്രയേറെ പ്രസിദ്ധി നേടിയ ഒരു നിവേദ്യപ്രസാദം മറ്റൊരു ക്ഷേത്രത്തിലും ഉണ്ടാകില്ല. നിത്യേന ഭക്തജനങ്ങളെ പാൽപ്പായസമധുരം നൽകി അനുഗ്രഹിക്കുന്ന ശ്രീവാസുദേവ ഭഗവാന്റെ അമ്പലപ്പുഴ പാൽപ്പായസമധുരം മറക്കുമോ മാനുഷനുള്ള കാലം. ഇല്ല ഒരിക്കലുമില്ല. പാൽപ്പായസമെന്നാൽ അത് അമ്പലപ്പുഴ പാൽപ്പായസം തന്നെ; അതിനൊരു മറുവാക്കില്ല.

അമ്പലപ്പുഴയിലെ ഭഗവാൻ ശ്രീകൃഷ്ണന്റെ നിറസാന്നിദ്ധ്യമാർന്ന പവിത്രമായ ക്ഷേത്രഭൂമിയിലെത്തി. പുണ്യസന്നിധിയിൽ നിറഞ്ഞു നില്ക്കുന്ന ഭഗവൽച്ചരിതങ്ങളെ ചെത്തിയും തുളസിയും പിച്ചകവും മന്ദാരവുമായി സങ്കല്പിച്ച് ഭക്തിയെന്ന നൂലിനാൽ കോർത്തൊരുക്കിയ ക്ഷേത്ര വിവരണമെന്ന ഈ തിരുമാല്യത്തെ അമ്പലപ്പുഴയിൽ കുടികൊള്ളുന്ന ശ്രീവാസുദേവ തൃപ്പാദങ്ങളിൽ നിറഭക്തിയോടെ സമർപ്പിക്കുന്നു.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***





തുടർച്ച

# മഹാഭാരതം

**ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)**

അഞ്ചാംവേദം എന്നറിയപ്പെടുന്ന മഹാഭാരതം ശ്രീ വേദവ്യാസനാൽ വിരചിതമായതാണ്. മഹാഭാരതകഥ നടന്നത് കലിയുഗാരംഭത്തിനു മുൻപാണ്. ഈ ഗ്രന്ഥത്തിൽ. 18 പർവ്വങ്ങളാണുള്ളത്. വ്യാസൻ മഹാഭാരതകഥ പഠിപ്പിച്ചത് തന്റെ പുത്രനായ ശുകനെയാണ്. പിന്നീട് ശിഷ്യന്മാർ പഠിച്ചു. അതിനുശേഷം അർജ്ജുനന്റെ പുത്രന്റെ പൗത്രനായ ജനമേജയൻ സർപ്പയാഗം നടത്തുന്നത് അവസാനിപ്പിച്ചു. അപ്പോൾ ജനമേജയന്റെ അപേക്ഷപ്രകാരം വ്യാസൻ ശിഷ്യനായ വൈശമ്പായനോട് ഭാരതകഥ പറയുവാൻ ആജ്ഞാപിച്ചു. ആ സദസ്സിലുണ്ടായിരുന്ന ഉഗ്രശ്രവസ് പിന്നീട് നൈമശാരണ്യത്തിൽ വെച്ച് ശൗനകാദി മഹർഷികൾക്കും പറഞ്ഞുകൊടുത്തു. അങ്ങനെയാണ് മഹാഭാരതകഥ സാധാരണക്കാരിലേക്ക് എത്തിയത്. മലയാളികൾക്ക് ലഭിച്ചത് കിളിപ്പാട്ടുരൂപത്തിലാണ്. ഒരു മനുഷ്യസംവത്സരം ഒരു ദേവദിവസമായി കണക്കാക്കപ്പെടുന്നു. കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം പിന്നീട് കലിയുഗം കൂടി കണക്കാക്കിയാണ് ചതുർയുഗം കണക്കാക്കിയിരുന്നത്. ആദ്യകാലങ്ങളിൽ മനുഷ്യായുസ്സു കൂടിയിരുന്നുവെന്നും, യുഗങ്ങൾ അവസാനിക്കുന്നതോടുകൂടി ആയുസ്സും കുറഞ്ഞുവരുന്നുവെന്നും, മനുഷ്യന് അക്കാലത്ത് എവിടെയും സഞ്ചരിക്കാമായിരുന്നുവെന്നുമുള്ള വിവരണങ്ങൾ വായിക്കുമ്പോൾ അത്ഭുതം തോന്നുമെങ്കിലും പല പുരാണകഥകളിലും പലതും വർണ്ണനാതീതമായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇത്തരം പുരാണഗ്രന്ഥങ്ങൾ ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ജീവിതസ്പർശിയായി അവതരിപ്പിക്കുന്നതിലും പ്രായോഗിക ജീവിത സിദ്ധാന്തങ്ങളെ ഗൗരവപൂർവ്വം വരും തലമുറക്ക് പകർന്നു നൽകുന്നതിനും ശാസ്ത്ര സാംസ്കാരിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഏജന്റുകളായി വർത്തിക്കുന്നതിനും വഹിക്കുന്ന പങ്ക് വർണ്ണനാതീതമാണ്.

എഴുത്തച്ഛൻ കിളിപ്പാട്ടിലൂടെ പറയുന്നത് കൃഷ്ണന്റെ കഥ കേൾക്കാൻ താൻ കാത്തിരിക്കുകയാണെന്നും ദുഃഖങ്ങളതുകേട്ടാൽ പിന്നെയുണ്ടാകില്ലയെന്നുമാണ്.

''പങ്കജവിലോചനൻ തൻകഥ ചൊല്ലാമെങ്കിൽ
പങ്കങ്ങളകന്നുപോം പണ്ടുള്ളതെല്ലാം''

ഇതു കണ്ടും കേട്ടും വായിച്ചുതുടങ്ങുമ്പോൾ തന്നെ ഇതിലെന്താണെന്നൊരാകാംക്ഷ വായനക്കാരിലുണ്ടാകും. അതുകൊണ്ടാണല്ലോ ഇതിലുള്ളത് മറ്റൊരിടത്തും ഇല്ലാ എന്നു പറയുന്നത്.

ശൗനകമഹർഷിയുടെ യാഗത്തിൽ വന്ന ഉഗ്രശ്രവസ് എന്ന സൂതപൗരാണികൻ പറഞ്ഞതായിട്ടാണ് മഹാഭാരതം ആരംഭിക്കുന്നത്. എവിടെ വെച്ചു താനിതു മനസ്സിലാക്കി എന്നതിന് അദ്ദേഹം ജനമേജയന്റെ കഥ മുതൽ തുടങ്ങുന്നു. സർപ്പയാഗം നടത്തേണ്ടിവന്നതിന്റെ ആവശ്യകതയിൽ തുടങ്ങുന്നു. പിന്നീട് ഭൃഗുവംശ ചരിത്രം, ഭൃഗുപുത്രൻ ച്യവനമഹർഷി, ,ച്യവനപുത്രനായ രുരു, അദ്ദേഹത്തിന്റെ സർപ്പവൈരാഗ്യം, അസ്തികൻ ജഗൽകാരുവിന് പുത്രനായി ജനിച്ചതും ച്യവനനെ ഗുരുവായി സ്വീകരിക്കുന്നതും മറ്റും കഥയുടെ പ്രധാന ഭാഗങ്ങളാണ്. നാഗഗരുഡന്റെ ചരിത്രം പറഞ്ഞ്. അനന്തന്റെ തപസ്സും പരീക്ഷിത്തിന്റെ ചരിത്രവും വിശദമാക്കുന്നു. പിന്നീടാണ് ജനമേജയന്റെ സർപ്പയാഗം. അസ്തികന്റെ അപേക്ഷയനുസരിച്ച് ജനമേജയൻ സർപ്പയാഗം അവസാനിപ്പിക്കുന്നു , അതിനുശേഷം വ്യാസശിഷ്യനായ വൈശമ്പായനൻ ഭാരതകഥ പറയുന്നു. അങ്ങനെ പാണ്ഡവരുടെ ചരിത്രം ആരംഭിക്കുന്നു. ഇവിടെയാണ് വ്യാസമഹർഷിയുടെ ജനനവും പാണ്ഡവരുമായുള്ള ബന്ധവും വിശദീകരിക്കുന്നത്. ഇവിടം മുതൽ കൃഷ്ണാവതാരം തുടങ്ങുകയായി. സൃഷ്ടിയുടെ തുടക്കവും ദേവാസുരാദികളുടെ ഉൽപ്പത്തിയും പരശുരാമചരിതവും വിശദമാക്കുന്നു. ഇവിടെ ജനമേജയന്റെ ചോദ്യം അസുരാംശമായും ദേവാംശമായും ജനിച്ചവരുടെ വിശദാംശങ്ങളാണ്. അതിനുത്തരമായി വൈശമ്പായനൻ പറയുന്നു, വിഷമം പിടിച്ച ചോദ്യം പക്ഷെ പ്രധാനപ്പെട്ടവരേക്കുറിച്ചു മാത്രം പറയാമെ

ന്നു പറഞ്ഞു. ഇളയുടെ ചരിത്രം, നഹുഷന്റെ ശാപകഥ, ദേവയാനീ ചരിതം തുടങ്ങി ശാകുന്തളം, ഭരതചരിത്രം, ശന്തനുവിൽ തുടങ്ങി കൗരവ പാണ്ഡവ ചരിതം ആരംഭിക്കുകയായി. അവരുടെ ചെറുപ്പവും ജീവിതവിശദാംശങ്ങളും സ്വയംവരങ്ങളും വിശദീകരിക്കുന്നു. കൃഷ്ണസമാഗമവും പാഞ്ചാലി കഥയും സവിസ്തരം പ്രതിപാദിക്കുന്നു. ഇങ്ങനെ ഓരോ ചരിത്ര കഥാവലോകനങ്ങളും വിശദമായി വിവരിക്കുമ്പോൾ ശ്രോതാവിന് ആ കാലഘട്ടത്തേക്കുറിച്ചും അന്നു ജീവിച്ചിരുന്ന കൗരവ പാണ്ഡവസമൂഹത്തിന്റെ ജീവിതവും ഇതിനിടയിൽ നടക്കുന്ന ഭഗവദ് ഗീതാ വചനങ്ങളും വ്യക്തമായി മനസിലാക്കാം. ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, അശ്വത്ഥാമാവിന്റെ പ്രതികാരം ഇവയെല്ലാം തന്നെ നമുക്ക് അതിശയവും അത്ഭുതവും ഉളവാക്കുന്നു. എന്നാൽ ശ്രീപർവ്വത്തിൽ വ്യാസൻ തന്നെ വന്ന് ഗാന്ധാരിക്കു നൽകുന്ന ഉപദേശം ആധുനിക യുഗത്തിലും ചിന്തനീയം തന്നെയാണ്. ഒരു ധീര യോദ്ധാവ് എതിരാളിയായാൽ പോലും എങ്ങനെ ബഹുമാനിച്ച് അന്ത്യകർമ്മങ്ങൾ ചെയ്യണമെന്നു ശാന്തിപർവ്വത്തിൽ നമുക്കു കാട്ടിത്തരുന്നു. ഒരു ഭരണാധികാരി എങ്ങനെയാകണമെന്നും സ്ത്രീയെ എങ്ങനെ ബഹുമാനിക്കണമെന്നും മറ്റുമുള്ള രാജ്യതന്ത്രജ്ഞർ അിറഞ്ഞിരിക്കേണ്ടുന്നവയെല്ലാം തന്നെ ഭീഷ്മരുടെ അവസാന വാക്കുകളിൽ പ്രകടമാക്കുന്നു. എല്ലാം നല്ലതിനുവേണ്ടിയാണ് കൃഷ്ണൻ ചെയ്തതെങ്കിലും പലപ്പോഴും ചിലതൊക്കെ ബുദ്ധിപൂർവ്വം പ്രകടിപ്പിക്കേണ്ട അവസ്ഥ കൃഷ്ണനുണ്ടായിട്ടുണ്ട്. ധർമ്മത്തിനു വേണ്ടി നിലകൊള്ളുമ്പോൾ ചിലപ്പോൾ എതിർപ്പും ശാപവും ഏൽക്കേണ്ടിവരുമെന്ന് ഇവിടെ നമ്മെ ഓർമ്മിപ്പിക്കാൻ ഗാന്ധാരിയുടേയും ഗംഗാദേവിയുടേയും വാക്കുകളിൽകൂടി നമുക്കു ചിന്തിക്കാൻ അവസരം ലഭിക്കുന്നു. പിന്നീടു നടന്ന അശ്വമേധ യാഗത്തിനു വേണ്ടി നിധി കണ്ടെടുക്കുവാൻ വ്യാസൻ ഉപദേശിക്കുന്നു. യാഗം നടക്കുന്ന വേളയിലാണ് നാം ദാനധർമ്മത്തിന്റെ മഹത്വം വെളിപ്പെടുത്താൻ എപ്പോഴും ഉപയോഗിക്കുന്ന കീരിയുടെ കഥയുടെ വിശദീകരണം.

ആശ്രമവാസപർവ്വത്തിൽ ഭാരതീയ തത്വചിന്തയിലെ പ്രധാനപ്പെട്ട സന്യാസാശ്രമ ജീവിതത്തിലേക്ക് കടക്കുവാൻ ധൃതരാഷ്ട്രർ പത്നിയും ആശ്രിതരുമായി പോകുന്നത് വിവരിക്കുന്നു. ഇവിടെ വനവാസത്തിനു പോയ കുടുംബ കാരണവരെ കാണാൻ ധർമ്മപുത്രർ പോകുന്നതും മറ്റും ഇന്നത്തെ തലമുറ മനസിലാക്കേണ്ടതായിട്ടുണ്ട് എന്നു കാണുന്നതിൽ തെറ്റില്ല. മുസലപർവ്വത്തിലാണ് ധർമ്മപുത്രരുടെ 30 വർഷത്തെ ഭരണത്തിനു ശേഷം കലിയുഗം തുടങ്ങുന്നതായി വിവരിക്കുന്നത്. ഇവിടെയാണ് യദുവംശ നാശത്തേക്കുറിച്ചും ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തേക്കുറിച്ചും നമുക്കു വിവരണം ലഭിക്കുന്നത്. തന്റെ ഗുരുവും ഉറ്റ സ്നേഹിതനും വഴികാട്ടിയുമായി വർത്തിച്ച ശ്രീകൃഷ്ണന്റെ വേർപാട് അർജ്ജുനന്റെ അധഃപതനത്തിനു വഴിതെളിച്ചു. അവിടെയും വ്യാസൻ പ്രത്യക്ഷപ്പെടുന്നു. പാണ്ഡവർ വനവാസത്തിനു പുറപ്പെടുന്നു. പ്രസ്ഥാനപർവ്വത്തിൽ ഈ യാത്ര മുതൽ ഭീമന്റെ മരണം വരെ വർണ്ണിക്കുന്നു. അവസാന ഭാഗമാണ് സ്വർഗ്ഗാരോഹണ പർവ്വം. ഈ പർവ്വം പ്രത്യേകം ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. ധർമ്മപുത്രരുടെ ദയ, അനുകമ്പ, സഹജീവികളോടുള്ള സ്നേഹം, സഹോദരസ്നേഹം ഇവയെല്ലാം തന്നെ തെളിഞ്ഞു നിൽക്കുന്നു. യുധിഷ്ഠിരൻ സ്വർഗ്ഗത്തിൽ ചെന്നപ്പോൾ കണ്ടത് ദുര്യോധനനെയാണ്. ദുര്യോധനന്റെ സ്നേഹവും ഔദാര്യവും മറ്റുമാണ് അദ്ദേഹത്ത കുറച്ചു നാൾ സ്വർഗ്ഗത്തിൽ വസിക്കാൻ പ്രപ്തനാക്കിയത്. എത്ര ദുഷ്ടനായാലും ചില ചെറിയ നല്ല കാര്യങ്ങൾ നമ്മയെ ക്ഷണിച്ചു വരുത്തുമെന്നുള്ള സത്യം ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ഇവിടെ ഇത്ര വിശദമായി കാര്യങ്ങളെ വർണ്ണിക്കുന്നത്. സകല ഐശ്വര്യങ്ങളോടും കൂടി 'ധാർത്തരാഷ്ട്രജ്യേഷ്ഠനെ കണ്ടിതു ധർമ്മാത്മജൻ' എന്നാണ് എഴുത്തച്ഛൻ വിവരിക്കുന്നത്. പിന്നീട് സഹോദരങ്ങളുടേയും ബന്ധുമിത്രാദികളുടേയും രംഗം മായാനരകം സൃഷ്ടിച്ചു കാണിച്ചുകൊടുത്തുവെന്നാണ്. മനുഷ്യശരീരത്തിൽ വർത്തിക്കുമ്പോഴാണ് സ്നേഹം, സ്വാർത്ഥത ഇങ്ങനെയുള്ള വികാരങ്ങൾ നമുക്കുണ്ടാകുന്നതെന്നുകൂടി വ്യാസൻ നമ്മെ പഠിപ്പിക്കുന്നു. ശരീരത്തിന്റെ നിലനില്പിലാണ് മോഹവലയം. ആത്മാവ് പരമസത്യമാണ്. അറിവു ലഭിക്കുമ്പോൾ അജ്ഞത മാറിക്കിട്ടും. ഇങ്ങനെ വായ്മൊഴിയിലായിരുന്ന ആദ്ധ്യാത്മിക തത്വങ്ങളും ചരിത്രകഥകളും എഴുതിതയ്യാറാക്കിയെന്നതാണ് വ്യാസന്റെ മഹത്വം. എഴുതാനദ്ദേഹത്തെ സഹായിച്ചത് ശ്രീ ഗണപതിയാണെന്നതാണ് അതി ശ്രേഷ്ഠമായത്. ഇങ്ങനെ അറിവു ലഭിച്ച വൈശമ്പായനൻ ആണ് ഗുരുവിന്റെ അനുഗ്രഹത്താൽ 18 പർവ്വങ്ങളിലായി രചിച്ച മഹാഭാരത പുരാണം ജനമേജയന് ഉപദേശിച്ചത്.





'വൈശമ്പായനമുഖാംഭോരുഹത്തിങ്കൽ നിന്നു വൈശിഷ്ട്യമേറും മഹാഭാരതമിതിഹാസം' എന്നാണ് എഴുത്തച്ഛൻ പറയുന്നത്.

സർപ്പയാഗം അങ്ങനെ അവസാനിപ്പിക്കുകയും സർപ്പരക്ഷകനായ അസ്തികന്റെ മാതൃശാപത്തിൽ നിന്നും തങ്ങളെ രക്ഷിച്ചതിൽ സന്തുഷ്ടരായി സർപ്പങ്ങളെല്ലാം അസ്തികനെ നമസ്കരിച്ചു. ഈ കഥയാണ് ഉഗ്രശ്രവസ് എന്ന സൂതപൗരാണികൻ ശൗനകാദികളോടു പറഞ്ഞത്. 'നല്ലതു വരുമിതു കേട്ടാലെന്നൊഴിഞ്ഞിനിയില്ലമറ്റൊന്നും പറയാവതു നിരൂപിച്ചാൽ' എന്നു പറഞ്ഞ് ഉഗ്രശ്രവസ് മഹാഭാരതകഥ അവസാനിപ്പിക്കുകയാണ്.

മഹാഭാരതകഥകൾ സങ്കീർണ്ണവും മനസിലാക്കാൻ ശ്രമകരവുമാണ്. ധാരാളം കഥകളും ഉപകഥകളും അടങ്ങിയിരിക്കുന്ന ഈ കൃതി പാണ്ഡവകൗരവ കഥ മാത്രമല്ല, തത്വചിന്താപരമായ ആത്മീയജീവിതത്തിന്റെ നേർക്കാഴ്ച കൂടിയാണ്. പുരുഷാർത്ഥത്തിന്റെ നാലു ലക്ഷ്യങ്ങളും ഇതിൽ കാണാം. കഥ പറയുന്ന സന്ദർഭം മുതൽ ഒന്നിനോടൊന്നു ബന്ധപ്പെടുത്തി അടിസ്ഥാന കാരണങ്ങളെ സവിസ്തരം പ്രതിപാദിച്ച് രചിച്ച ഈ ഗ്രന്ഥരചനയിൽ തന്നെ വ്യാസൻ സഹായം അഭ്യർത്ഥിച്ചിരുന്നു. ഗ്രന്ഥമെഴുതി എടുത്ത ഗണപതിയോടു തന്നെ മനസ്സിലാക്കി എഴുതണമെന്ന നിബന്ധന വെച്ചുവെന്നും പറയുന്നു. വാക്കുകളുടെ ശക്തിയും ദുഷ്കർമ്മങ്ങൾ നിലംപതിക്കുന്നതും അവസാനം ധർമ്മം ജയിക്കുന്നതും ഇന്നത്തെ തലമുറക്ക് ശ്രദ്ധിക്കേണ്ട ചില സന്ദർഭങ്ങളാണ്. താല്കാലികമായുണ്ടാകുന്ന പതനം ഒന്നുമല്ലെന്നും അന്തിമ വിജയം സത്കർമ്മങ്ങൾക്കാണെന്നും അവസാന ഭാഗം വരെ വർണ്ണിക്കുന്നു. എത്ര ഗുണങ്ങളുണ്ടെങ്കിലും അഹംഭാവം അധഃപതനത്തിനു വഴിതെളിക്കുമെന്നുള്ള തത്വം ഭാരതത്തിൽ പലയിടത്തും കാണാം. ഇങ്ങനെ ഈ കലിയുഗത്തിൽ വിജ്ഞാനത്തിന്റെ ഭണ്ഡാരം മഹാഭാരത വിവരണത്തിലൂടെ വേദവ്യാസൻ നമുക്കു തുറന്നുതരുന്നു. ഇങ്ങനെ ലോകോത്തര ഗ്രന്ഥമായി മഹാഭാരതം മാറിയിരിക്കുന്നു

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ : 09867179480**

# വൈകാതെ

അവനെ അച്ഛൻ വിമർശിച്ചു. ഒപ്പം അമ്മയും. പിന്നെ മുത്തച്ഛനും മുത്തശ്ശിയും. വീട്ടിലെന്നപോലെ സ്കൂളിലും അദ്ധ്യാപകരുടെ വിമർശനം.

ചിലവൊന്നുമില്ലല്ലോ വിമർശിക്കാൻ എന്ന് അവൻ പിറുപിറുക്കും.

വിമർശിക്കാത്തത് സുഹൃത്തുക്കൾ മാത്രം. അതുകൊണ്ട്, തന്നെ പ്രോത്സാഹിപ്പിക്കുന്ന അവർക്കു മാത്രമേ തന്നോട് ആത്മാർത്ഥസ്നേഹമുള്ളുവെന്ന് അവൻ വിശ്വസിച്ചു.

വൈകാതെ അവർ അവനെ പാഠം പഠിപ്പിച്ചു കൊള്ളും.

## നായർ സ്ത്രീസമാജം 2018 ജൂലൈമാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 16.08.2018 | പാചകമത്സരം | 11.00 a.m. |
| 18.08.2018 | പൂക്കള മത്സരം<br>ഓണപ്പാട്ട് മത്സരം | 10.00 – 11.00 a.m.<br>11.00 a.m. |
| 21.08.2018 | ഓണാഘോഷം | |

**കൂടുതൽ വിവരങ്ങൾക്ക് – ഫോൺ: 0484 2362672**

**എറണാകുളം കരയോഗത്തിലെ എല്ലാ വനിതാംഗങ്ങളും കരയോഗത്തിന്റെ സഹോദരസ്ഥാപനമായ സ്ത്രീ സമാജത്തിൽ അംഗത്വം എടുത്തുകൊണ്ട് വനിതകളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.**

# ERNAKULAM KARAYOGAM

D.H.ROAD,TDM HALL COMPLEX, COCHIN 682016

PH.2361160(30 Lines) Extn : 35/38

## NAVARATHRI CELEBRATIONS 2018 COMPETITIONS

| DATE | TIME | ITEM | SECTION |
|---|---|---|---|
| 09/09/2018 (Sunday) | 9.30 am. | Lalitha sahasranamam | Sub Juniors |
| | | Vishnu Sahasranamam | " |
| | | Bhagavath Geetha, Narayaneeyam | " |
| | | Harinamakeerthanam | " |
| | | Ramayanam, Njanappana | " |
| | | Pathinaluvritham, Krishnagatha | " |
| | 1.00.pm. | Lalitha Sahasranamam | Juniors |
| | | Vishnu Sahasranamam | " |
| | | Bhagavath Geetha, Narayaneeyam | " |
| | | Harinama Keerthanam, | " |
| | | Ramayanam,Njanappana, | " |
| | | Pathinaluvritham , Krishnagatha | " |
| 16/09/2018 ( Sunday) | 9.30.am | Lalitha Sahasranamam | Seniors |
| | | Vishnu Sahasranamam | " |
| | | Bhagavath Geetha,Narayaneeyam, | " |
| | | Harinama Keerthanam | " |
| | | Ramayanam,Devimahatmyam | " |
| | | Bharatham,Pathinaluvrutham | " |
| | | Krishnagatha | " |
| | 3.00 pm. | Veena, Violin, Mridangam | Combined |
| | | Ottamthullal, Kathakali Cholliyattom | Combined |
| | | Kathakalipadam | " |
| | | Sopanasangeetham (Ashtapathi) | " |
| 21/09/2018 (Friday) | 9.30 a.m | Namavali (Single) | Sub Juniors |
| | | Namavali (Single & Group) | Juniors |
| | | Namavali (Single & Group) | Seniors |
| | | Patriotic Song | Combined |
| | 2.00 pm. | Speech (English & Malayalam) | Juniors & Seniors |
| 23/09/2018 (Sunday) | 10.00am | Painting | Sub Juniors, Juniors & Seniors |
| | 2.00 pm. | Light Music | Sub Juniors, Juniors & Seniors |
| 30/09/2018 (Sunday) | 9.00 am. | Carnatic Music | Sub Juniors, Juniors |
| | 12.00 Noon | Floral arrangement | Combined |
| | 2.00 pm. | Carnatic Music | Seniors |
| | 5.00 pm. | Purana-Quiz | Sub Juniors |
| | | Purana Quiz (writteen test) | Juniors & Senior |
| 02/10/2018 (Tuesday ) | 9.30 am | Recitation in Malayalam | Sub Juniors & Juniors |
| | 10.30 am | Aksharaslokam | Juniors & Seniors |
| | 2.00 pm | Essay(English,Malayalam,Hindi) | Juniors & Seniors |
| | 3.00 pm | Recitation in Malayalam | Seniors |
| | 5.00 pm | Karayogam Smaranikageetham | Sub Juniors, Juniors & Seniors |
| 07/10/2018 (Sunday) | 9.30 am. | Thiruvathirakali | Combined |
| | | Folk dance (Single) | Sub-Juniors, Juniors & Seniors |
| | | Folk dance (Group) | Sub-Juniors, Juniors & Seniors |
| | 2.00 pm. | Handwriting (English, Malayalam & Hindi) | Sub-Juniors, Juniors & Seniors |
| 13/10/2018 ( Saturday) | 8.30 am. | Bharathanatyam | Seniors |
| | | Kuchippudi, Mohiniyattom, | |
| 14/10/2018 (Sunday) | 8.30 am. | Bharathanatyam | Juniors |
| | | Kuchippudi, Mohiniyattom | |





# നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജുനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം മൂലമന്ത്രാത്മിക..............വിഷ്ണുഗ്രന്ഥി വിഭേദിനീ (36 മുതൽ- 38 വരെ) - 6 വരികൾ
2. വിഷ്ണുസഹസ്രനാമം വിക്ഷരോ രോഹിതോ...............ഗഹനോഗുഹ (40 മുതൽ 41 വരെ) - 4 വരികൾ
3. ഭഗവദ്ഗീത ദ്യുതീയദ്ധ്യായം - സാംഖ്യയോഗ: കുതസ്ത്വാ.....................പരന്തപ. (2 മുതൽ 3 വരെ - 4 വരികൾ)
4. നാരായണീയം ഒന്നാം ദശകം - നിഷ്കംപേ..................കലാസ്വേവ ഭൂമൻ (4)
5. ഹരിനാമകീർത്തനം ആനന്ദചിന്മയ ഹരേ..........................നാരായണായ നമ: (3 മുതൽ 4 വരെ)(8 വരികൾ)
6. രാമായണം ബാലകാണ്ഡം - കൗസല്യാസ്തുതി -നമസ്തേ ദേവദേവ.........................വേലയത്രേ (8 വരികൾ) - 620
7. ജ്ഞാനപ്പാന കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ........................കണ്ടാലും തിരിയാ ചിലർക്കേതുമേ (8 വരികൾ)
8. പതിനാലുവൃത്തം പ്രഥമവൃത്തം - സുരപുരിസമമാം ദ്വാരകാ തന്നിൽ.................കപടതയോടെ ശയനം ചെയ്തു നാരായണജയ
9.കൃഷ്ണഗാഥ കാളിയമർദ്ദനം - അച്ഛനുമമ്മയും മറ്റുള്ളലോകരും..................ഏതുമേ മിണ്ടുവാൻ വല്ലീലപ്പോൾ (61 മുതൽ 65 വരെ)

## ജുനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം ശിവപ്രിയാ ശിവപരാ..................കാന്തിർനന്ദിനീ വിഘ്നനാശിനീ (89 മുതൽ 94 വരെ)
2. വിഷ്ണുസഹസ്രനാമം അജോ മഹാർഹ:.........................പുഷ്കരാക്ഷോ മഹാമന: (69 മുതൽ 72 വരെ)
3. ഭഗവദ്ഗീത തൃതീയാദ്ധ്യായം-കർമ്മയോഗ-കാമ ഏഷ ക്രോധ.........ദുഷ്പൂരേണാനലേന ച (37 മുതൽ 39 വരെ - 6 വരികൾ)
4. നാരായണീയം കേയൂരാംഗദ................വിഷ്ണോ വിഭോ - രണ്ടാം ദശകം (2 മുതൽ 3 വരെ)
5. ഹരിനാമകീർത്തനം ആദ്യക്ഷരത്തിലുളവാ.............നാമങ്ങളൊന്നൊഴികെ നാരായണായനമ: (15 മുതൽ 17 വരെ)
6. രാമായണം ആരണ്യകാണ്ഡം - ജടായുസ്തുതി - അഗണ്യഗുണ...........പ്രണതോസ്മ്യഹം രാമം (1670 മുതൽ 12 വരികൾ
7. ജ്ഞാനപ്പാന വിശ്വനാഥന്റെ മൂലപ്രകൃതി താൻ..................അതിലുത്തമം ഭാരതഭൂതലം : (16 വരികൾ)
8. പതിനാലുവൃത്തം സപ്തമവൃത്തം - കമലാകാന്തന്റെ കാരുണ്യശീലന്റെ................സ്മരണംചെയ്താലും ദേവനാരായണ
9.കൃഷ്ണഗാഥ ഗോവർദ്ധനോദ്ധാരണം - കാട്ടിൽ കിടന്നിട്ടു കാലിയും മേച്ചുള്ള............പൊറുത്തുകൊള്ളും (67 മുതൽ 72 വരെ)

## സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം ജന്മമൃത്യുജരാതപ്ത..............കൂടസ്ഥാ കുലരൂപിണി (159 മുതൻ 166 വരെ ) 16 വരികൾ
2. വിഷ്ണുസഹസ്രനാമം ജഗത്പ്രഭും............സ്തവൈവർച്ചേന്നര: സദാ (4 മുതൽ 8 വരെ)
3. ഭഗവദ്ഗീത അഷ്ടമോദ്ധ്യായ - അക്ഷരം ബ്രഹ്മ.........തദ്ഭാവഭാവിത: (3 മുതൽ 6 വരെ)
4. നാരായണീയം മൂന്നാം ദശകം - പഠന്തോ നാമാനി.......വിവത്സ്യാമി വിജനേ (1 മുതൽ 2 വരെ)
5. ഹരിനാമകീർത്തനം ധന്യോഹമെന്നുമതി................കളയായ്കകാലമിനി നാരായണായ നമ; (50 മുതൽ 53 വരെ)
6. രാമായണം സുന്ദരകാണ്ഡം-ലങ്കാദഹനം - വദനമപി കരചരണമല്ല.....വാലുമതീവ ശേഷിച്ചിതു പിന്നെയും (11.20 മുതൽ 11.30 വരെ)
7. ദേവീമാഹാത്മ്യം ധ്യാനം - ഖഡ്ഗം ചക്രഗദേഷുചാപ..................ഘണ്ഡാം സുരാഭാജനം (പേജ് - 68)
8. ഭാരതം അർദ്ധരാജ്യാഭിഷേകം: വരുത്തീയുധിഷ്ഠിരൻ തന്നെയും..................ഇന്ദ്രപ്രസ്ഥംപുക്കിതുപാണ്ഡവരും
9. പതിനാലുവൃത്തം നവമവൃത്തം - തേരിൽ നിന്നും നിലത്തിറങ്ങി............കുണ്ഠനാമടിയന്നുനൽഗതിയിന്നു ശങ്കരപാഹിമാം
10.കൃഷ്ണഗാഥ കുചേലഗതി - എന്നുടെ മാനസം തന്നിലുമുണ്ടിതു...........വേണമെന്നുണ്ടു ഞായം.(24 മുതൽ 29 വരെ)

## മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

**പ്രായ പരിധിഃ**

1. സബ്ജുനിയർ 8 വയസ്സു വരെ, 2. ജുനിയർ 8 വയസ്സു മുതൽ 12 വയസ്സു വരെ, 3. സീനിയർ 12 വയസ്സു മുതൽ 16 വയസ്സു വരെ പൊതുവെ മൽസരങ്ങളിൽ 16 വയസ്സിനു മീതെയുള്ളവർക്ക് ചേരുവാനുള്ള അർഹതയില്ല, പക്ഷെ വീണ, വയലിൻ,മൃദംഗം, ഓട്ടൻ തുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നിവയിലുള്ള മത്സരങ്ങളിൽ 18 വയസ്സുവരെയുള്ളവർക്ക് ചേരാവുന്നതാണ്. തിരുവാതിരകളി മൽസരങ്ങളിൽ 18 വയസ്സിനുമുകളിലുള്ളവർക്ക് ചേരാവുന്നതാണ് (പങ്കെടുക്കാവുന്നവർ 8,പിന്നണിയിൽ പാട്ടു മാത്രവും കൈമണിയും ഉപയോഗിക്കാം പാട്ടുകാർ രണ്ടു പേരിൽ കൂടരുത്). 2018 ആഗസ്റ്റ് 1 നുള്ള വയസ്സാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രായപരിധിയുടെ അടിസ്ഥാനം. ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം (ഫോക്ഡാൻസ്), ഓട്ടൻതുള്ളൽ, കഥകളി ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണിവാദ്യ സംഘങ്ങളെ സ്വന്തം ചെലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. (സി.ഡി. ഉപയോഗിക്കാവുന്നതാണ്) ഇത് തിരുവാതിര മത്സരത്തിന് ബാധകമല്ല ഒറ്റയ്ക്കായൊ/ഗ്രൂപ്പായൊ ഉള്ള ഓരോ ഇനത്തിലും പങ്കെടുക്കുന്നതിനായി ആൺകുട്ടികളും പെൺകുട്ടികളും യഥാക്രമം അഞ്ചു പേർ/മൂന്ന് ഗ്രൂപ്പ് വീതമില്ലെങ്കിൽ അവർക്കായി വെവ്വേറെ മത്സരം നടത്തുന്നതല്ല. ഓരോ ഇനത്തിലും മത്സരിക്കുന്നതിന് വെവ്വേറെ അപേക്ഷാഫോറം പൂരിപ്പിച്ച് കൊടുക്കേണ്ടതാണ്.
2. ജനന തിയതിക്കുള്ള തെളിവ് മൽസരങ്ങളിൽ ചേരുന്നവർ തങ്ങളുടെ അപേക്ഷകളോടൊപ്പം ജനന തീയതിക്കുള്ള തെളിവെന്ന നിലയിൽ സ്ക്കുളിൽ നിന്നുള്ള സർട്ടിഫിക്കറ്റോ മറ്റേതെങ്കിലും രേഖകളോ ഹാജരാക്കേണ്ടതാണ്.
3. 2018 ആഗസ്റ്റ് 15-ാം തീയതി മുതൽ കരയോഗം ഓഫിസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഒരോ ഫോറത്തിനും ഇരുപത് രൂപാ വീതം കൊടുക്കേണ്ടതുണ്ട്. ഡാൻസ് ഇനങ്ങളിൽ(ഭരതനാട്യം,കുച്ചുപ്പുടി,മോഹിനിയാട്ടം) 100 രൂപയാണ് അപേക്ഷഫീസ്
4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2018 സെപ്തംബർ 5-ാം തിയതി വരെ സ്വീകരിക്കുന്നതാണ് സെപ്തംബർ 5-ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 250രൂപ വീതവും ഈടാക്കുന്നതാണ്.

---

2018 ലെ നവരാത്രി ആഘോഷപരിപാടികൾ ഒക്ടോബർ 10 മുതൽ 18 വരെ ഒമ്പതു ദിവസം നീണ്ടു നില്ക്കുന്ന വിവിധ കലാപരിപാടികളോടെ എല്ലാ ദിവസവും ടി.ഡി. എം ഹാളിൽ ഉണ്ടായിരിക്കുന്നതാണ്. അതിനോടനുബന്ധിച്ച് ഒമ്പതു ദിവസവും രാവിലെ 7.00 മണി മുതൽ ശ്രീമദ് ദേവിഭാഗവതപാരായണം നടത്തുവാൻ നിശ്ചയിച്ചിരിട്ടുണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സെപ്റ്റംബർ ലക്കം സൗഹൃദം മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

# ഭാരതരാഷ്ട്രവും സംസ്കൃതഭാഷയും

**ഡോ. പി. കെ. ദീപക് രാജ്**
**അധ്യാപകൻ, ആദർശസംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി**

**ശ്ലോകം 24**

സംസ്കൃത ഭാഷയെ മാറ്റിനിർത്തി ഭാരതരാഷ്ട്രത്തെക്കുറിച്ച് ചിന്തിക്കുകപോലും സാധ്യമല്ല. കാരണം, ഭാരതീയ സംസ്കാരം ആ ഭാഷയുമായി അത്രയധികം ഇഴുകിച്ചേർന്ന് നിൽക്കുന്നു എന്നതു തന്നെ. സനാതനസംസ്കൃതിയുടെ പ്രാണവായുവാണ് സംസ്കൃതമെന്ന് നമുക്ക് കാണാൻ സാധിക്കും.

വേദഭാഷയായ സംസ്കൃതം ഭാരതീയസംസ്കാരത്തിൽ രൂഢമൂലമായിരുന്നു. തപസ്സിന്റെ പ്രഭാവം കൊണ്ട് അന്തഃകരണം പവിത്രമാക്കിയ ഭാരതീയ ഋഷീശ്വരന്മാർ സംസ്കൃത ഭാഷയുടെ ചിറകിലേറി മനനം കൊണ്ടും നിരീക്ഷണം കൊണ്ടും മൂവായിരത്തിലധികം വർഷങ്ങൾക്കു മുമ്പ് തന്നെ ആധുനിക ലോകത്തിന് പ്രാപ്തമായ അറിവുകൾ സ്വായത്തമാക്കി. നാം വസിക്കുന്ന ഭൂമിയെ അമ്മയായും, ജീവജാലങ്ങളെ സഹജീവികളായും പർവ്വതങ്ങളെയും നദികളെയും ബന്ധുക്കളായും, ജലം വായു തുടങ്ങിയ പ്രപഞ്ച ശക്തികളെ ഈശ്വരരൂപത്തിലും കാണുന്ന വസുധൈവകുടുംബകം എന്ന ഉദാത്തമായ സങ്കല്പത്തെ ഭാരതീയരിൽ ഉറപ്പിച്ചതും ഈ ഭാഷയായിരുന്നു.

പാശ്ചാത്യചരിത്രഗവേഷകനും ചിന്തകനും എഴുത്തുകാരനുമായ വിൽ ഡ്യൂറന്റിന്റെ അഭിപ്രായത്തിൽ ലോക ഭാഷകളുടെ അമ്മയാണ് സംസ്കൃതം. ഭാരതത്തിലെ പ്രാദേശിക ഭാഷകളിലെല്ലാം തന്നെ ഉപയോഗിക്കുന്ന പകുതിയിലധികം വാക്കുകളും സംസ്കൃതമാണ്. അതുകൊണ്ട് തന്നെ ഭാരതീയരുടെ രക്തത്തിൽ സ്വാഭാവികമായി അലിഞ്ഞുചേർന്ന ഭാഷയാണ് സംസ്കൃതം എന്നു പറയാം. ഇടക്കാലത്തെപ്പോഴോ മഹത്തായ ഈ ഭാഷ പല കാരണങ്ങൾ കൊണ്ടും മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടു. എന്നാൽ ഈശ്വരനിയോഗമെന്നപോലെ സംസ്കൃതം അതിന്റെ പ്രഭാവകാലത്തിലേക്ക് കുതിക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. ഭാരതത്തിൽ ഇന്ന് പതിനെട്ടോളം സംസ്കൃതസർവകലാശാലകളും ആയിരക്കണക്കിന് സംസ്കൃതവിദ്യാലയങ്ങളും ഗുരുകുലങ്ങളും പ്രവർത്തിച്ചു വരുന്നു. വിദേശങ്ങളിലുള്ള പ്രസിദ്ധങ്ങളായ സർവകലാശാലകളിലും സംസ്കൃത വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതെല്ലാം ഈ ഭാഷയുടെ മഹത്വത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.

ഭാരതത്തിൽ സംസ്കൃതഭാഷയുടെ പ്രചാരണത്തിനായി അവിരതം പ്രവർത്തിച്ചു വരുന്ന സംഘടനയാണ് സംസ്കൃതഭാരതി. സംസ്കൃത ഭാരതിയുടെ കേരളഘടകം വിശ്വസംസ്കൃത പ്രതിഷ്ഠാനം എന്ന പേരിൽ പ്രവർത്തിക്കുന്നു. ദശദിനസംസ്കൃത സംഭാഷണശിബിരമെന്ന സരളവും രസകരവുമായ പദ്ധതിയിലൂടെ ജനങ്ങളിൽ സംസ്കൃതത്തോടുള്ള അഭിരുചി വളർത്തി, അവരെ ശാസ്ത്രബോധമുള്ളവരും രാഷ്ട്രബോധമുള്ളവരുമാക്കിത്തീർക്കുക എന്നതാണ് ലക്ഷ്യം. സംസ്കൃതഭാരതി ഇന്ന് ഭാരതത്തിന് പുറമെ 16 വിദേശ രാജ്യങ്ങളിലും പ്രവർത്തിച്ച് മുന്നേറുന്നു.

1969 മുതൽ ഭാരതത്തിൽ എല്ലാ വർഷവും ശ്രാവണപൗർണ്ണമിദിനം സംസ്കൃതദിനമായി ആചരിക്കുന്നു. വാജ്പേയി സർക്കാർ 2000-01 വർഷം സംസ്കൃത വർഷമായി ആചരിച്ച് ഈ ഭാഷയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടി. ആ വർഷം മുതൽ സംസ്കൃതദിനം സംസ്കൃതവാരാചരണമായി ആചരിക്കാൻ തുടങ്ങി. സംസ്കൃതദിനത്തിന് മുമ്പും പിമ്പുമുള്ള മൂന്ന് ദിനങ്ങൾ ചേർത്താണ് വാരാചരണം നടക്കുന്നത്.

സംസ്കൃതദിനാഘോഷത്തിന്റെ ഈ സന്ദർഭത്തിൽ ഭാരതത്തിന്റെ പ്രാണവായുവായ, വിശ്വഭാഷാജനനിയായ സംസ്കൃതഭാഷയുടെ പഠനത്തിനും, ആചരണത്തിനും, പ്രചാരണത്തിനുമായി നമുക്ക് ആത്മാർത്ഥമായി യത്നിക്കാം.

പഠാമ സംസ്കൃതം പാഠയാമ സംസ്കൃതം.......





# ഹരിസുധാലഹരി

**നന്ദകുമാർ മേനോൻ, ഫോ:9895981809**

**ശ്ലോകം 24**

കന്ദർപ്പായുധസുന്ദരം വ്രജവധൂചിത്താബ്ജ
ബാലാരുണം
മന്ദസ്മേരവശീകൃതാഖിലഭുവം
പീതാംബരാലംകൃതം
സ്യന്ദച്ചിദ്രസശങ്കരാത്മക ലസദ്വംശീധരം കേവലാ-
നന്ദം നന്ദകിശോരരൂപമനിശം മച്ചേതസിദ്യോതതാം
(ശ്രീകൃഷ്ണൻ)

**പദാർത്ഥം :**

കന്ദർപ്പ = കാമദേവൻ
അയുത = അളവറ്റ
സുന്ദരം = സുന്ദരനെ
വ്രജ = തൊഴുത്ത്, ഇടയവർഗം
വധു = യുവതി
ചിത്താബ്ജ = മനസ്സാകുന്ന താമര
ബാലാരുണം = ഉദയസൂര്യനെ
മന്ദസ്മേര = ചെറുപുഞ്ചിരി
വശീകൃത = വശീകരിച്ച
അഖിലഭുവം = മുഴുവൻ പ്രപഞ്ചത്തെയും
പീതാംബര = മഞ്ഞവസ്ത്രം
അലംകൃതം = അലങ്കരിച്ചവനെ
സ്യന്ദ = ഒഴുകുന്ന
ചിദ്രസ = ആനന്ദാമൃത
ശങ്കരാത്മക = ശിവന്റെ രൂപമുള്ള
ലസത് = വിലസിക്കുന്ന
വംശീധരം = ഓടക്കുഴൽ ധരിക്കുന്നവനെ
കേവലാനന്ദം = ശുദ്ധാനന്ദത്തിനെ
നന്ദകിശോരരൂപം = നന്ദന്റെ കുഞ്ഞിന്റെ രൂപമുള്ളവനെ
അനിശം = രാപകലില്ലാതെ
ചേതസി = അന്തരംഗത്തിൽ
ദ്യോതതാം = ശോഭിക്കട്ടേ

**ശ്ലോകാർത്ഥം :**

അസംഖ്യം കാമദേവന്മാർക്ക് തുല്യം സുന്ദരനും, ഗോപികാകന്യകളുടെ മനസ്സാകുന്ന താമരകൾക്ക് ഉദിക്കുന്ന സൂര്യനും, ചെറുപുഞ്ചിരികൊണ്ട് പ്രപഞ്ചത്തെ അപ്പാടെ വശീകരിച്ചവനും, മഞ്ഞ വസ്ത്രം കൊണ്ട് അലങ്കരിക്കപ്പെട്ടവനും, ഒഴുകുന്ന ചിത്താകുന്ന അനുഭൂതിയായ ശങ്കരസ്വരൂപത്തിലുള്ള ഓടക്കുഴൽ ധരിച്ചവനും, ശുദ്ധ ആനന്ദമായവനും, നന്ദന്റെ കുട്ടിയായവനും, രാപകലില്ലാതെ എന്റെ അന്തരംഗത്തിൽ ശോഭിക്കട്ടെ.

**വ്യാഖ്യാ :**

കന്ദർപ, 'കന്ദർപോ ദർപകോനംഗ :കാമ: പഞ്ചശര : സ്മര : ശംബരാരീർമ്മനസിജ : കുസുമേശുര നന്യജ.' (അമരം : 1 സ്വ. 28 ) കാമദേവൻ എന്ന് പ്രസിദ്ധം. കാമം ആഗ്രഹം, വാഞ്ച. വിശേഷാൽ ലൈംഗികാസക്തി. കാമന്റെ പത്നി രതി എന്നത് പ്രസിദ്ധം. അവനു ശരീരമില്ല. മനസ്സിലാണവന്റെ വാസം. ഓരോ മാനവന്റെയും മനസിൽ കാമം ജനിക്കുന്നു എന്നതുകൊണ്ട് 'മനസിജ' , മന ഏവ മനുഷ്യാണാം 'കാരണം ബന്ധമോക്ഷയോ'. മനസ്സാണ് മനുഷ്യന്റെ ബന്ധത്തിനും മോക്ഷത്തിനും കാരണം. ആ ബന്ധം സൃഷ്ടിക്കുന്നവൻ കാമൻ. അതിന്റെ ദേവൻ.

സുന്ദര. 'കാന്തം മനോരമം രുച്യം മനോജ്ഞം മഞ്ജു മഞ്ജുളം' എന്ന് അമരം. ആകർഷണശക്തിയുള്ള കാന്തമാണ് സുന്ദരം. മനസിനു മാത്രം അറിയാൻ കഴിയുന്ന മനോജ്ഞം. മനസിനെ അതു രമിപ്പിക്കുന്നു.... ആവർത്തിച്ചാവർത്തിച്ച് രുചിക്കാൻ തോന്നുന്ന രുച്യം. കാമദേവൻ അങ്ങനെയുള്ള സുന്ദരനാണ്. തീയിലേക്കാകർഷിക്കപ്പെടുന്ന ഈയാൻ പാറ്റകളെപോലെ മനുഷ്യനെ കാന്തശക്തിയോടെ ആകർഷിച്ച്, മനസ്സിനെ സദാ രമിപ്പിച്ചുകൊണ്ടിരിക്കുന്നവൻ കന്ദർപൻ.

അയുത അസംഖ്യം. ആയിരം എന്നത് പ്രയോഗസൗകര്യമെങ്കിലും അളവറ്റ, എണ്ണാൻ പറ്റാത്ത എന്നിത്യാദി അർത്ഥം അയുതത്തിന് പ്രസിദ്ധം. മനസിൽ ജനിച്ച് (മനസിജ) അതേ മനസിനെ രമിപ്പിക്കുന്ന (മനോരമ) എണ്ണാൻ കഴിയാത്തത്ര കാമദേവന്മാർക്ക് സമനായ.

വ്രജവധു. വ്രജ തൊഴുത്ത് , കന്നുകാലികൾ, ഇടയന്മാർ എന്നിവയെ സൂചിപ്പിക്കുന്നു. ഇവിടെ ഇടയന്മാരായ ഗോപാലന്മാർ എന്നത് സുസിദ്ധം. വധു. 'സ്ത്രീയോഷിദബലാ യോഷാ നാരീ സീമന്തിനീ വധു: പ്രതീപദർശിനീ വാമാ വനിതാ മഹിളാ തഥാ'

(അമരം : 2.മ.2) വധു എന്നതിന് നാടൻ ഭാഷയിൽ കല്യാണപ്പെണ്ണ് എന്നാണ് പൊതുവേ അർത്ഥമാക്കുന്നതെങ്കിലും, സംസ്കൃതത്തിൽ മേൽപറഞ്ഞതിൻപ്രകാരം സ്ത്രീ, നാരീ (നരന്റെ സ്ത്രീലിംഗം) വാമാ (ഇടതുവശം) എന്നെല്ലാം അർത്ഥം വരും. 'പ്രതീവദർശിനീ' എന്നും അമരസിംഹൻ പറഞ്ഞുവച്ചു. ചരിഞ്ഞ നോട്ടമുള്ളവൾ, അല്ലെങ്കിൽ കടക്കണ്ണു കൊണ്ടു നോക്കുന്നവൾ എന്നാണ് ഇതിന് പാരമേശ്വരീ വ്യാഖ്യാനം കാണുന്നതെങ്കിലും, പ്രതീപ എന്നതിന് തിരിഞ്ഞ, വിരുദ്ധമായ മറുവശം കടുംപിടുത്തം എന്നെല്ലാമുള്ള പ്രകടമായ അർത്ഥമെടുത്ത് , 'പ്രതീപദർശിനി' എല്ലാത്തിന്റെയും മറുവശം കാണുന്നവൾ കടുംപിടുത്തം പ്രകടമാക്കുന്നവൾ എന്നെല്ലാമായിരിക്കണം ഗുരു ഉദ്ദേശിച്ചത്. അത് നികൃഷ്ടമല്ല. ഋജുബുദ്ധിയായ നരന് എല്ലാത്തിന്റെയും മറുവശം കൂടി കാണിച്ചുകൊടുക്കാൻ വന്നവളാണ് നാരി. അതുകൊണ്ട് തന്നെയാണ് ഗുരു. വധു എന്ന വാക്കിവിടെ ഉപയോഗിച്ചത്. ഇടയനാരികളുടെ.

ചിത്താബ്ജ. ചിത്തമാകുന്ന താമര. ബാലാരുണം. ഇപ്പോൾ ഉദിക്കുന്ന കുട്ടിസൂര്യൻ. താമര വിരിയുന്നത് സൂര്യൻ ഉദിക്കുമ്പോഴാണ്. കിഴക്ക് പതുക്കെ ഉദിക്കുന്ന മുറക്ക്, താമര പതുക്കെ പതുക്കെ വിരിയുന്നു. രവി അസ്തമിക്കുന്നതോടു കൂടി താമര കൂമ്പുന്നു. ബാലാരുനെ കാണുന്ന താമര പെട്ടെന്ന് വികസിക്കുന്നില്ല. രാത്രി മുഴുവൻ കാത്തിരുന്ന തന്റെ കാമുകൻ വരുമോ എന്ന് ശങ്കിക്കുന്ന താമര കാമുകന്റെ അരുണശോഭമായ മുഖം കണ്ട് പതുക്കെ ചിരിക്കാൻ തുടങ്ങുന്നതേയുള്ളു. അവൻ തിരിച്ചു പോയാൽ അവൾ കൂമ്പും. അവൻ അരുണിമ വിട്ട് പ്രകാശമാനനാവുന്നതോടു കൂടി അവൾ മുഖം വിടർത്തി പുഞ്ചിരിക്കുന്നു. ഇടയകന്യകകളുടെ മനസാകുന്ന താമരക്ക് ഇങ്ങനെയെല്ലാമിരിക്കുന്ന ബാലാരുണനാണ് നായകൻ. ഹാ! മന്ദസ്മേര. വളരെ പതുക്കെയുള്ള ചിരി. പുഞ്ചിരി.

വശീകൃതാഖിലഭുവം. വശീകരിക്കപ്പെട്ട ഭുവനം മുഴുവനും കൂടിച്ചേർന്നവൻ. ആ ബാലാരുണനും മന്ദസ്മേരവും തമ്മിലുള്ള ചേർച്ചയിലെ കവിത്വം നോക്കുക. കുട്ടിസൂര്യൻ ഇടയകന്യകകളുടെ ചിത്തം അപഹരിച്ചു. കുട്ടിച്ചിരി അഖിലഭുവനവും അപഹരിച്ചു. അപ്പോൾ ഇതു രണ്ടും ക്രമേണ പ്രകാശമാനമായ സൂര്യനും. വിലാസപൂർണ്ണമായ ചിരിയും ആവുമ്പോൾ എന്തായിരിക്കും!!/പീതാംബരാലംകൃതം. പീതം മഞ്ഞ. അലംകൃതം അലങ്കരിക്കപ്പെടുന്നവൻ. മഞ്ഞ ഭൂമിയുടെ നിറം. കൃഷ്ണൻ അഗാധ നീലം. അനന്തമജ്ഞാതമായിരിക്കുന്ന നീലയെ ഭൂമിയിൽ പരിമിതപ്പെടുത്തുന്ന മഞ്ഞ. സ്യന്ദച്ചിദ്രസ, ഒഴുകുന്ന ചിത്താകുന്ന രസം. രസം രുചിഭേദമായ ഷഡ്രസങ്ങളും ഭാവാത്മകങ്ങളായ നവരസങ്ങളും. രസനാവേദ്യമായി പഞ്ചഗുണങ്ങളിലൊന്നായ രസവും. അങ്ങനെ എല്ലാ രസങ്ങളും ചേർന്ന ചിത്താകുന്ന രസം./ ഒഴുകുന്ന , പ്രവാഹം. ചിത് സ്ഥാണുവല്ല. അത് ചലനാത്മകവും അചലവും. ശങ്കരാത്മക. അങ്ങനെയുള്ള ശങ്കരസ്വരൂപമായ. ശങ്കരൻ ചിദാത്മകൻ. /വംശീധരം. വംശീ മുളന്തണ്ട് ധരിക്കുന്നവൻ. ''ഗോപ്യോ ഗാവർച സ്തസ്യ യഷ്ടീകാ കമലാസന വംശസ്തു ഭഗവാൻ രുദ്ര ശൃംഗമിന്ദ്രോ സഗോകുല'' (കൃഷ്ണോപനിഷദ് :8) എന്നതുകൊണ്ട്, ഭഗവാൻ കൃഷ്ണരൂപം ധരിച്ചപ്പോൾ , രുദ്രൻ ഓടക്കുഴലായി. അല്ലെങ്കിൽ,ഒഴുകുന്ന ചിത്താകുന്ന നവരസഷഡ്രസങ്ങളിലൂടെ സുഖം (ശം) പ്രദാനം ചെയ്യുന്ന രൂപത്തിൽ ശോഭിക്കുന്ന അമൃതിന്റെ (വം) ആനന്ദത്തിന്റെയും (ശി) പർവ്വതം (ധര) കേവലാനന്ദം. കേവലം ഒന്നിനെയും അപേക്ഷിക്കാത്തത്. ആശ്രയിക്കാത്തത്. എന്തിൽ നിന്നാണ് ഈ ആനന്ദമുളവാകുന്നത് എന്ന് ചോദിച്ചാൽ ഉത്തരമില്ലാത്തത്. നന്ദകിശോരം. നന്ദന്റെ കുട്ടി. അനിശം. രാത്രിയും പകലുമില്ലാതെ. മച്ചേതസി. എന്റെ ചേതസിൽ. ദ്യോതതാം. പ്രഭ ചൊരിയട്ടെ.

*(മിനിക്കഥ)*

**ഗൗരി. പി**

# അപരിചിതം

വിദേശത്തുള്ള കൊച്ചുമക്കൾ നാട്ടിലെത്തുമ്പോഴേക്കും അവർക്ക് കൊടുക്കാനായി ഉണ്ണിയപ്പം, ചക്ക വറുത്തത്, ശർക്കര വരട്ടി, കായവറുത്തത്, അവിലോസുണ്ട, മാമ്പഴ പുളിശ്ശേരി തുടങ്ങി പലതും അമ്മൂമ്മ ഉണ്ടാക്കി വച്ചു. പക്ഷെ നാട്ടിലെത്തിയ കുട്ടികൾ ആവശ്യപ്പെട്ടത് പിസ, പിസ്ത, ബർഗർ, കോമ്പോ, ന്യൂഡിൽസ്, ബിരിയാണി. അമ്മൂമ്മക്ക് അതിൽ പല പേരുകളും അപരിചിതമായിരുന്നു !





# ആദ്ധ്യാത്മികദർശനം ഭാരതത്തിൽ

**പ്രൊഫ. അംബുജാക്ഷി. പി., ഫോൺ : 9447577652**

ലോകം ഒരു കിളിക്കൂടാണെന്നും എല്ലാ സൃഷ്ടികളും അതിലെ കിളികളാണെന്നും 'യത്ര വിശ്വം ഭവത്യൈകനീഡം' എന്ന പ്രമാണത്തിലൂടെ ലോകത്തെ ഉപദേശിക്കുന്നത് ഭാരതമാണ്.

'ലോകമേ തറവാട് തനിക്കിച്ചെടികളും

പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ' എന്ന് നമ്മുടെ കവികൾ ആ തത്ത്വത്തെ കൂടുതൽ പരിചയപ്പെടുത്തുന്നു. ജന്മജന്മാന്തരപുണ്യമാണ് മനുഷ്യജന്മത്തിനു കാരണം. മാനവജന്മത്തിൽ നിന്ന് നാം യാത്ര ചെയ്യേണ്ടത് ദാനവത്വത്തിലേക്കല്ല, മറിച്ച് മാധവത്വത്തിലേക്കാണ്. അസത്യത്തിൽ നിന്ന് സത്യം തേടിയുള്ള യാത്ര. മിഥ്യയിൽ നിന്ന് സത്യത്തിലേക്കുള്ള യാത്ര. കണ്ടതെല്ലാം മിഥ്യയാണെന്നും അതിൽ നിന്ന് സത്യത്തിലേക്ക് നയിക്കണേ എന്നും സൂചിപ്പിക്കുന്ന 'അസതോ മാ സദ് ഗമയ' എന്ന പ്രാർത്ഥനയും നമ്മുടെ സത്യാന്വേഷണഗാഥയാണ്. പരമമായ സത്യം ഒന്നാണെങ്കിലും ജ്ഞാനികൾ അതിനെ പല തരത്തിൽ വിളിക്കുന്നു എന്ന 'ഏകം സത് വിപ്രാഃ ബഹുധാ വദന്തി' എന്ന വേദമന്ത്രം നമ്മുടെ ചിന്താസരണിയുടെ വൈവിധ്യവും വൈശിഷ്ട്യവും വിളിച്ചോതുന്നു.

'യേ യഥാ മാം പ്രപദ്യന്തേ

താൻ തഥൈവ ഭജാമ്യഹം' എന്ന് ഭഗവദ് ഗീതയിൽ ഈ വൈവിധ്യം നിറഞ്ഞ ഏകഭാവത്തെ സമർത്ഥിക്കുന്നു. തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്കുള്ള-ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള ആധ്യാത്മിക യാത്രയിൽ എല്ലാ ധർമ്മങ്ങളേയും സമഭാവനയോടെ സ്വീകരിക്കുക. സനാതനധർമ്മിയുടെ ഉദാരമായ മറ്റൊരു പ്രാർത്ഥന ലോകജനതയെ ആശ്ചര്യഭരിതരാക്കുന്നു.

'ആ നോ ഭദ്രാ ഃ ക്രതവ ഃ യന്തുഃ വിശ്വത' എല്ലായിടത്തും ശുഭകാര്യങ്ങൾ- ശുഭകാര്യങ്ങൾ മാത്രം സംഭവിക്കട്ടെ . എല്ലായിടത്തു നിന്നും നല്ല ചിന്തകൾ വന്നു ചേരട്ടെ എന്ന് മഹർഷിമാർ പ്രാർത്ഥിക്കുമ്പോൾ അവരുടെ ഹൃദയവും മനസ്സും ബുദ്ധിയും വിശ്വാസത്തിന്റെ താക്കോലിട്ട് പൂട്ടിയിട്ടില്ലെന്നു കാണാം. കണ്ടെത്തിയതെല്ലാം അതേപടി വിശ്വസിക്കാനും അവർ തയ്യാറല്ല. 'ഉദാരചരിതാനാം തു വസുധൈവ കുടുംബകം' എന്ന ഉദാരചിന്ത തന്നെയാണ് അവിടെയും കാണാൻ സാധിക്കുന്നത്.

താൻ മാത്രമാണ് ഭൂമിയുടെ പരമാധികാരി, മറ്റുള്ളവയെല്ലാം തന്റെ ഭോഗവസ്തുക്കൾ എന്നല്ല, 'ആത്മവത് സർവഭൂതേഷു' എന്നാണ് സനാതന വീക്ഷണം. എല്ലാറ്റിനേയും തന്നെപ്പോലെ കരുതാനും 'പരസ്പരം ഭാവയന്ത' എന്ന് പാരസ്പര്യത്തോടെ ജീവിക്കാനും ഈ ആധ്യാത്മികത ലോകത്തെ ഉദ്ബോധിപ്പിക്കുന്നു. തന്നിമിത്തം പ്രകൃതി സംരക്ഷണവും ഒക്കെ നമ്മുടെ ആധ്യാത്മികതയുടെ ഭാഗമായി മാറുന്നു. ലോകത്തെ മുഴുവനും ശ്രേഷ്ഠമാക്കുക എന്നൊരു ലക്ഷ്യമാണ് 'കൃണ്വന്തോ വിശ്വമാര്യം' എന്ന പ്രമാണം കൊണ്ട് നിർദ്ദേശിക്കുന്നത്. അടിമത്തം, ആക്രമണം, ചൂഷണം എന്നിവയ്ക്കെതിരായ ഒരു ഉദ്ബോധനത്തോടൊപ്പം തന്നെ 'ലോകാഃ സമസ്താ ഃ സുഖിനോ ഭവന്തു' എന്ന വിശാലമായ ഒരു വീക്ഷണം ആധ്യാത്മികതയിൽ കാണാൻ സാധിക്കുന്നു.

ഇന്ന് ഏറ്റവും കൂടുതൽ പീഢനങ്ങളേൽക്കുന്നത് സ്ത്രീക്കും പ്രകൃതിക്കുമാണ്. എന്നാൽ നമ്മുടെ സ്ത്രീ സങ്കല്പം എത്ര മഹത്തരമാണ്. 'മാതൃവത് പരദാരേഷു' എന്ന ചൊല്ല് സ്ത്രീയിലും പ്രകൃതിയിലും ഭൂമിയിലും ഒക്കെ മാതൃത്വം ദർശിക്കാനും സ്നേഹിക്കാനും പോഷിപ്പിക്കാനും പഠിപ്പിക്കുന്നു.

ആചാരം അനുഷ്ഠാനം എന്നിവയിൽ വൈവിധ്യം പുലർത്തുന്ന പലതരം ജനങ്ങളാണ് ആസേതുഹിമാചലം ഭാരതഭൂമിയിൽ അധിവസിക്കുന്നത്. എങ്കിലും 'ഈശാവാസ്യമിദം സർവം' 'തേനത്യക്തേന ഭുജ്ഞീഥാ' എന്നു തുടങ്ങിയ ആധ്യാത്മിമ വീക്ഷണങ്ങൾ എല്ലാ ജനങ്ങളെയും സമന്വയിപ്പിക്കുന്ന ഒരു അടിത്തറയായി മാറുന്നു.

അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം, സാംഖ്യം, ചാർവാകം, ശൈവം, വൈഷ്ണവം, ശാക്തേയം, കർമം, ജ്ഞാനം, ഭക്തി എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളിലൊക്കെ 'അഹം ബ്രഹ്മാസ്മി' 'അയമാത്മാ ബ്രഹ്മ' എന്നിങ്ങനെയുള്ള ആധ്യാത്മികചിന്താപ്രകാശം തന്നെയാണ് ഉള്ളത്.

'ഉദ്ധരേദാത്മനാത്മാനം
നാത്മാനമവ സാദയേത് -
ആത്മൈവഹ്യാത്മനോ ബന്ധു ഃ
ആത്മൈവ രിപുരാത്മന ഃ'

ഭഗവദ് ഗീത (6-5)

സംസാരഭ്രമത്തിൽപ്പെട്ടുഴലുന്ന മനസ്സിനെ ഉയർത്തി യോഗാരൂഢ പദവിയിലേക്ക് ഉയരുവിൻ. ഇന്ദ്രിയങ്ങളുടേയും വിഷയങ്ങളുടേയും പിന്നാലെ മനസ്സിനെ അഴിച്ചു വിടരുതേ, ആത്മാവാണ് തന്റെ ബന്ധു നിയന്ത്രണമില്ലാത്ത മനസ്സ് ശത്രുവും. ഈ സന്ദേശമാണ് സനാതനധർമ്മത്തിന്റെ കാതൽ. സർവ്വകാലപ്രസക്തമായ ഇത്തരം മൊഴിമുത്തുകൾ നമ്മുടെ ആധ്യാത്മിക ദർശനത്തിന്റെ മഹിമ വിളിച്ചോതുന്നു.

# കാമ്പസുകളിലെ കൊലപാതക രാഷ്ട്രീയം - വിചാരണ നേരിടേണ്ടത് ആരാണ് ?

**പ്രൊഫ. കെ. അരവിന്ദാക്ഷൻ**

നമ്മുടെ കലാലയ കാമ്പസുകളെ രാഷ്ട്രീയമുക്തമാക്കണമെന്ന അഭിപ്രായക്കാരനല്ല ഈ ലേഖകൻ എന്ന് ആദ്യമേ തന്നെ വ്യക്തമാക്കട്ടെ. മറിച്ചാണ് രേഖപ്പെടുത്തുന്നതെങ്കിൽ, അത് സ്വന്തം മനസ്സാക്ഷിയോട് ചെയ്യുന്നൊരു അനീതിയായിരിക്കും. കാരണമെന്തെന്നോ? ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കെ, അമ്പതുകളുടെ മദ്ധ്യം മുതൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായ പങ്കാളിത്തം എനിക്കുണ്ടായിരുന്നു എന്നതു തന്നെ. ഈ യാഥാർത്ഥ്യം തമസ്കരിക്കാൻ ആഗ്രഹിക്കുന്നില്ല.

എന്നാൽ, ഒരു കാര്യംകൂടി വ്യക്തമാക്കട്ടെ. അക്കാലത്തെല്ലാം കാമ്പസ് രാഷ്ട്രീയം ഏതാനും ചില ധാർമ്മിക മുല്യങ്ങളിലും അങ്ങേ അറ്റം സഹിഷ്ണുതയിലും, ജനാധിപത്യ തത്വങ്ങളിലും ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തനമേഖലയായിരുന്നു എന്ന് അടി വരയിട്ടു പറയാൻ എനിക്കു മടിയില്ല. അതേ അവസരത്തിൽ ഇന്നത്തെ അവസ്ഥ ഇതിനൊക്കെ കടക വിരുദ്ധമായ ഒന്നാണ്. ഈ മാറ്റത്തിനിടയാക്കിയിരിക്കുന്നത് കാമ്പസ് രാഷ്ട്രീയത്തിൽ നിന്നും പ്രത്യയശാസ്ത്ര ചിന്തയും, ധാർമ്മികതയും, ജനാധിപത്യ വിശ്വാസവും തുടച്ചു നീക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടാണ്. തൽസ്ഥാനം കയ്യടക്കിയിരിക്കുന്നതോ ? വർഗ്ഗീയതയും, ജാതീയതയും, മതതീവ്രവാദവും, ഹിംസാത്മകതയുമാണ്. പ്രത്യയശാസ്ത്ര വിശ്വാസം അന്ധമായ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അടിയറവു പറയേണ്ടതായി വന്നിരിക്കുന്നു; വഴിമാറി കൊടുക്കേണ്ടതായി വന്നിരിക്കുന്നു. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, അവയുടെ നിറം ഏതു തന്നെയായിരുന്നാലും, കാമ്പസ് രാഷ്ട്രീയത്തിന്റെ അപകടത്തിലേക്കു നയിക്കുന്ന ഈ ദിശാമാറ്റത്തെ ചെറുത്തു തോല്പ്പിക്കാനോ, വിമർശിക്കാൻ പോലുമോ സന്നദ്ധമാകുന്നുമില്ല. വോട്ട് ബാങ്ക് രാഷ്ട്രീയമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സ്വാഭാവം നിർണ്ണയിക്കുന്നത്. അതിന്റെ മുഖമുദ്രയും മറ്റൊന്നാകുന്നില്ല.

കാമ്പസ്സിനകത്തെ അന്തരീക്ഷം സമാധാനപരവും, ആരോഗ്യകരവുമാക്കി തീർക്കാൻ താല്പര്യം പ്രകടമാക്കാൻ ബാദ്ധ്യസ്ഥരായ നമ്മുടെ അദ്ധ്യാപക സമൂഹമാണെങ്കിൽ, തികഞ്ഞ നിസ്സംഗതാമനോഭാവത്തിലുമാണ്. കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള ഏഴു ജില്ലകളിലെ ചെറുതും, വലുതുമായ സർക്കാർ കോളേജുകളിൽ അദ്ധ്യാപകനായോ, വകുപ്പു മേധാവിയായോ, പ്രിൻസപ്പലായോ മൂന്നു ദശകക്കാലത്തിലേറെ സേവന മനുഷ്ഠിക്കാൻ ഭാഗ്യം സിദ്ധിച്ചൊരു വ്യക്തിയെന്ന നിലയിൽ, ഇന്നു കാണുന്ന വിധത്തിലുള്ള കാമ്പസ് രാഷ്ട്രീയവും, അത് അക്രമരാഷ്ട്രീയത്തിലേക്കും ആസൂത്രിതമായ കൊലപാതകങ്ങളിലേക്കും വഴുതി വീഴുന്ന ദുരന്തപൂരിതമായ കാഴ്ചയും ഒരിക്കലും ന്യായീകരിക്കുക സാദ്ധ്യമല്ല. കലാലയങ്ങളിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘടനാപരമായ പ്രശ്നങ്ങളും വ്യത്യസ്ത പ്രത്യയശാസ്ത്ര നിലപാടുകളുമായി ബന്ധപ്പെട്ട് സംഘർഷങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടായിട്ടില്ലെന്നല്ല ഇതിന്റെ അർത്ഥം. ഇത്തരം സന്ദർഭങ്ങളിലെല്ലാം കാമ്പസിനകത്തുനിന്നുള്ള അധികൃതരുടേതായ താല്പര്യപൂർവ്വവും, നിഷ്പക്ഷവും സമയോചിതവുമായ ഇടപെടലുകൾ വഴി സമാധാനാന്തരീക്ഷവും സൌഹൃദവും പുന:സ്ഥാപിക്കപ്പെട്ടു വന്നിട്ടുമുണ്ട്. എന്നാൽ ക്രമേണ സ്ഥിതി മാറി.

എന്തുകൊണ്ടാണ് ഈ മാറ്റമുണ്ടായതെന്ന് പരിശോധിക്കുമ്പോളാണ്, മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെയും, അവർക്ക് നേതൃത്വം നല്കുന്നവരുടെയും പരാജയം വെളിവാക്കപ്പെടുന്നത്. ചിലപ്പോഴെല്ലാം ഈ പരാജയം ഇടുങ്ങിയ രാഷ്ട്രീയ താല്പര്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയുമാകാം. ഇവിടേയും, രാഷ്ട്രീയ പാർട്ടികളുടെ പ്രത്യയശാസ്ത്ര താല്പര്യങ്ങൾ വലിയൊരളവോളം തിരസ്കരിക്കപ്പെടുകയും ചെയ്തേക്കാം. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സ്വാഭാവികമായും പുതുതലമുറക്കാരായ വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശകമായി രാഷ്ട്രീയ പാർട്ടികൾക്കിടയിൽ ‘റോൾ മോഡൽ’ ദാരിദ്ര്യം അനുഭവപ്പെടുന്നത്. ഈ ദാരിദ്ര്യം നമ്മുടെ ദേശീയ രാഷ്ട്രീയ പാർട്ടികളേയും പ്രാദേശിക രാഷ്ട്രീയ പാർട്ടികളേയും ഒരുപോലെ ഗ്രസിച്ചിരിക്കുന്നൊരു വ്യാധിയാണ്, സ്വഭാവമാണ്. കേരളസംസ്ഥാനംപോലെ രാഷ്ട്രീയ പ്രബുദ്ധതയുള്ളൊരു സംസ്ഥാനത്തുപോലും കാമ്പസുകൾ കൊലപാതകികളുടെ അഴിഞ്ഞാട്ടവേദികളാകുന്നതിന് മറ്റെന്തെങ്കിലും വ്യാഖ്യാനം നല്കാൻ കഴിയുമെന്ന് തോന്നുന്നില്ല. പൊതുവിൽ അക്രമ, കൊലപാതക രാഷ്ട്രീയത്തെ അപലപിക്കുന്ന സമൂഹമാണ് കേരളീയ സമൂഹമെന്നതും നമുക്കറിയാം. നമ്മുടെ നീതിന്യായവ്യവസ്ഥ കലാലയ രാഷ്ട്രീയ നിരോധനത്തിനനുകൂലമായ നിലപാടുകളെടുക്കാൻ നിർബന്ധിതമാകുന്നതും, ഈ ചിന്തയുടെ പ്രതിഫലനമായിരിക്കാം. എന്നിരുന്നാൽ തന്നേയും കാമ്പസുകളെ തീർത്തും രാഷ്ട്രീയമുക്തമാക്കിയാൽ സംഭവിക്കുക അരാജകത്വത്തിന്റെ കടന്നാക്രമണമായിരിക്കുമെന്ന യാഥാർത്ഥ്യവും നാം തിരിച്ചറിയണം. മദ്യവും, മയക്കുമരുന്നും അനാശാസ്യ പ്രവർത്തനങ്ങളും വലിയൊരളവിൽ കാമ്പസുകളെ കീഴടക്കുന്ന സാദ്ധ്യത തടഞ്ഞു നിർത്തുന്നത് വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ സാന്നിദ്ധ്യമാണെന്നതും മഹാരാജാസ് കോളേജ് അടക്കമുള്ള കാമ്പസുകളിൽ നിന്നുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നേരിട്ടറിയാൻ കഴിഞ്ഞൊരു വ്യക്തിയാണിതെഴുന്നത്. ഒന്നോ രണ്ടോ വർഷത്തെ അനുഭവമല്ല, രണ്ടു ദശകക്കാലത്തെ അനുഭവമാണിത്. ഈ അനുഭവങ്ങളുടെ നേർചിത്രങ്ങളാണ് ഈ ലേഖനത്തിന്റെ മുഖ്യ ഉള്ളടക്കം.

ഭരണകൂടത്തിന്റെ നിറം മാറുമ്പോൾ, കാമ്പസുകളിൽ ഇപ്പോൾ നടക്കുന്നത് ഒരു മാറ്റം മാത്രമാണ്. നേരത്തെ ഉണ്ടായിരുന്ന ആക്രമണകാരികൾ, ഇരകളായി മാറുന്നു, നേരെ തിരിച്ചും. കോളേജ് അധികൃതരെ സംബന്ധിച്ചിടത്തോളം ബലികഴിപ്പിക്കപ്പെടുന്നത് അക്കാദമിക് താല്പര്യങ്ങളാണ്. ഇതിൽ മാറ്റമൊന്നും ഉണ്ടാകുന്നുമില്ല. സർക്കാർ കോളേജുകളുടെ കാര്യമെടുത്താൽ, കലാലയാന്തരീക്ഷം അക്രമത്തിന്റെയും അസമാധാനത്തിന്റേതുമാകുമ്പോൾ, തകർത്തെറിയപ്പെടുന്നത് സമൂഹത്തിലെ പാർശ്വവല്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ഭാവിയാണ്. സാമൂഹ്യമായ അവഗണനയും, സാമ്പത്തിക അവശതകളും സഹിക്കാൻ വിധിക്കപ്പെട്ട നിരവധി ചെറുപ്പക്കാരുടെ ഭാവിയാണ് തന്മൂലം ഇരുളടയുന്നത്. ഇക്കൂട്ടത്തിൽ കുടുംബത്തിന്റെ ഏക ആശ്രയമായ ചിലരുടെയെങ്കിലും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു. സമ്പന്ന വർഗ്ഗത്തിൽ പെട്ടവർക്ക് ബദൽ ജീവിതമാർഗ്ഗങ്ങൾ തേടി പോകാൻ സാധിച്ചെന്നു വരാം. പാവപ്പെട്ടവർക്കും, നിരാലംബർക്കും സ്ഥിതി ഇതല്ല.

ഈ യാഥാർത്ഥ്യം തിരിച്ചറിയാത്തിടത്തോളം കേരളത്തിലെ കലാലയന്തരീക്ഷത്തിൽ ജിഷ്ണു പ്രണോയ്മാരും, അഭിമന്യുമാരും വരും നാളുകളുമുണ്ടായ്ക്കാം. അങ്ങനെ ഉണ്ടാവാതിരിക്കട്ടെ. ഭാരതത്തിന്റേതുപോലെ മഹത്തരമായൊരു സംസ്കാരത്തിന്റെ പ്രതിഛായയ്ക്ക് ഇത്തരം സംഭവങ്ങൾ കളങ്കം ചാർത്തുന്നു എന്നത് അനിഷേദ്ധ്യമായ വസ്തുതയാണ്. ഇതൊന്നും ഒരിക്കലും ആവർത്തിക്കപ്പെടരുത്. അതുപോലെ മതതീവ്രവാദം- അത് ന്യൂനപക്ഷങ്ങളുടെ ഭാഗത്തുനിന്നായാലും ശരി ഭൂരിപക്ഷത്തിന്റെ ഭാഗത്തുനിന്നായാലും ശരി എതിർക്കപ്പെടേണ്ടതാണ്. അതിനെതിരെ ജാഗ്രത പാലിക്കേണ്ടതുമാണ്. ഏതായാലും, കൊലപാതക രാഷ്ട്രീയത്തിന് കാമ്പസുകൾ വേദിയാവുന്ന പ്രവണതയ്ക്ക് കുറ്റവിചാരണ നേരിടേണ്ടത്, വിവിധ മുഖ്യധാരാ രാഷ്ട്രീയ പാർട്ടി നേതൃത്വങ്ങളാണ്. തല്കാലം ഇത്രമാത്രമേ പറയാനുള്ളു. നിർത്തുന്നു

## വിശേഷ ദിവസങ്ങൾ

### 2018 ആഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 14 വരെ

| | | |
|---|---|---|
| ആഗസ്റ്റ് | 15 | സ്വാതന്ത്ര്യദിനം |
| | 16 | തൃക്കാക്കര വാമനമൂർത്തിക്ഷേത്രത്തിൽ ഉത്സവം കൊടിയേറ്റ്, വിശ്വകർമ്മ ജയന്തി |
| | 17 | ആണ്ടുപിറപ്പ്, കർഷക ദിനം |
| | 24 | ഒന്നാം ഓണം, വാമനാവതാരം |
| | 25 | തിരുവോണം, തൃക്കാക്കര വാമനമൂർത്തിക്ഷേത്രത്തിൽ ആറാട്ട് |
| | 26 | രക്ഷാബന്ധൻ, ആവണി അവിട്ടം |
| | 27 | ശ്രീനാരായണഗുരു ജയന്തി |
| | 28 | അയ്യങ്കാളി ജയന്തി |
| | 29 | ആറന്മുള ഉതൃട്ടാതി വള്ളംകളി |
| സെപ്റ്റംബർ | 1 | ചട്ടമ്പിസ്വാമിദിനം |
| | 2 | ശ്രീകൃഷ്ണജയന്തി, രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി മഹോത്സവം |
| | 5 | അദ്ധ്യാപക ദിനം |
| | 8 | ലോകസാക്ഷരതാ ദിനം |
| | 13 | വിനായക ചതുർത്ഥി |

# നിപ

ഡോ. പാർവ്വതി. കെ. എസ്

നിപ എന്ന മാരകവൈറസ് കേരളത്തിൽ എത്തിയത് മെയ് 20 നാണ്. ഏറ്റവും ശ്രദ്ധിക്കേണ്ട 10 വൈറസുകളിൽ ഒന്നായി ലോകാരോഗ്യ സംഘടന നിപയെ പ്രഖ്യാപിച്ചിരുന്നതാണ്. വളരെ പെട്ടെന്ന് തന്നെ രോഗം കണ്ടുപിടിക്കാൻ പറ്റിയതാണ് ഏറ്റവും വലിയ നേട്ടം.

വവ്വാലുകളുടെ ശരീരത്തിൽ വസിക്കുന്ന താരതമ്യേന നിരുപദ്രവകരം എന്നു വിശേഷിപ്പിക്കാവുന്ന ഒരു വൈറസാണ് നിപ. നിപ മലേഷ്യയിലെ കമ്പൂങ് സുൻഗായിയിലെ ഒരു പുഴയുടെ പേരാണ് . ഈ അസുഖം ബാധിച്ച് മരിച്ച ആദ്യത്തെ രോഗി ഈ പ്രദേശത്തു നിന്ന് വന്നതു കൊണ്ടാണ്  നിപ എന്ന പേര് വൈറസിന് നൽകിയത്.

മിക്കവാറും വവ്വാലുകളുടെ ശരീരത്തിൽ വളരെ ചെറിയ അളവിൽ കാണപ്പെടുന്ന ഈ വൈറസുകൾ സാധാരണ ഗതിയിൽ ഒരു പ്രശ്നവുമുണ്ടാക്കാറില്ല. പാരാമിക്സോവൈറിഡെ കുടുംബത്തിൽപെട്ട ഹെനിപാ വൈറസ് എന്ന ജിനസിലെ രണ്ടംഗങ്ങളിൽ ഒരംശമാണ് നിപ വൈറസ്. പ്റ്ററോപോഡിഡേ കുടുംബത്തിലെ പ്റ്ററോപസ് ജിനസിലെ അംഗമാണ് എന്നതാണ് നിപ പരത്തുന്ന പഴംതീനി വവ്വാലുകളുടെ വംശാവലി രഹസ്യം. നിപ വൈറസിന്റെ സ്വാഭാവിക വാഹകരാണ് ഈ വവ്വാലുകൾ. വളരെ ശാന്തമായി വവ്വാലുകളുടെ ശരീരത്തിൽ ജീവിച്ചു പോരുന്ന നിപ വൈറസുകൾ ഭീകരരൂപം കൈകൊള്ളുന്നത് വവ്വാലുകളുടെ ജീവിതപരിതസ്ഥിതിയിൽ വരുന്ന ചില നിർണ്ണായക മാറ്റങ്ങൾ വഴിയാണ്. വവ്വാലുകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ തകർക്കപ്പെടുക, ഭക്ഷണപദാർത്ഥങ്ങൾക്ക് ദൗർലഭ്യമുണ്ടാവുക, കുടിനീർ ലഭ്യത കുറഞ്ഞു പോവുക, അസുഖങ്ങൾ ഉണ്ടാവുക, ഭീതിക്ക് വിധേയരാവുക തുടങ്ങി ചില പ്രത്യേക അവസ്ഥകളിലൂടെ വവ്വാൽ കടന്നു പോവുമ്പോൾ അവ ക്ഷീണിതരും ദുർബലരുമാവുന്നു. അത്തരം വവ്വാലുകളുടെ പ്രതിരോധശേഷി കുറയുകയും അതുവഴി വൈറസുകളുടെ എണ്ണം പെരുകുകയും ചെയ്യുന്നതോടെയാണ് നിപ വൈറസുകൾ ഉഗ്രരൂപം പ്രാപിക്കുന്നത്. മൂത്രം വഴിയും കാഷ്ഠം വഴിയും വവ്വാൽ ഇവയെ പുറന്തള്ളാൻ ശ്രമിക്കുമ്പോൾ പന്നിയും മനുഷ്യരുമടക്കമുള്ള മറ്റു ജീവികളുടെ ശരീരത്തിൽ ഇവ കയറിപ്പറ്റുന്നു.

നിപ വൈറസ് ശരീരത്തിൽ കടന്നു കഴിഞ്ഞാൽ രോഗലക്ഷണങ്ങൾ ഉണ്ടാക്കുന്നതുവരെയുള്ള കാലം അഞ്ചു മുതൽ ഇരുപത്തിയൊന്നു ദിവസം വരെയാണ്. (Incubation Period) ചിലപ്പോൾ രോഗാണുബാധയ്ക്കുശേഷം രോഗലക്ഷണങ്ങൾ പുറത്തു വരാൻ മൂന്നാഴ്ചയോളം എടുക്കും. തുടർന്ന് മൂന്നു ദിവസം മുതൽ രണ്ടാഴ്ച വരെ നീണ്ടു നിന്നേക്കാവുന്ന പനി, തലവേദന, ജലദോഷം, തുമ്മൽ, ചുമ, തൊണ്ടവേദന, അസാധാരണമായ ക്ഷീണം തുടങ്ങിയവയാണ് കാണുക. അടുത്ത ഘട്ടത്തിൽ ശ്വാസം മുട്ടൽ ഉറക്കം തൂങ്ങൽ , സ്ഥലകാലബോധം കുറഞ്ഞു വരുക, ബോധക്ഷയം എന്നിവയിലേയ്ക്ക് കടക്കും. ഈ അവസ്ഥയിൽ നിന്ന് 48 മണിക്കൂറിനുള്ളിൽ കോമ സ്റ്റേജിലേക്ക് രോഗി മാറും.

രോഗബാധ ഉറപ്പിക്കുന്നത് വിവിധതരം ലബോറട്ടറി പരിശോധനകൾ വഴിയാണ്. രോഗത്തിന്റെ ആരംഭദശയിലും അവസാനദശയിലും മരണത്തിനു ശേഷവും വ്യത്യസ്ത പരിശോധനകളാണ് അവലംബിക്കുന്നത്. രോഗിയുടെ സ്രവങ്ങളിൽ തൊണ്ട, മൂക്ക്, മൂത്രം, സെറിബ്രോസ്പൈനൽ ഫ്ളൂയിഡിൽ  (Cerebrospinal Fluid) നിന്നും രക്തത്തിൽ നിന്നും വൈറസിനെ തിരിച്ചറിയുക പോളിമറൈസ് ചെയിൻ റിയാക്ഷൻ ടെസ്റ്റു വഴി (PCR) രോഗം സ്ഥിരീകരിക്കുക എന്നിവയാണ് ആദ്യഘട്ടത്തിൽ ഉപയോഗിക്കുന്ന പരിശോധനകൾ. മധ്യഘട്ടത്തിലും അവസാനഘട്ടത്തിലും രോഗാണുവിന്റെ 1gm, 1gg  ആൻഡിബോഡികൾ രക്തത്തിൽ എലിസ ടെസ്റ്റ് ഉപയോഗിച്ച് തിരിച്ചറിയുകയാണ് വഴി. മരിച്ചതിനുശേഷം പോസ്റ്റുമോർട്ടം സമയത്ത് ശരീരകലകൾ എടുത്ത് സൂക്ഷിച്ച് ഇമ്മ്യൂണോഹിസ്റ്റോകെമസ്ട്രി വഴിയും രോഗനിർണ്ണയം നടത്താം.

**Preventive Measures :**

പൊട്ടിയതോ ചതഞ്ഞതോ ആയ മാങ്ങ, ചക്ക, ചാമ്പക്ക, പേരക്ക എന്നിവ  കഴിയുന്നതും ഒഴിവാക്കുക. വവ്വാൽ കടിച്ച പഴങ്ങൾ അല്ല എന്ന് നമുക്ക് ഉറപ്പിക്കാൻ പറ്റാത്ത ഈന്തപ്പഴം നന്നായി വൃത്തിയായി കഴുകി ഉപയോഗിക്കാം.

വാഴക്കൂമ്പിലെ തേൻ വവ്വാലുകളുടെ ഇഷ്ട ഭക്ഷണമാണ്. അതുകൊണ്ട് വാഴയില, കൂമ്പ്, കായകൾ എന്നിവ അതീവ ജാഗ്രതയോടെ വൃത്തിയായി കഴുകിയേ ഉപയോഗിക്കാവൂ.

മരങ്ങളിൽ വവ്വാലുകളുടെ കാഷ്ഠവും മൂത്രവും പറ്റിയിരിക്കാനുള്ള സാധ്യത കൂടുതലാണ്. മരം മുറിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നവർ കയ്യും കാലും വൃത്തിയായി സോപ്പുപയോഗിച്ച് കഴുകുക.





# ന്യൂനപക്ഷമാകുവാനുള്ള മത്സരം ഇന്ത്യയിൽ

ജസ്റ്റിസ് കെ. റ്റി. തോമസ്

വിശ്വപ്രശസ്തനായ ഭരണഘടനാ വിദഗ്ദ്ധൻ നാനിപൽക്കിവാല മരിക്കുന്നതിനു മുമ്പു പറഞ്ഞ ഒരു വാചകം- ജനങ്ങളെ പിന്നോക്കാവസ്ഥയിൽ നിറുത്തുന്നതിനു അഹോരാത്രം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രീയക്കാരുടെ ഒരു രാജ്യമാണ് ഇന്ത്യ- അതിനോടു യോജിച്ച് മറ്റൊരു വചനം സർ മാർക്ടള്ളി (ഇന്ത്യയെപ്പറ്റി വളരെ വിശദമായി പഠനം നടത്തിയ ഒരു മാധ്യമ നേതാവ്) തന്റെ ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞു. ലോകത്തിൽ മറ്റു രാജ്യങ്ങളിൽ പെട്ടവരിൽ ഓരോ വിഭാഗക്കാരിലും മുന്നോക്കമാകാൻ പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഓരോ വിഭാഗക്കാരും പിന്നോക്ക വിഭാഗക്കാരാകാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന ഒരു രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് പറഞ്ഞത് ഇരുപതു വർഷം മുമ്പായിരുന്നു. അന്ന് അതൊരു യാഥാർത്ഥ്യമായിരുന്നെങ്കിൽ അതിനു ശേഷം ഇന്ത്യയിലെ ഓരോ വിഭാഗവും മത്സരിച്ചു കൊണ്ടിരിക്കുന്നത്  ന്യൂനപക്ഷമായി തീരുവാനാണ്.

ഏറ്റവും ഒടുവിൽ കർണാടകയിൽ ഭൂരിപക്ഷമുള്ള ഹൈന്ദവരിലെ ലിംഗായത്ത് സമുദായക്കാർ രണ്ടായി വിഭജിക്കപ്പെടാനും അതിലൊരു വിഭാഗം ന്യൂനപക്ഷമായി അംഗീകരിക്കപ്പെടാനും നടത്തുന്ന ശ്രമങ്ങളെ  ആ സംസ്ഥാനത്തെ കോൺഗ്രസ് അംഗീകരിച്ചിരിക്കുന്നു. ആ സമുദായത്തിലെ ഇതര വിഭാഗമായ വീരശൈവർ ഇതേ ആവശ്യ മുന്നയിച്ച് മുമ്പ് ഗവൺമെന്റിനെ സമീപിച്ചപ്പോൾ കോൺഗ്രസ് പാർട്ടി തന്നെ അതിനെ നിഷേധിച്ചു. ഇപ്പോൾ മറു വിഭാഗത്തിന്റെ ആവശ്യം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചത് കേന്ദ്രഗവൺമെന്റും ഒടുവിൽ ജുഡീഷ്യറിയും അംഗീകരിച്ചെങ്കിൽ മാത്രമേ അവർ ന്യൂനപക്ഷക്കാരായി മാറുകയുള്ളൂ. ന്യൂനപക്ഷമാകാനുള്ള ദാഹം എപ്പോൾ മുതലാണ്  ഇന്ത്യയിൽ ആരംഭിച്ചത്?

പാകിസ്ഥാനിലെ സ്ഥിതി മറിച്ചാണ്. അവിടെ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരു വിഭാഗമായ അഹമ്മദീയ സമുദായത്തെ ഗവൺമെന്റ് ന്യൂന പക്ഷമായി പ്രഖ്യാപിച്ചു. ബാക്കിയുള്ള മുസ്ലീങ്ങളെ ഭൂരിപക്ഷമായി പ്രഖ്യാപിക്കുന്നതിനു പുറമെ അവർക്കു കൂടുതൽ അവകാശങ്ങൾ നൽകുകയും ചെയ്തു. ഇപ്പോൾ അഹമ്മദീയക്കാർ തങ്ങളെയും ഭൂരിപക്ഷത്തിൽ പെടുത്തണമെന്ന് മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ ആകട്ടെ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷ-ന്യൂനപക്ഷ വേർതിരിവ് ഉണ്ടാവരുതെന്ന് ഭരണഘടനാ ശില്പികൾ ആഗ്രഹിച്ചിരുന്നു. ഭരണഘടനാ നിർമ്മാണ വേളയിൽ ഒരു വലിയ വിദ്യാഭ്യാസ വിചക്ഷണനായിരുന്ന രാജമുൽഹുസയിൽ ഇപ്രകാരം പറഞ്ഞു. ഇന്ത്യയിൽ ന്യൂനപക്ഷമെന്നൊരു വിഭാഗം നിയമത്തിന്റെ മുമ്പിൽ ഉണ്ടാകാൻ പാടില്ല. ഞാൻ തന്നെ ഒരു ന്യൂനപക്ഷ സമുദായക്കാരനായി ഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. ഒരു സെക്യൂലർ രാഷ്ട്രീയത്തിൽ ഭൂരിപക്ഷ-ന്യൂനപക്ഷമെന്ന വിവേചനമുണ്ടായാൽ  അത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കു വിരുദ്ധമായി തീരും. എനിക്കും മറ്റു മതങ്ങളിൽ പെട്ടവർക്കും, ഒരു മതത്തിലും പെടാത്തവർക്കും ലഭിക്കുന്ന അവകാശങ്ങളും സ്ഥിതിയും ഉത്തരവാദിത്തങ്ങളും ഒരുപോലെ ലഭിക്കേണ്ടതാണ്. ആരെങ്കിലും തങ്ങൾ ഭൂരിപക്ഷത്തിൽപ്പെടുന്നവരാണെന്ന് ഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ രാജ്യത്ത് ന്യൂനപക്ഷമെന്നൊരു സമുദായം ഇല്ലെന്നു ഓർമിച്ചു കൊള്ളണം. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സമുദായത്തേയോ, സമൂഹത്തേയോ ന്യൂനപക്ഷമായി അംഗീകരിക്കപ്പെടുന്നത് സെക്യൂലറിസത്തിന്റെ ശക്തമായ നിഷേധമായിരിക്കും. ഒരു ഉന്നത ക്രൈസ്തവ നേതാവായിരുന്ന എച്ച്. ഡി. മുഖർജി ഭരണ ഘടനാ അസംബ്ലിയിൽ പറഞ്ഞതിങ്ങനെയാണ്. നമുക്ക് ഇന്ത്യയിൽ വേണ്ടത്  ഒരു സെക്യൂലർ സമൂഹമാണെങ്കിൽ മതത്തിന്റെ അടിസ്ഥാനത്തിൽ ആരെയും ന്യൂനപക്ഷ മെന്ന് പരിഗണിച്ചു കൂടാത്തതാകുന്നു. ഈ വിഷയത്തിലുള്ള ചർച്ചയുടെ അവസാന ഭാഗത്ത് സർദാർ വല്ലഭായി പട്ടേൽ 1949 മെയ് 25 ന് പറഞ്ഞത് ഇപ്രകാരമാണ്. ഭൂരിപക്ഷമെന്നോ, ന്യൂനപക്ഷമെന്നോ ഉള്ള വിവേചനം ഇന്ത്യക്കാർ മറന്നിട്ട് ഇവിടെ വിശ്വാസമേതായാലും ഒരു സമൂഹമേ ഉള്ളൂ എന്ന് അചിരേണ അംഗീകരിക്കപ്പെടുന്നതാണ്

ജനങ്ങളുടെ സർവ്വോതോന്മുഖമായ താൽപ്പര്യസംരക്ഷണ ത്തിന് ഇടനൽകുന്നത്. അദ്ദേഹത്തിന്റെ ഈ പ്രസ്താവന ഹർഷാരവത്തോടെയാണ് സഭ സ്വീകരിച്ചത്.

ഭരണഘടനയിൽ ന്യൂനപക്ഷങ്ങളെപ്പറ്റി പരാമർശിക്കുന്നിടത്ത് പരിരക്ഷ മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഫലത്തിൽ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പദവികളും, അവകാശങ്ങളും ഇപ്പോൾ കുറേക്കാലമായി നൽകിക്കൊണ്ടിരിക്കുന്നു. അങ്ങനെയാണെന്നുള്ള തോന്നൽ ഭൂരിപക്ഷക്കാർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭരണ ഘടനയിൽ ന്യൂനപക്ഷം എന്നതിനെപ്പറ്റി പരാമർശിക്കുന്ന ഇരുപത്തിയൊമ്പതാം വകുപ്പിന്റെ തലക്കെട്ട് ഇങ്ങനെയാണ്. Protection of interst of minorities (ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾക്ക് സംരക്ഷണം) അതിൽ ന്യൂനപക്ഷം എന്നാൽ എന്താണെന്ന് പറയുന്നത് ഇപ്രകാരമാണ്. Any section of the citizens residing in the territory of India or any part there of having distinct language, script or culture of its own shall take the right to conserve the same (ഇന്ത്യയുടെ ഏതു ഭാഗത്തും വസിക്കുന്ന പൗരന്മാർക്കു അവരുടെ ഭാഷയോ, ലിപിയോ, സംസ്കാരമോ സംരക്ഷിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്) ഇരുപത്തിയൊമ്പതാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് ഇതാണ്. No citizens shall be denied admission in to any educational institution maintained by the state or receiving aid out of state funds on the grounds only on religion, race, caste, language or any of them. (സർക്കാർ നടത്തുന്നതോ സർക്കാരിൽ നിന്നും സഹായം പറ്റുന്നതോ ആയ വിദ്യഭ്യാസ സ്ഥാപനങ്ങൾ ഒരു പൗരനും മതത്തിന്റെയോ, ജാതിയുടെയോ, ഭാഷയുടെയോ അടിസ്ഥാനത്തിൽ പ്രവേശനം നിഷേധിച്ചു കൂടാത്തതാകുന്നു) മേൽപ്പറഞ്ഞവയിൽ നിന്നും ന്യൂനപക്ഷമെന്നതിനു അടിസ്ഥാനമാകാൻ അനുവദിച്ചിരിക്കുന്നത് ഒന്ന് ഭാഷ, രണ്ട് ലിപി, മൂന്ന് സംസ്കാരം, നാല് വർഗ്ഗം, അഞ്ച് ജാതി, ആറ് മതം എന്നിവയാണ്. അവയിൽ മതവിശ്വാസത്തിന് മാത്രമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുവാനുള്ള അവകാശം സംബന്ധിച്ചു മാത്രമാണ്. ഭരണഘടന തയ്യാറാക്കുന്ന കാലത്ത് ഇന്ത്യയിലെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏതെങ്കിലും മതസമുദായങ്ങൾ സ്ഥാപിച്ചതും നടത്തി കൊണ്ടു പോയിരുന്നവയും ആയിരുന്നു. അതു കൊണ്ടാണ് മുപ്പതാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞത്. എല്ലാ ന്യൂന പക്ഷങ്ങൾക്കും മതത്തിന്റെയോ, ഭാഷയുടെയോ അടിസ്ഥാനത്തിലാണെങ്കിലും അവരുടെ ഇഷ്ട പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തികൊണ്ടു പോകുന്നതിനും അവകാശമുണ്ടായിരിക്കും. ആ കൂട്ടത്തിൽ രണ്ടാം ഉപവകുപ്പിൽ സർക്കാരിനെ ബാധിക്കുന്ന ഒരു നിയന്ത്രണം കൂടി എഴുതി ചേർത്തു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സർക്കാർ സഹായം നൽകുമ്പോൾ ന്യൂനപക്ഷങ്ങളാൽ നടത്തപ്പെടുന്നു എന്ന കാരണത്താൽ (മതമോ ഭാഷയോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവ ആണെങ്കിലും) യാതൊരു വിവേചനവും ഉണ്ടാവാൻ പാടില്ലാത്തതാണ്.

ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് ഭരണഘടനയിൽ മേൽപ്പറഞ്ഞ വകുപ്പുകൾ മാത്രമേ ചേർത്തിട്ടുള്ളു എന്ന കാര്യം വിസ്മരിക്കാൻ പാടില്ലാത്തതാകുന്നു.

അപ്പോൾ ആരാണ് ന്യൂനപക്ഷം? ആ വാക്കിന്റെ വാച്യാർത്ഥ പ്രകാരം ഭൂരിപക്ഷം അല്ലാത്തവരെല്ലാം ന്യൂനപക്ഷമാണ്. ഇവ രണ്ടിനേയും- വ്യത്യസ്ഥമായി കണക്കാക്കേണ്ടത് സംസ്ഥാന അടിസ്ഥാനത്തിലാണോ, ദേശീയാടിസ്ഥാനത്തിലാണോ എന്നത് വ്യക്തമല്ല, ഭാഷയാണ് കണക്കിലെടുക്കേണ്ടതെങ്കിൽ ദേശീയാടിസ്ഥാനത്തിലാവുമ്പോൾ എല്ലാവരും ന്യൂനപക്ഷമായി മാറും (ഹിന്ദി മാതൃഭാഷയായിട്ടുള്ളവർ നാൽപത് ശതമാനം പേർ മാത്രമേ ഇന്ത്യയിലുള്ളു) മറിച്ച് സംസ്ഥാനമാണ് മാനദണ്ഡമെങ്കിൽ അഹിന്ദി സംസ്ഥാനങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിൽപെടുന്നവരെല്ലാം ഹിന്ദി ഭാഷാ പ്രകാരം ന്യൂനപക്ഷമാവും. മതവിശ്വാസമാണ് മാനദണ്ഡമെങ്കിൽ ദേശീയാടിസ്ഥാനത്തിൽ ഹിന്ദുക്കൾ ഒഴികെയുള്ളവരെല്ലാം ന്യൂനപക്ഷമാവും. സംസ്ഥാനമാണ് ആ കാര്യത്തിൽ മാനദണ്ഡമെങ്കിൽ ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഹിന്ദുക്കൾ ന്യൂനപക്ഷമാകും. അങ്ങനെ ഇപ്പോൾ തന്നെ പ്രശ്നം വളരെ സങ്കീർണ്ണമായതു കൊണ്ട് ലിപിയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ ഭൂരിപക്ഷ -ന്യൂനപക്ഷ വ്യതിയാനം ചർച്ച ചെയ്യാൻ ഞാൻ മുതിരുന്നില്ല.

ഫലത്തിൽ ഇന്ത്യയിൽ എല്ലാവരും ഏതെങ്കിലും അടിസ്ഥാനത്തിൽ ന്യൂനപക്ഷ മായി മാറിയിരിക്കുന്നു. മതത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ന്യൂനപക്ഷം പാർസി സമുദായക്കാരാണ്. അടുത്തത് ജയിന മതക്കാർ, പിന്നെ സിക്കു മതക്കാർ, ക്രിസ്ത്യാനികൾ, മുസ്ലീം സമുദായക്കാർ ഇങ്ങനെ പോകുന്നു. എന്നാൽ ഈ വിഭാഗങ്ങളിൽ മുസ്ലീം സമുദായത്തിനും ക്രിസ്ത്യൻ സമുദായത്തിനും മാത്രമാണ് ന്യൂനപക്ഷക്കാർ എന്ന വിവക്ഷയിൽ രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റുകളും കണക്കാക്കുന്നത്. ഈ രണ്ടു മതങ്ങൾക്കും ഉള്ള പ്രത്യേകത അവ Proselytizating മതങ്ങളാണെന്നാണ് (മറ്റു മതത്തിൽ പെട്ടവരെ തങ്ങളുടെ മതത്തിലേക്ക് ചേർക്കുന്നതിനു വ്യഗ്രതയുള്ളവർ). ജവഹർലാൽ നെഹ്റുവിന്റെ കാലശേഷം ഈ രണ്ടു മതന്യൂനപക്ഷങ്ങൾക്കു സംരക്ഷണത്തിനു പുറമെ പ്രത്യേകമായ അവകാശങ്ങളും പദവികൾപോലുമുണ്ടെന്ന തരത്തിലാണ് നയങ്ങൾ രൂപികരിക്കപ്പെട്ടു വരുന്നത്. ഇവർക്കു വേണ്ടിയാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപികരിച്ചിരിക്കുന്നത്. (ഇപ്പോൾ സംസ്ഥാനങ്ങളിലും കമ്മീഷനുകൾ രൂപികരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു). ലോകത്തിലെ മറ്റൊരു ജനാധിപത്യ രാജ്യങ്ങളിലും ന്യൂനപക്ഷ കമ്മീഷൻ എന്ന ഒരു സ്ഥാപനം ഉണ്ടായിട്ടില്ല.

ഈ വൈകൃതം ഏതറ്റം വരെ ചെന്നെത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കേണ്ടി യിരിക്കുന്നു. ന്യൂനപക്ഷ കമ്മീഷനുകൾ മതവിശ്വാസമില്ലാത്ത മറ്റൊരു വിഷയവും അടി സ്ഥാനമാക്കുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട ഒരു അപകട മുന്നറിയിപ്പാണ്. 2018 മാർച്ച് 26ന് ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിലെ പത്രാധിപരായ പ്രഭു ചൗള എഴുതിയ ലേഖനത്തിൽ മതന്യൂനപക്ഷമായി ത്തീർന്നാൽ ഇന്ത്യയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അക്കമിട്ടു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

1. പല സംസ്ഥാനങ്ങളിലും ഗവൺമെന്റ് ഉദ്യോഗങ്ങൾക്കു ന്യൂനപക്ഷ പരിഗണനയ്ക്ക് പ്രത്യേക യോഗ്യത നൽകുന്നു.

2. ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രൊഫഷണൽ ഉൾപ്പെടെ) അവരുടെ മതത്തിൽപ്പെട്ടവർക്ക് കൂടുതൽ യോഗ്യത കൽപ്പിക്കുന്നു.

3. അവർ നടത്തുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ നിബന്ധനകൾ ബാധകമല്ല.

4. പല ക്ഷേമപദ്ധതികൾ സംബന്ധിച്ചും ന്യൂനപക്ഷങ്ങൾക്കു വേണ്ടി പ്രത്യേകമായ ഉത്തരവുകൾ ഉണ്ടാവുന്നു.

5. എല്ലാ രാഷ്ട്രീയ പാർട്ടികളും അവരിൽപ്പെടുന്ന ന്യൂനപക്ഷക്കാർക്കു പ്രത്യേക സംഘടനാ പദവികൾ അനുവദിക്കുന്നു (ബി ജെ പി ഉൾപ്പെടെ) .

6. നിയമം നടപ്പിലാക്കേണ്ട അധികാരികൾ പലപ്പോഴും ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവരുടെ വീഴ്ചകൾ സംബന്ധിച്ച് നടപടികൾ എടുക്കുന്നതിൽ വിമുഖത കാണിക്കുന്നു.

മേൽപ്രകാരമുള്ള പ്രത്യേക പരിഗണനകൾ ലഭിച്ചുകൊണ്ടിരിക്കുന്നത് മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾക്കു മാത്രമാണ് എന്നുള്ളത് പ്രായോഗികമായ ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് ഇപ്പോൾ ഓരോ സമുദായക്കാരും പ്രത്യേക മതവിഭാഗങ്ങൾക്കായി ന്യൂനപക്ഷ മതവിഭാഗങ്ങൾക്കുവേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നത്.

ആധുനിക ദൈവശാസ്ത്രജ്ഞനെന്ന് വിഖ്യാതി നേടിയിരുന്ന ഒരു ബിഷപ്പായിരുന്നു കൽദയ സുറിയാനി സഭയിലെ പൗലോസ് മാർ പൗലോസ് . അദ്ദേഹം ഇടതുപക്ഷ ചായ്‌വുള്ള ഒരു നല്ല വാഗ്മിയായിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ന്യൂനപക്ഷം എന്നത് ന്യൂനതയുള്ളവരുടെ പക്ഷം എന്നായിരുന്നു. ദളിതരും പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളും ചില മണ്ഡലങ്ങളിൽ വ്യഥ അനുഭവിക്കുന്ന സ്ത്രീകളും മറ്റുമാണ് ഭരണഘടന വിഭാവന ചെയ്യുന്ന യഥാർത്ഥ ന്യൂനപക്ഷ വിഭാഗങ്ങൾ. ഇന്ത്യൻ കൗൺസിൽ ഓഫ് റിസേർച്ചിലെ പ്രൊഫ. മൈക്കിൽ ഡാനിനോയുടെ വിചിന്തനത്തിൽ ക്രിസ്ത്യാനികളുടെ ഇടയിലും, മുസ്ലീം സമുദായത്തിലും ഹിന്ദുക്കളിലും അവശത അനുഭവിക്കുന്ന വിഭാഗക്കാരെ മാത്രമേ ന്യൂനപക്ഷമായി കണക്കാക്കാവൂ. പല വർഷങ്ങൾ നീലഗിരി ജില്ലയിൽ താമസിക്കാൻ ഇടവന്ന അദ്ദേഹം പറയുന്നത് നീലഗിരിയിലെ ഏറ്റവും വിസ്തൃതമായ എസ്റ്റേറ്റുകളും ബംഗ്ലാവുകളും മുഴുവൻ തന്നെ ക്രിസ്ത്യാനികളുടെ വകയായിരുന്നു. കൂടാതെ അനവധി ആധുനിക ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരുടെ അധീനതയിൽ ഉണ്ടായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന പട്ടണത്തിൽ നാൽപ്പതു ക്രിസ്ത്യൻ ദേവാലയങ്ങൾ ഉണ്ടായിരുന്നപ്പോൾ, മൂന്നോ നാലോ ഹൈന്ദവ ക്ഷേത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവയ്ക്ക് പുറമെ വിദേശ ഫണ്ടുകളിൽ നിന്നും ഗണ്യമായ സഹായം ലഭിച്ചിരുന്ന തിയോളജിക്കൽ കോളേജുകളും ഉണ്ടായിരുന്നു. സാംസ്കാരികമായും സാമ്പത്തികമായും ഇത്രയും അഭ്യുന്നതി പ്രാപിച്ചിരുന്ന ഒരു സമുദായത്തെ അല്ല ന്യൂനപക്ഷമായി കാണേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതുപോലെ തന്നെ 2011 ലെ കാനേഷ്മാരി കണക്കനുസരിച്ച് ഇന്ത്യയിലെ മുസ്ലീങ്ങൾ 195 മില്യൻ (ഏകദേശം ഇരുപതുകോടി) എന്നത് ബ്രിട്ടനിലെ ആകെ ജനസംഖ്യയുടെ മൂന്നിരട്ടിയായ സംഖ്യയാണ്. ഈ രണ്ടു കൂട്ടരെയും ഇന്ത്യയിലെ ന്യൂനപക്ഷമായി പരിഗണിക്കുന്നതിലെ അപാകതയും ആപൽസാദ്ധ്യതകളും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണഘടന പാസാക്കുമ്പോൾ 15 ാം വകുപ്പ് ഇതായിരുന്നു. മതത്തിന്റെയോ , ജാതിയുടെയോ, വർഗ്ഗത്തിന്റെയോ, ലിംഗത്തിന്റെയോ, ജന്മസ്ഥലത്തിന്റെയോ അടിസ്ഥാനത്തിൽ ഒരു പൗരനെയും വിവേചനത്തിന് വിധേയമാക്കിക്കൂടാ. 1951 ൽ തന്നെ ആ വകുപ്പിന് ആദ്യത്തെ ഭരണ

ഘടനാ ഭേദഗതി വരുത്തിക്കൊണ്ട് 4-ാം ഉപവകുപ്പ് ചേർക്കപ്പെട്ടു. അതിൻപ്രകാരം മേൽവകുപ്പിലോ 29-ാം വകുപ്പിലോ പറയുന്നത്, സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വർക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വേണ്ടി പ്രത്യേകമായ പരിഗണന കൊടുക്കുന്നതിനു വിഘാതമാവാൻ പാടില്ലാത്തതാകുന്നു. വോട്ട്ബാങ്ക് രാഷ്ട്രീയം കളിക്കുന്നതിൽ തൽപ്പരരായ രാഷ്ട്രീയ പാർട്ടികൾ ഈ രണ്ടു പ്രബലസമുദായങ്ങളെയും പ്രീണിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ ഏറ്റവും പിന്നോക്ക വിഭാഗങ്ങളോടു കാണിക്കുന്ന പ്രത്യക്ഷ അധാർമ്മിക നടപടി ഇപ്രകാരമാണ്.

മേൽ വകുപ്പാണ് 2005 ൽ വീണ്ടും ഭേദഗതി ചെയ്യപ്പെട്ടത്. അതിൻപ്രകാരം 5-ാം ഉപവകുപ്പായി ചേർത്തതിന്റെ പ്രസക്തഭാഗം ഇങ്ങനെയാണ്. ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതോ അല്ലാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവർക്കും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും പ്രവേശനം നൽകുന്നതിന് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്. ഭേദഗതി കൊണ്ട് അത്രയും സംഭവിച്ചിരുന്നെങ്കിൽ അതു തികച്ചും സ്വാഗതാർഹവും പുരോഗമനപരവുമായിരുന്നേനെ. എന്നാൽ അതിന്റെ ഒടുവിൽ ഇങ്ങനെകൂടി ചേർക്കപ്പെട്ടു. (Other than minority educational Institutions referred to in clause (1) of Article 30)

ഫലത്തിൽ ക്രിസ്ത്യൻ മുസ്ലിം സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബലഹീനരായ പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പ്രവേശനകാര്യത്തിൽ യാതൊരു പരിഗണനയും നടത്താനുള്ള ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല എന്നു ചുരുക്കം. ഈ കാര്യത്തിൽ സങ്കടകരമായ ഒരു വസ്തുത 2005 ഈ ഭേദഗതി ബി ജെ പി ഒഴികെയുള്ള എല്ലാ പാർട്ടികളും പാർലമെന്റിൽ പിന്തുണച്ചിരുന്നു എന്നുള്ളതാണ്. ഭരണഘടനയിലെ മാർഗനിർദേശതത്ത്വങ്ങളിൽ ബലഹീന വിഭാഗങ്ങളിൽ പെട്ടവരുടെ ഉന്നമനമായിരിക്കണം പ്രധാന ലക്ഷ്യം എന്ന് നടത്തിയ ആഹ്വാനത്തിനുള്ള നിഷേധമാണ് മേൽപ്പറഞ്ഞ ഭേദഗതിയുടെ അവസാനഭാഗം കൊണ്ട് നേടിയിരിക്കുന്നത് എന്നത് സങ്കടകരമാണ്.

വെറുതെയല്ല ഹിന്ദുസമുദായത്തിൽപ്പെട്ട വിഭാഗങ്ങൾ തങ്ങളെ ന്യൂനപക്ഷക്കാരായി കണക്കാക്കണമെന്നുള്ള മുറവിളി ആരംഭിച്ചിരിക്കുന്നത്. ഹിന്ദുസമുദായത്തിൽപെട്ട എല്ലാ വിഭാഗങ്ങളും രാഷ്ട്രീയ പ്രീണനത്തിന്റെ ഫലമായി അതിവിദൂര ഭാവിയിൽ ന്യൂനപക്ഷങ്ങളായി പരിഗണിക്കപ്പെട്ടേക്കുമെന്നുള്ളത് തള്ളിക്കളയാനാകാത്ത ഒരു യാഥാർത്ഥ്യമായി തോന്നുന്നു. അങ്ങനെ വരുമ്പോൾ ഇന്ത്യയിൽ മുഴുവൻ ജനങ്ങളും ന്യൂനപക്ഷമായി തീരും.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 ജൂലൈ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. പി. മോഹനചന്ദ്രൻ, ദർശന, കളത്തിൽപറമ്പിൽ റോഡ്, കൊച്ചി. -682016 | 24500/- |
| 2. ഡോ. സി. തുളസി, ഭാസ്കര, മാണിക്കത്ത് റോഡ്, കൊച്ചി -682016 | 10000/- |
| 3. ശ്രീമതി. ജ്യോതി കൃഷ്ണകുമാർ, ബി-5, ജി. സി. ഡി. എ എച്ച് എ ജി ഫ്ളാറ്റ് ബ്രദർ മാവൂരാസ് റോഡ്, കൊച്ചി | 10,000/- |
| 3. ശ്രീമതി. ലീല ബാലകൃഷ്ണൻ, 5 ബി, വുഡ്ഫോർഡ്, വൈ. എസ് റോഡ് കൊച്ചു കടവന്ത്ര, കൊച്ചി- 682020 | 6000/- |
| 4. ശ്രീ. രവിശങ്കർ, മാണിക്കത്ത് ഹൗസ്, രവിപുരം, കൊച്ചി- 682016 | 5000/- |
| 5. ശ്രീ. രവിശങ്കർ. ഇ, ശ്രീശൈലം, മനക്കോടം, ചേന്നമംഗലം, എറണാകുളം | 5000/- |
| 6. ശ്രീ. ശശിധരൻ, ഇ-103, റെഗുലസ് സി. എച്ച്, എസ്, ബലിവാഡി, പൂന-411045 | 5000/- |
| 7. ശ്രീ. ജയശങ്കർ. കെ, ഗോകുലം, MNRA 211, കുസാറ്റ്, കൊച്ചിൻ -22 | 5000/- |
| 8. ശ്രീമതി. സതീദേവി, സി. എസ്. മേനോൻ കോളനി കളത്തിൽപറമ്പു റോഡ്, കൊച്ചി | 5000/- |
| 9. ശ്രീ. എൻ. എ. മുരളീധരൻ, C/o ഉഷ, മുക്തി ജഡ്ജസ് അവന്യൂ, കലൂർ, കൊച്ചി -682017 | 5000/- |
| 10. ശ്രീമതി. ശാന്തകുമാരി അമ്മ, മാടയ്ക്കാപ്പിള്ളി വീട്, ചിറ്റൂർ റോഡ്, എറണാകുളം | 5000/- |
| 11. ശ്രീ. വിമൽ രവീന്ദ്രനാഥ്, മാടയ്ക്കാപ്പിള്ളി വീട്, ചിറ്റൂർ റോഡ്, എറണാകുളം | 5000/- |





### 2018 ജൂലൈ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**മിസ്സിസ്. ജി.എസ് മേനോൻ**
L/0714, ഗണേശ വിലാസ്,
എച്ച്-1 വി.ബി.
റോയൽഅപ്പാർട്ട്മെന്റ്സ്
ഇടപ്പള്ളി, കൊച്ചി 682024



**മണി ആർ. തമ്പി**
L/4892, ജി-394,
രാമവർമ്മതി
പനമ്പിള്ളി നഗർ
കൊച്ചി 682036



**ഭാസ്കരൻപിള്ള സി.പി**
L/2060, ശ്രീപദം, ജി. എ. 2055
അരങ്ങത്ത് ക്രോസ് റോഡ്
കൊച്ചി- 682018



**മോഹൻദാസ്**
L/3797, മിഥുനം
ശ്രീകണ്ഠത്ത് റോഡ്
രവിപുരം, കൊച്ചി - 682016

## 1-ാം ചരമവാർഷികം

**24.08.2018**



**ബി. ബാലചന്ദ്രൻ**
**സുദർശൻ**
**കുമാരനിലയം ലെയ്ൻ**
**രവിപുരം റോഡ്**
**കൊച്ചി- 682016**

## 15-ാം ശ്രാദ്ധദിനം

**30.07.2018**



**അഡ്വ. വട്ടത്തറ ദാമോദരമേനോൻ**
**ദീപേന്ദു, മാണിക്കത്ത് റോഡ്**
**എറണാകുളം**

*ദുഃഖസ്മരണകളോടെ,*
*ഗൗരിദാമോദരൻ, അനിൽകുമാർ, ബിന്ദു, ദീപ*
*മറ്റു കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

**23.07.2018**



**ശ്യാമള ഉണ്ണികൃഷ്ണൻ**
**കാർത്തിക**
**ജിംനേഷ്യം ലെയ്ൻ**
**പോണോത്ത് റോഡ്**
**കലൂർ - 682017**

# ലോകത്ത് തറവാട്ടുകാർ മലയാളികൾ മാത്രം

**രവി കുറ്റിക്കാട്**

വായന പലവിധമാണ്. പുതുതലമുറക്ക് 'വായന' എന്ന വാക്കു തന്നെ അപ്രസക്തം. പകരം പറയുന്നത് സൈറ്റിൽ നോക്കുക, നെറ്റിൽ കാണാം, സെർച്ച് ചെയ്യാം, 'ഇ റീഡിങ' എന്നൊക്കെയാണ്. പുസ്തകവും പത്രവും ആഴ്ചപ്പതിപ്പുകളും ഇന്നത്തെ വായനയിൽ സെലക്ടീവ് റീഡിങ്ങാണ്. തങ്ങൾക്ക് ഇഷ്ടപ്പെട്ട വിഷയം തെരഞ്ഞ്പിടിച്ചു വായിക്കും. വാരികകൾ അവസാന പേജു മുതൽ വായിച്ചു തുടങ്ങുന്നവരുണ്ട്, ലൈറ്റ് റീഡിങ് ഉണ്ട് , ഉറക്കം വരാനുള്ള വായന വരികൾക്കിടയിലൂടെ വായിക്കുന്നവരുണ്ട്. (between the lines) അതാണ് പ്രൊഫഷണൽ റീഡിങ്, വായനയുടെ നേരവകാശികൾ. ഇന്ന് മാധ്യപ്രവർത്തകരിൽ നല്ല ശതമാനവും പ്രൊഫഷണൽ റീഡേഴ്സ് ആണ്. ഇവരിൽ പഴയ പത്ര - മാസികളുടെ പഴയ ലക്കങ്ങൾ വായിച്ച് തങ്ങൾ കണ്ടെത്തിയ അത്ഭുതങ്ങളുടെ ചെപ്പ് തുറന്ന് കഥ മെനഞ്ഞെടുക്കുന്നവരുമുണ്ട്. ഞാൻ ഏതാനും നാൾ മുമ്പ് ഇതുപോലെയൊരു യജ്ഞം നടത്തിയപ്പോൾ കണ്ടെത്തിയ ചില ചരിത്ര സംഭവങ്ങളും വാർത്തകളും (പത്രലോകത്ത് ഇത് (സ്റ്റോറികളാണ്) ഇവിടെ കൊടുക്കുന്നു: കൊച്ചിക്കാർക്കിത് ഏറെ കൗതുകകരമാകും.

എറണാകുളത്ത് എൺപത്തിയൊന്നു വർഷങ്ങൾക്കുമുമ്പ് (1936) തുടങ്ങുകയും, പത്ത് വർഷം പുറത്തിറങ്ങുകയും ചെയ്ത മലബാർ മെയിൽ എന്ന പത്രത്തിന്റെ ആദ്യകാല കോപ്പികൾ വായിക്കാൻ ഇടയായി. ആർ .സി. ഐസക്ക് ബി.എ.ബി. എൽ ആയിരുന്നു പത്രാധിപർ. അരയണയാണ് ഒറ്റ പ്രതിക്ക് വില. ഇതിന്റെ കോപ്പി എറണാകുളം നോർത്തിലെ സത്യദീപം പത്രത്തിന്റെ ഓഫീസിൽ ഭദ്രമായി സൂക്ഷിച്ചത് ഒന്നു മറിച്ച് നോക്കാൻ സത്യദീപം പത്രാധിപർ, വായനക്കാരനും, എഴുത്തുകാരനും പ്രഗത്ഭ പ്രാസംഗികനുമായ ഫാദർ പോൾ തേലക്കാട്ട് എനിക്ക് അനുമതി തരികയും അതിനുള്ള സൗകര്യം ആ ഓഫീസിൽ ചെയ്തു തരികയും ചെയ്തു. രണ്ടുമൂന്നാഴ്ചയോളം നടത്തിയ ആ കുത്തിയിരിപ്പിൽ നിന്ന് കണ്ടെത്തിയ കാര്യങ്ങൾ എഴുതുന്നു.

ആ പത്രത്തിൽ ഏറെ കൗതുകകരമായി തോന്നിയത് ചരിത്രകാരനും, ജഡ്ജിയും, കൊച്ചി ദിവാൻ പേഷ്ക്കാരും, അഭിഭാഷകനും, തൃശൂർ മുൻസിപ്പൽ മേയറുമായിരുന്ന കോമാട്ടിൽ അച്ചുത മേനോൻ എഴുതിയ 'ലോകത്ത് തറവാട്ടുപേർ മലയാളികൾക്കു മാത്രം' എന്ന ലേഖനമാണ് (മലബാർ മെയിൽ 11.9.41 തിങ്കൾ) ഇന്നും നമുക്കൊക്കെ സുപരിചിതമായ ചില വീട്ടുപേരുകൾ തന്നെയാണ് അവിടെ പരാമർശിട്ടുള്ളത്. പേരിനുമുമ്പുള്ള ഏക അക്ഷരം വീട്ടുപേർ ആണ് സൂചിപ്പിക്കുന്നത്. ഇത് മരുമക്കത്തായ സമ്പ്രദായം ഉള്ളവരിലാണ് താനും. എത്രത്തോളം തറവാടുകൾ ഉണ്ടോ അത്രത്തോളം പേരുകൾ ഉണ്ടത്രെ. പേരുകൾ തമ്മിൽ സാമ്യമില്ല. വൈവിധ്യം ഉണ്ട്, വൈചിത്ര്യവും- ആചാരങ്ങളിൽ നിന്നും അനുഷ്ടാനങ്ങളിൽ നിന്നും വന്ന പേരുകൾ.

കോമാട്ടിൽ എന്ന പേർ തന്നെ നോക്കുക, ഓരോ കുടുംബത്തിലും അതിന്റെ സ്ഥാപകന്റെയോ പൂർവ്വികരുടെയോ, പേര് ഉപയോഗിച്ച് വിളിക്കപ്പെട്ടിരിക്കാം, അതുമല്ലെങ്കിൽ അന്യ തറവാട്ടിൽപ്പെട്ടവരെ അന്യന്മാരാരോ ഒരു തറവാട്ടിലെ പ്രത്യേക പേർ ഉപയോഗിച്ച് വിളിച്ചു കാണാമെന്ന് കോമാട്ടിൽ അച്ചുത മേനോൻ സമർത്ഥിക്കാൻ ശ്രമിക്കുന്നു.

കോമാട്ടിൽ (കോമ, ആത്ത്) തമിഴ് പദമാണ് ആത്ത്. വീട് അല്ലെങ്കിൽ അകം എന്നർത്ഥം. കൊച്ചിയിലെ കിഴക്കൻ താലൂക്കുകളിൽ വീടുകൾക്ക് കോമ (കോമു) - കോമു ആത്ത് എന്ന പേർ ഉണ്ട്. അപ്പോൾ കോമാട്ടിൽ കോമുത്തരുടെ വീട് എന്ന അർഥം വരുന്നു. അതുപോലെ കൊച്ചാട്ട് എന്ന വീട്ടു പേർ .കൊച്ചാട്ട് (കൊച്ചു , ആത്ത്) കൊച്ചുവിന്റെയൊ, കൊച്ചയുടെയൊ വീട്, ചീരത്ത് (ചീരു ആത്തുവിന്റെ വീട്) മാതത്ത് (മാതയുടെയോ, മാധവിയുടെയോ വീട്), അമ്പാട്ട് (അംബയുടെയോ, അംബികയുടെയോ തറവാട്), രാമത്ത് (രാമന്റെ വീട്), ഭീമത്ത് (ഭീമനായവന്റെ വീട്) രാമൻ കണ്ടത്ത് (രാമന്റെയും, കണ്ടന്റെയും വീട്), ചെറുകണ്ടത്ത് (ശ്രീകണ്ഠന്റെ വീട്) ഓതേനത്ത് (ഒതേനന്റെ വീട്) അങ്ങനെയങ്ങനെ വീട്ടുപേരുകൾ.

**(ശേഷം 53-ാം പേജിൽ)**





# അസ്തമയ സൂര്യന്റെ അന്ത്യപ്രഭാവം

**മൃണാളിനി ഫോൺ : 9567763643**

ഇരുണ്ടുവരുന്ന മേഘപാളികൾക്കിടയിൽ അസ്തമയ സൂര്യന്റെ ചെങ്കതിരുകൾ നിർമ്മിച്ച വർണ്ണ പ്രപഞ്ചം പശ്ചിമാംബരത്തിലൂടെ താഴെ സാഗരത്തിലേക്ക് മുങ്ങിത്താഴുന്നത് നോക്കി അയാൾ മണൽത്തിട്ടയിൽ ഇരുന്നു. കടൽക്കാറ്റ് അയാളുടെ മുടിയിഴകൾ താലോലിച്ചുകൊണ്ടിരുന്നു. അയാൾ ചിന്നിച്ചിതറിയ മുടിയിൽ വിരലോടിച്ചപ്പോൾ ഓർത്തു നാളെ ഈ മുടിയും ഇല്ലാതാകും. അയാൾക്ക് തലയിൽ ഒരു വലിയ ഭാരം കയറ്റിവച്ച പോലെ ഒരു വിങ്ങലായിരുന്നു. കീമോതെറാപ്പിക്കുള്ള ദിവസം നിശ്ചയിക്കാൻ ഡോക്ടറുമായി അപ്പോയിന്റ്മെന്റ് എടുക്കണം. മനസ്സിൽ മ്ലാനത ഇരുൾ മൂടിയപ്പോൾ ആകാശവും ഇരുണ്ടു തുടങ്ങിയിരിക്കുന്നു. എഴുന്നേൽക്കാൻ മടിച്ച് അയാൾ നനഞ്ഞ മണ്ണിൽ മലർന്നു കിടന്നു. ഈ സൂര്യാസ്തമയം തന്റെയും അസ്തമയമാണ്. ഇനിയൊരുനാൾ ഈ ഭൂമിയിൽ ഉണ്ടാകുമെന്നറിയില്ല.

അയാളുടെ ചിന്തകൾ ലക്ഷ്യമില്ലാതെ അലഞ്ഞു. തീരത്തു വന്നടിയുന്ന തിരമാലകൾ. ഉത്സാഹത്തോടെ അച്ഛനമ്മമാരൊടൊപ്പം കടലിൽ കുളിക്കുന്ന കുട്ടികൾ. അയാളുടെ മനസ്സിൽ പാദസരമിട്ട രണ്ട് കുഞ്ഞിക്കാലുകൾ നിറഞ്ഞു നിന്നു. സ്വപ്നങ്ങളിൽ തന്നെ വന്നു പുൽകാറുള്ള ചിത്രം. കഠിനമായ മനോവേദനയാണ് ഈയിടെ അത് നൽകാറുള്ളത്. 23 വർഷം മുമ്പുള്ള ചിത്രം. അവൾ ഇപ്പോൾ എവിടെയായിരിക്കും.? കല്ല്യാണം കഴിഞ്ഞിരിക്കുമോ? താനറിയാതെ തന്റെ മകൾ വിവാഹിതയാകുമോ? അയാളുടെ ഹൃദ്ത്തടത്തിൽ വർഷങ്ങൾക്കപ്പുറം ഏറ്റ മുറിവിന്റെ നോവ് വിങ്ങിത്തുടിച്ചു.

പെട്ടെന്നു അയാളുടെ ഇരുൾ മൂടിയ ചിന്തകളിൽ വെളിച്ചം വീശിയപോലെ ഒരാശയം ഉയർന്നുവന്നു. എങ്ങനെയും അവളെ ഒന്ന് കാണണം. എന്നിട്ടാവട്ടെ ഡോക്ടറും കീമോതെറാപ്പിയും. ഇത്രനാൾ മുന്നിൽ വരാതെ കഴിഞ്ഞ അച്ഛനെ കാണുമ്പോൾ എന്തായിരിക്കും അവളുടെ പ്രതികരണം. പണ്ടത്തെ ഓർമ്മകൾ അയാളെ വേട്ടയാടി. ഫാമിലി കോർട്ടിൽ കുട്ടിയുടെ അവകാശത്തിനായി വാദിച്ചു. രണ്ടര വയസ്സുള്ള കുഞ്ഞുമകൾ അച്ഛനേയും അമ്മയേയും മാറിമാറി നോക്കിക്കൊണ്ടിരിന്നു. മോളെ എന്ന് വിളിച്ച് കൈ നീട്ടിയപ്പോൾ അവൾ തിരിഞ്ഞു. രണ്ടു കൈകൊണ്ടും അമ്മയുടെ കഴുത്തിനു ചുറ്റും കെട്ടിവരിഞ്ഞ് കരഞ്ഞു. 'അമ്മ മതി'.

ഇതാണ് നിങ്ങൾക്കുള്ള മറുപടി. കോടതി പറഞ്ഞു. താനിരുന്ന് വിയർത്തു. രാഗിണിയുടെ മുഖത്ത് വിജയഭേരി ഉണ്ടായിരുന്നു. പഠിപ്പിച്ചുകൊണ്ടുവന്നതാവാം. അപ്പോൾ മനസാക്ഷി മന്ത്രിച്ചു. നീ എത്രനാൾ നിന്റെ കുഞ്ഞിനെ വാരിപ്പുണർന്നിട്ടുണ്ട്. രാവിലെ അവൾ എഴുന്നേൽക്കുന്നതിന് മുമ്പേ ലാപ് ടോപ്പ് അടങ്ങിയ ബ്രീഫ് കേസുമായി വീടുവിടും. പലപ്പോഴും പ്രാതൽ ഓഫീസിൽ വരുത്തിക്കഴിക്കും. രാത്രി ബിസിനസ്സ് മീറ്റിൽ പങ്കെടുത്ത് രണ്ട് പെഗ് മദ്യം നുണഞ്ഞ് കാറിൽ കയറി വീടെത്തും മുമ്പേ കുഞ്ഞുറങ്ങിയിട്ടുണ്ടാകും. ഞായറാഴ്ചകളിൽ പലപ്പോഴും ടൂർ പ്രോഗ്രമുകൾ ഉണ്ടാകും. വീട്ടിലുള്ള ദിവസങ്ങൾ ലാപ്ടോപ്പ് നിവർത്തിവച്ച് എക്സലിന്റെ അക്കങ്ങളിലും കോളങ്ങളിലും മുങ്ങാംകുഴിയിടുമ്പോൾ അടിവച്ചു വരുന്ന കുഞ്ഞിനെ കൈകൊണ്ട് തഴുകി വീണ്ടും അക്കങ്ങളുടെ ലോകത്തിലേക്കു പോകും. അവൾ സാകൂതം തന്നെ നോക്കിക്കൊണ്ട് നിൽക്കുന്നത് അറിയാറുണ്ട്. അമ്മയുടെ ലോകത്തിലാകും അവൾ വളർന്നത്. പിന്നെ അമ്മ മതി എന്നല്ലാതെ എന്തുതന്നെ അവൾ പറയും.

തനിക്കെവിടെയൊക്കെയോ വഴിതെറ്റി. ആകാശത്ത് അലഞ്ഞുനടക്കുന്ന മേഘപാളികളിലെവിടെയോ ഒരു കുഞ്ഞുമുഖം കാണുന്നുണ്ടോ? സാറേ പോകണ്ടേ? രാമൻകുട്ടിയാശാന്റെ ചോദ്യം വർത്തമാനത്തിലേക്കുണർത്തി. മുടിയിലും ഷർട്ടിലും പറ്റിപ്പിടിച്ച മണൽത്തരികൾ തട്ടിക്കളഞ്ഞ് അയാൾ എഴുന്നേറ്റു. രാത്രി രാമൻക്കുട്ടിയാശാൻ കഞ്ഞി വിളമ്പിയപ്പോഴും, അയാളുടെ ചിന്തകൾ മകളെപ്പറ്റിയായിരുന്നു. അവളെ കണ്ടുപിടിക്കാൻ എന്താണു വഴി? രാഗിണിയെത്തന്നെ അഭയം പ്രാപിക്കണം. അവസാനത്തെ തവണ മകളെ കാണാൻ പോയത് ഓർമ്മ വന്നു. രാഗിണി വീണ്ടും വിവാഹം കഴിക്കാൻ പോകുന്നു എന്നു കേട്ടിട്ടാണ് ഇനിയെങ്കിലും തനിക്ക് മകളെ വിട്ടുതരാമോ എന്നു ചോദിച്ചു. അവൾ വരുമെങ്കിൽ കൊണ്ടു പൊയ്ക്കോളൂ എന്നായിരുന്നു മറുപടി. അമ്മയുടെ സാരിത്തുമ്പിൽ മുഖം പൂഴ്ത്തി നിന്ന ആറുവയസ്സുകാരി വിളിച്ചപ്പോൾ വരില്ലെന്നു തലകുലുക്കി. പിന്നീട് യാതൊരു ബന്ധവു

മുണ്ടായിട്ടില്ല. അവൾ രണ്ടാനച്ഛനെ സ്വന്തം അച്ഛന്റെ സ്ഥാനത്ത് കണ്ടുവോ?

തിരക്കിട്ട ജീവിതത്തിനിടക്ക് കാലം കൊഴിഞ്ഞുപോകുന്നതറിഞ്ഞില്ല. ഇപ്പോൾ ജീവിതത്തിന്റെ സായന്തനത്തിലാണ് വെള്ളിടിപോലെ രോഗം കവർന്നു തിന്നാൻ വിരുന്നു വന്നത്. പിറ്റേന്ന് തന്നെ അയാൾ കാർ എടുത്ത് യാത്ര തുടങ്ങി. താമസ സ്ഥലത്തുനിന്ന് 200 കി.മീറ്ററുണ്ട് താൻ പണിതുകൊടുത്ത അവരുടെ വീടിന്. ക്ഷീണിതനാക്കിയ ആ യാത്ര കഴിഞ്ഞ് പഴയ വീടെത്തിയപ്പോൾ കുറച്ച് സമയം കാറിലിരുന്ന് വീടിനെ നോക്കിക്കൊണ്ടിരുന്നു. പഴയ ഗേറ്റെല്ലാം മാറിയിരിക്കുന്നു. വീട് പുതുക്കിപ്പണിതിരിക്കുന്നു. തെറ്റിയിട്ടില്ല. ഇതു തന്നെയാണ് താൻ തന്റെ മകൾക്കുവേണ്ടി വിട്ടുകൊടുത്ത വീട്. സംശയമാർന്ന മനസ്സോടെ അകത്തേക്കു കടന്ന് കാർ പോർച്ചിൽ നിന്ന് കാളിംഗ് ബെല്ലിനായി പരതി. അപ്പോൾ വാതിൽ കടന്ന് രാഗിണി പുറത്തേയ്ക്ക് വന്നു. ഒരു നിമിഷം അവൾ തരിച്ചു നിന്നു. തന്റെ നരകയറിയ തലമുടിയിലും അവൾ തന്നെ തിരിച്ചറിഞ്ഞു.

'എന്താ മകളെ കാണാനാണോ?' അവൾ കയറിയിരിക്കാൻ പോലും പറയാതെ നേരിട്ട് കാര്യത്തിലേക്ക് കടന്നു. 'അതെ'. താനും കാര്യമാത്ര പ്രസക്തനായി. 'അവൾ ഇപ്പോൾ ഞങ്ങളുടെ കൂടെയല്ല ഏതോ ഹോസ്റ്റലിലാണ്?' 'ഏതോ എന്നോ നിങ്ങൾക്കറിയില്ലേ?' രാഗിണിയുടെ കവിൾ ചെറുതായി തുടുത്തു. 'അതൊന്നും അന്വേഷിക്കേണ്ട കാര്യമില്ല.' 'എനിക്കല്ലാതെ പിന്നെയാർക്കാണ് അന്വേഷിക്കേണ്ട കാര്യം?' മറുചോദ്യമെറിഞ്ഞു. 'തർക്കിക്കാൻ ഞാനില്ല അവൾ കോട്ടയ്ക്കൽ ആയുർവ്വേദ ശാലയിൽ ആയുർവേദ ഡോക്ടറായി ജോലി ചെയ്യുന്നു. കൂടുതലൊന്നും എനിക്കറിയില്ല.' അയാൾക്ക് ഉള്ളിൽ രോഷം കത്തിജ്ജ്വലിച്ചു. പക്ഷേ ഒന്നും പറയാതെ അവളെ തുറിച്ച് നോക്കി നിൽക്കാനെ കഴിഞ്ഞുള്ളൂ. വല്ലതും പറഞ്ഞാൽ അധികമായിപ്പോകും. അയാൾ തിരിഞ്ഞ് ഗേറ്റിന് പുറത്തേക്കു നടന്നു.

താൻ എന്നും അങ്ങനെയായിരുന്നു. അവളുടെ മുന്നിൽ തോല്ക്കാറേയുള്ളൂ. കാർ സ്റ്റാർട്ടാക്കി മുന്നോട്ട് പായുമ്പോൾ മീറ്ററിൽ നോക്കി. അവിടെ എത്താൻ സുമാർ 150 കി.മീറ്റർ വരും. ഒന്നും തനിക്കു തടസ്സങ്ങളല്ല. ഏതോ ശക്തി നയിക്കുന്നതു പോലെ അയാൾ കാർ മുന്നോട്ട് പായിച്ചു. അയാളുടെ ചിന്ത അവളെ എങ്ങനെ തിരിച്ചറിയാം എന്നായിരുന്നു. അവൾ എങ്ങനെ വീട്ടിൽ നിന്നും ഒറ്റപ്പെട്ടു. എന്തായിരിക്കും തന്നെ കാണുമ്പോഴുള്ള പ്രതികരണം? ചിന്തകൾ കാർമേഘം മൂടിയപ്പോൾ അയാൾ ശുഭാപ്തി വിശ്വാസത്തിനായി കിണഞ്ഞു.

യാത്രക്കൊടുവിൽ കോട്ടയ്ക്കലെത്തി. അയാൾ വണ്ടി പാർക്കിംഗ് ഗ്രൗണ്ടിലൊതുക്കി നിർത്തി. ഈ വിശാലതയിൽ അവളെ എവിടെക്കാണും? പ്യൂൺ എന്നു തോന്നിച്ച ഒരാളോട് ചോദിച്ചു. 'രോഷ്ണി എന്ന ഡോക്ടർ ഇവിടെയുണ്ടോ?' 'ഏത് രോഷിണി പി.ആർ. ഓ, രോഷ്ണി ജയദേവനോ?' പെട്ടെന്ന് മനസ്സിൽ വെളിച്ചം പടർന്നു. 'രോഷ്ണി ജയദേവൻ.' 'ഇന്ന് ഒഴിവ് ദിവസമല്ലേ സാറെ'. അവർ ഹോസ്റ്റലിൽ ആയിരിക്കും. 'എവിടെയാണ് ഹോസ്റ്റൽ?' മെയിൻ റോഡിൽ അരക്കിലോമീറ്റർ പോയാൽ വലത്തോട്ട് ആദ്യത്തെ തിരിവ്. വി.എൻ. ബേബി മെമ്മോറിയൽ വിമൻസ് ഹോസ്റ്റൽ 'നന്ദി' എന്നു പറഞ്ഞു തിരിഞ്ഞപ്പോൾ പിമ്പേ അയാളുടെ ചോദ്യം 'സാറ് അവരുടെ ആരാ?' ഒന്നു പതറി. ഉത്തരമില്ലാത്ത ചോദ്യം. പിന്നെ ഒന്നും പറയാതെ കാറെടുത്ത് തിരിഞ്ഞുപോയി.

ഹോസ്റ്റൽ കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. വാർഡനെ കണ്ടു. അവളുടെ പേരു പറഞ്ഞു. രോഷ്ണിയുടെ ആരാണ്? അവർ ചോദിച്ചു. പതറാതെ മറുപടി പറഞ്ഞു, 'അവളുടെ അച്ഛൻ' അവർ തന്നെ തറച്ചൊന്നു നോക്കി. ഇത്രനാളും ആ കുട്ടി ഇവിടെ തനിച്ചായിരുന്നു. അതിൽ കുറ്റാരോപണമുണ്ടായിരുന്നു. തനിക്ക് മറുപടിയുമില്ലായിരുന്നു. 'എനിക്ക് അവളെ ഒന്നു കാണാമോ?' തന്റെ സ്വരത്തിൽ അഭ്യർത്ഥനയുണ്ടായിരുന്നു. വാർഡൻ ബെല്ലടിച്ച് പ്യൂണിനെ വരുത്തി രോഷ്ണി ജയദേവനെ വിളിപ്പിച്ചു. ഹൃദയം പടപട മിടിക്കുന്നുണ്ടായിരുന്നു. സർ ഇരിക്കൂ വാർഡൻ കൂടുതൽ മൃദുവായി. നീണ്ടതെന്നു തോന്നിക്കുന്ന കാത്തിരിപ്പിനു ശേഷം വെളുത്ത കൊലുന്നനെയുള്ളൊരു പെൺകുട്ടി നീല സാരിയുടുത്ത് അല്പം പരിഭ്രമത്തോടെ കടന്നു വന്നു. ആദ്യം ശ്രദ്ധിച്ചത് പാദസരത്തിന്റെ കിലുക്കമാണ്. മോളെ എന്നു വിളിച്ച് എഴുന്നേറ്റു. അവൾ സാകൂതം തന്നെ ചൂഴ്ന്നു നോക്കി. പതിയെ ആ മുഖത്ത് മന്ദഹാസം വിരിഞ്ഞു. അവളെ കെട്ടിപ്പിടിച്ച് മൂർദ്ധാവിൽ ഉമ്മ വയ്ക്കാൻ ഉൽക്കടമായ ദാഹം തോന്നി. പക്ഷെ അവളുടെ കൈ രണ്ടുകൈകൊണ്ടും ചേർത്ത് പിടിക്കുവാൻ മാത്രമേ സാധിച്ചുള്ളൂ.

ആ ലോബിയിലിരുന്ന് സംസാരിക്കാം. വാർഡൻ കൂടുതൽ മൃദുവായി. ലോബിയിലേക്ക് അവളുടെ കൈയ്യും പിടിച്ച് നീങ്ങി. 'അച്ഛനെന്താ ഇത്രനാളും വരാഞ്ഞത് ?' 'നീ എന്നെ വീണ്ടും തിരസ്കരിക്കും എന്ന ഭയംകൊണ്ട്.' അവളുടെ മുഖം വാടി. 'അത് ഞാൻ കുഞ്ഞായിരുന്നില്ലേ അച്ഛാ ? എന്നെ പറഞ്ഞു പഠിപ്പിച്ചത് ഞാൻ ഏറ്റു പറഞ്ഞു.' എന്നാണ് നീയും നിന്റെ അമ്മയും തമ്മിലുള്ള ബന്ധം വിട്ടത് ? 'അത് .... അയാൾ അമ്മയുടെ ജീവിതത്തിൽ കയറിവന്നപ്പോൾ അമ്മയ്ക്കെന്നെ വേണ്ടാതെയായി. ഞാൻ ഒറ്റപ്പെട്ടു.





പിന്നെ എങ്ങനെയോ പഠനം തീർത്തു. കൂടുതൽ ശ്രദ്ധയോടെ പഠിക്കാനുള്ള സാഹചര്യങ്ങളുണ്ടായിരുന്നെങ്കിൽ ഞാൻ എം.ബി.ബി. എസ് എൻട്രൻസ് എഴുതിയെടുത്തേനെ. പക്ഷേ എനിക്കിപ്പോൾ അതിൽ നിരാശയില്ല. കൂടുതൽ ജനസേവനമാണ് ഞാൻ ചെയ്യുന്നത്. ഞാൻ കാൻസർ വാർഡിലാണ്. എത്രയോ രോഗികൾ അസുഖം തീർത്തും മാറി മടങ്ങിപ്പോകുന്നു.' അവൾ വാചാലയായി.

അയാൾ അവളുടെ ശബ്ദത്തിന്റെ മാസ്മരികതയിൽ മുങ്ങിയിരുന്നു. 'അച്ഛൻ എന്താണ് ചെയ്യുന്നത്?' ഒരു നിമിഷം അയാൾ ചിന്തിച്ചു. അവളെ ദു:ഖിപ്പിക്കുന്ന ഒന്നും പറയേണ്ട. 'അച്ഛൻ കമ്പിനിയിൽ നിന്ന് റിട്ടയർ ചെയ്യുകയാണ്. ഇനി വിശ്രമജീവിതം.' അച്ഛൻ ഇന്നു പോകുമോ ? അവളുടെ ശബ്ദത്തിൽ ആകുലതയുണ്ടായിരുന്നു. 'ഇല്ല കുട്ടീ നമ്മൾ രണ്ടാളും ചേർന്നേ പോകുകയുള്ളൂ. നിനക്ക് രണ്ടു ദിവസത്തേക്ക് ലീവ് കിട്ടുമോ?' അവളെ വിട്ടുപിരിയുവാൻ അയാൾക്കും വിഷമമുണ്ടായിരുന്നു. ഞാൻ എന്റെ കൂടെ ജോലി ചെയ്യുന്ന ശാലിനിയോട് പറഞ്ഞ് ലീവ് ലെറ്റർ കൊടുപ്പിക്കാം. അവൾ ആവേശഭരിതയായി.

അങ്ങനെ അച്ഛനും മകളും യാത്രയായി. ഇരുൾ വിതറിയ വഴികളിലൂടെ സഞ്ചരിച്ച് അവർ അയാളുടെ കടലോരത്തുള്ള വീട്ടിലെത്തി. രാമൻകുട്ടിയാശാൻ നെറ്റിചുളിച്ചു. 'ഇതാരാ കൂടെ?' 'എന്റെ മകൾ' അഭിമാനത്തോടെ പറഞ്ഞു. ആശാന്റെ മുഖം തെളിഞ്ഞു. അവരെ സൽക്കരിക്കുന്നതിൽ അയാൾ വ്യാപൃതനായി.

രോഷ്ണി ഡിവാനിൽ ചാഞ്ഞു കിടക്കുന്ന അച്ഛന്റെ അരികിലിരുന്നു. അച്ഛന്റെ മുടിയിൽ വിരലോടിച്ചുകൊണ്ട് അവൾ അവളുടെ ജീവിതം വിവരിച്ചു. ആദ്യമൊക്കെ അമ്മയും രണ്ടാനച്ഛനും അവളെ ലാളിച്ചിരുന്നു. പക്ഷെ അവൾക്കു താഴെയായി അനുജനും അനുജത്തിയും പിറന്നപ്പോൾ താല്പര്യമൊക്കെ കുറഞ്ഞു. അമ്മയ്ക്ക് അലംഭാവവും അയാൾക്ക് പോരുമായിരുന്നു. അവൾ തികച്ചും ഒറ്റപ്പെട്ടു. പഠിക്കുവാൻ മിടുക്കിയായിരുന്നതുകൊണ്ട് ശോഭനമായ ഭാവി സ്വപ്നം കണ്ടു. പ്ലസ് ടു കഴിഞ്ഞ് എൻട്രൻസ് എഴുതാൻ അവളെ ഒരു കോച്ചിംഗിനും ചേർത്തില്ല. എംബിബിഎസ് സ്വപ്നം കണ്ട അവൾ ബി.എ.എംഎസ് കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. അതിൽ നല്ല മാർക്കോടെ പാസ്സായതുകൊണ്ട് ഇവിടെ ജോലി ലഭിച്ചു. വീട്ടിൽ പറയാതെ പെട്ടിയുമെടുത്ത് ഇവിടെ വന്ന് ഹോസ്റ്റലിൽ ചേർന്നു. കോട്ടയ്ക്കലിൽ ജോയിൻ ചെയ്തു. ഇപ്പോൾ ഒരു വർഷത്തോളമായി കാൻസർ വാർഡിലാണ് ഡ്യൂട്ടി കിട്ടിയത്. അതുകൊണ്ട് ചെയ്യുന്ന ആതുര സേവനത്തിന്റെ മഹത്വം എനിക്കു മനസ്സിലായി. എം ബി ബി എസ് മോഹം തീർന്നു.

അയാൾ മകളുടെ കൈയ്യെടുത്ത് നെഞ്ചത്തു വച്ച് കണ്ണടച്ചു കിടന്നു. പെട്ടെന്നു ചുമ ആക്രമിച്ചു. മോളെ കുറച്ചു ചൂടുവെള്ളം. 'ഇപ്പോൾ തരാമച്ഛാ'. അവൾ താഴേയ്ക്കോടി. രാമൻകുട്ടി ആശാൻ വെള്ളം തിളപ്പിച്ചാറ്റുന്നതിനിടയ്ക്ക് അവൾ ചോദിച്ചു. അമ്മാവൻ എന്റച്ഛനെ നല്ലവണ്ണം നോക്കുന്നുണ്ടോ? അച്ഛന്റെ മുഖത്ത് നല്ല ക്ഷീണമുണ്ട്. എന്തായീ ചുമ. ആശാൻ തലപൊക്കി അവളെ തുറിച്ചു നോക്കി. എന്നിട്ടു ചോദിച്ചു. 'മോളറിഞ്ഞില്ലേ ? അച്ഛന് കാൻസറാണ്.' അവൾ അസ്തപ്രജ്ഞയായി കുറേനേരം നിന്നു. പിന്നീട് ആറിച്ചെടുത്ത വെള്ളവും കൊണ്ട് പതുക്കെ തിരിച്ചു പോയി.

അയാൾ വെള്ളം കുടിക്കുമ്പോൾ മകളുടെ ഉത്സാഹക്കുറവ് ശ്രദ്ധിച്ചു. 'മോൾക്ക് യാത്ര ചെയ്ത ക്ഷീണമുണ്ടോ?' അയാൾ ചോദിച്ചു. 'ഇല്ലച്ഛാ.' അവൾ നിഷേധാർത്ഥത്തിൽ തലകുലുക്കി. മുഖം വാടിയിരിക്കുന്നു. അയാൾ അവളുടെ കൈത്തലം കവർന്നു. 'അച്ഛാ' അവൾ പതുക്കെ വിളിച്ചു. 'ഉം' അയാൾ മൂളി അവൾ അറച്ചിരുന്നു. 'എന്തുപറ്റി'? അയാൾ ചോദിച്ചു. അവൾ പതുക്കെ പറഞ്ഞു 'അച്ഛന് കാൻസർ പിടിപെട്ടോ? അതാണോ അച്ഛൻ എന്നെ അന്വേഷിച്ചു വന്നത്?' അയാൾ കണ്ണടച്ച് നിശ്ചിന്തനായി കിടന്നു. അവളുടെ കൈ നെഞ്ചോടു ചേർത്ത് അമർത്തി പിടിച്ചു. നിശ്ശബ്ദമായ നിമിഷങ്ങൾ കടന്നു പോയി.

അയാൾ പറഞ്ഞു തുടങ്ങി. അച്ഛൻ നിന്നെ കണ്ടെത്താൻ കുറെ വൈകി. 'അച്ഛന്റെ ആരോഗ്യമുള്ള ജീവിതകാലം കഴിഞ്ഞു. കീമോതെറാപ്പിക്കുള്ള തീയതി നിശ്ചയിക്കുവാൻ ഡോക്ടറെ കാണാനുള്ള ദിവസം അടുത്തപ്പോഴാണ് നിന്നെ കാണണമെന്ന് അതിയായ മോഹം തോന്നിയത്. എന്റെ തിരക്കുപിടിച്ച ജീവതത്തിനിടയിലും എന്നും നീ ഒരു കിട്ടാക്കനിയായി മനസ്സിലുണ്ടായിരുന്നു. പക്ഷെ വീണ്ടും ഒരു പരീക്ഷണത്തിനു ധൈര്യമുണ്ടായില്ല.'

അവൾ അച്ഛന്റെ നെഞ്ചിൽ തലവച്ചു ചാഞ്ഞു കിടന്നു. പിന്നെ അവൾ ഒരു വെളിപാടുണർത്തിയപോലെ എഴുന്നേറ്റു പറഞ്ഞു. 'അച്ഛൻ ഒരു കീമോതെറാപ്പിക്കും പോകണ്ട. ഞാൻ എന്റെ സീനിയർ ഡോക്ടറെക്കൊണ്ട് അച്ഛന്റെ രോഗം നോക്കിക്കാം. എന്നാലെ എനിക്ക് സമാധാനമുള്ളു'. അയാളുടെ മുഖത്ത് ആശയുടെ കിരണങ്ങൾ പ്രത്യക്ഷപ്പെട്ടു. മരിക്കുന്നെങ്കിലും മകളെക്കണ്ടുകൊണ്ട് മരിക്കാമല്ലോ. അവളുടെ കൂടെ കുറച്ചു നാൾ കൂടി ജീവിതം കിട്ടിയാൽ അത്രയുമായി. അവളുടെ മടിയിൽ തലചായ്ച്ചു കിടന്ന് പടിഞ്ഞാറ് സൂര്യാസ്തമയം കണ്ടുകൊണ്ട് അയാൾ കിഴക്ക് ഒരു സൂര്യോദയത്തിനായി കാത്തിരുന്നു.

(8-ാം പേജിൽ നിന്ന് തുടർച്ച)

<u>കവിത</u>

# ഓണം

കെ.ബി. രമ

ആടിക്കാറംബരത്തേരോഴിഞ്ഞു
ആവണീപ്പൂമുഖശ്രീ തെളിഞ്ഞു
മാമലനാടിന്നകം നിറഞ്ഞു
മാവേലിപ്പാട്ടിൻ തുടിയുണർന്നു

മാനവരൊന്നുപോൽ വാണ നാളിൻ
മാധുര്യമോർമ്മക്കകം വിരിഞ്ഞു
കേരകേദാരമാം ചാരുതീരം
കേരളമോണക്കസവണിഞ്ഞു

അത്തച്ചമയത്തിനെത്തിടുന്നേ
ചിത്തിരത്തോണിയൊന്നിക്കരക്ക്
ഉത്രാടപ്പൂനിലാപ്പൊന്നൊരുക്കി
പൊന്നോണം പൂത്താലി കോർത്തൊരുക്കി

പൂവിളികേട്ടു മിഴി തുറന്നു
പൂമങ്കമാരുമൊരുങ്ങി നിന്നു
പുന്നാരം ചൊല്ലിപ്പറന്നു വന്നു
പൂവാലൻതുമ്പിയൊന്നോണത്തേരിൽ

പുത്തരി വേണം കലം നിറയേ
പൂവാലിപ്പയ്യിന്റെ പാലും വേണേ
പൂർണ്ണത്രയീശന്റെ അമ്പലത്തിൽ
പൂജയ്ക്കു പായസച്ചോറിനാണേ

കൊച്ചുപെണ്ണാളിൻ കുരവ വേണം
കാവാലൻ ചുണ്ടൻ ജയിച്ചിടേണം
പാറമേക്കാവിൻ പുരത്തിലാകേ
പായും പുലികൾ തന്നോളം വേണം

ഓണത്തല്ലെങ്ങോ തിമിർക്കുന്നുണ്ടേ
ഓണവിൽപ്പാട്ടൊന്നു കേൾക്കുന്നുണ്ടേ
ഓണപ്പടിയൂഞ്ഞാലാട്ടമുണ്ടേ
ഓമനപ്പൂങ്കവിൾ ചോപ്പുമുണ്ടേ

കോടിയുടുത്തും കുരവയാർത്തും
കേളിയിൽ പാണികളൊട്ടുകോർത്തും
പാടിക്കളിച്ചുടലൊട്ടുവേർത്തും
കാമിനിമാർക്കോ മനം കുളിർത്തു.....

---

(കുമ്മിയുടെ രീതിയിൽ....)
മാവേലിയെന്നൊരു ദൈത്യരാജൻ
മുപ്പാരുമൊന്നു പോൽ വാണകാലം
മണ്ണിലും വിണ്ണു പിറക്ക മൂലം
വിണ്ണവർക്കുള്ളം നടുങ്ങി പോലും

മാധവൻ വാമനരൂപമാർന്നു
മൂവടിയാലേയളന്നു ലോകം
ദാനവാനായൊരാ ദാനവനെ
പാതാളം തന്നിലയച്ചു പോലും

ആണ്ടിലൊരിക്കലീ നാടുകാണാൻ
ആവണിത്തേരിൽകരേറിയല്ലോ
ആബലിതമ്പ്രാനെഴുന്നള്ളുന്നു
ആമോദമോടെയണഞ്ഞീടുന്നു

ആമയമെല്ലാം വെടിഞ്ഞു നമ്മൾ
ആവോളമെല്ലാമൊരുക്കിടേണം
ആടണം പാടണം കുമ്മികൊട്ടി
ചോടുകൾ വെച്ചു കളിച്ചിടേണം.

ചൈത്രം

**• മാനസിക സംഘർഷമനുഭവിക്കുന്നവർ**

**• ഏകാന്തതയനുഭവിക്കുന്നവർ**

**• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**

**• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**





# കാഴ്ചപ്പാടൊന്നു മാറിയാൽ.....

പ്രഭ (ചൈത്രം)

എന്റെ മുന്നിലേക്ക് കടന്നു വന്ന ആ സ്ത്രീ അനുഭവിക്കുന്ന മാനസിക സംഘർഷം അവരുടെ മുഖത്ത് പ്രകടമായിരുന്നു, ഇരിക്കാൻ പറഞ്ഞിട്ട് ഇവിടെ വരാനുള്ള കാരണം അന്വേഷിച്ചു. അവരുടെ പേരു പറഞ്ഞു. ഇപ്പോൾ ഉദ്യോഗമില്ല. ഭർത്താവും അമ്മയും കൂടെ താമസിക്കുന്നു. ഒരു സുഹൃത്ത് പറഞ്ഞാണ് ചൈത്രത്തെക്കുറിച്ചറിഞ്ഞത്.

ചൈത്രത്തിലേക്ക് വരാനുള്ള കാരണം തിരക്കി. കൂടെ, ഇവിടെ പറയപ്പെടുന്ന കാര്യങ്ങൾ തീർത്തും സ്വകാര്യമായിരിക്കുമെന്ന് അവരെ ബോദ്ധ്യപ്പെടുത്തി. ആരോടെങ്കിലും എല്ലാം തുറന്നു പറഞ്ഞാൽ മനസ്സിന്റെ ഭാരം കുറയുമെന്ന് സൂചിപ്പിച്ച് സംസാരിക്കാൻ അവരെ പ്രേരിപ്പിച്ചു. ഏറ്റവും അടുത്ത സുഹൃത്തിനോടുപോലും എല്ലാം തുറന്നു പറയാൻ സാധിച്ചെന്നു വരില്ല. പക്ഷേ തന്നോട് അതാകാമെന്ന് ധൈര്യം കൊടുത്തു.

അമ്മയ്ക്ക് 76 വയസായി. വലിയ മറവിയാണ്. സ്കാനിംഗ് ചെയ്തപ്പോൾ തലച്ചോറിന് കുറച്ച് ക്ഷതം സംഭവിച്ചതായി അറിയാൻ കഴിഞ്ഞു. ഒരു കാര്യം തന്നെ അമ്മ ആവർത്തിച്ച് ചോദിക്കും. ചെയ്ത കാര്യങ്ങൾ പിന്നേയും പിന്നെയും ചെയ്തു കൊണ്ടിരിക്കും. പറഞ്ഞതു തന്നെ വീണ്ടും വീണ്ടും പറയും. ഇങ്ങനെയൊക്കെയാകുമ്പോൾ എനിക്കും ചിലപ്പോൾ സമനില തെറ്റിപ്പോകും. ഞാനും ഒച്ചയെടുത്ത് സംസാരിക്കും. ഒപ്പം തന്നെ, ഞാനിപ്രകാരം ചെയ്യാൻ പാടില്ലാത്തതാണല്ലോയെന്ന് മനസ്സിൽ തോന്നുകയും ചെയ്യും. ചില സമയം വീട്ടിൽ നിന്ന് ഇറങ്ങിപ്പോകാനും തോന്നും. ഗ്യാസ് സ്റ്റൗ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ അമ്മയുടെ കഴിവു കുറവ് ഓർക്കുമ്പോൾ ആവശ്യങ്ങൾക്കുപോലും പുറത്തു പോകാനും സാധിക്കുന്നില്ല. ഇത് വളരെയധികം നിരാശ എനിക്ക് ഉണ്ടാക്കുന്നുണ്ട്.

ഇത്രയും പറഞ്ഞ് അവരൊന്ന് നിർത്തിയപ്പോൾ ഞാൻ ഇടപെട്ടു. 'നിങ്ങളുടെ സാഹചര്യം എനിക്ക് മനസിലാകുന്നുണ്ട്. അമ്മയുടെ മറവിമൂലം ഉണ്ടാകുന്ന അവസ്ഥകളുമായി പൊരുത്തപ്പെടാനുള്ള നിങ്ങളുടെ ബുദ്ധിമുട്ട് സ്വാഭാവികമാണ്. ദ്വേഷ്യവും വിഷമവും വന്നു പോയില്ലെങ്കിലേ അത്ഭുതമുള്ളു. ഇത്തരം സന്ദർഭത്തിന് ഒരുദാഹരണം പറയാമോ?'

എത്ര സന്ദർഭങ്ങൾ വേണമെങ്കിലും പറയാമെന്നായി അവർ. സാധാരണയായി പച്ചക്കറി അരിഞ്ഞു തരാറുണ്ട്. ഇന്ന് രാവിലെ കുറച്ച് ഇഞ്ചി അരിയാൻ കൊടുത്തു. അപ്പോൾ എനിക്ക് മുകളിലെ മുറിയിലേക്ക് പോകേണ്ട ആവശ്യം വന്നു. ഇഞ്ചി അരിയാനാണോയെന്നും എങ്ങിനെ അരിയണമെന്നും എന്നെ പലപ്രാവശ്യം വിളിച്ചു ചോദിച്ചു. ഞാൻ തിരികെ ഇറങ്ങി വന്നപ്പോഴും ഇഞ്ചി കൈയിൽ പിടിച്ച് 'ഇത് അരിയാനാണോ' എന്നു ചോദിച്ചു. ദേഷ്യം വരാതിരിക്കുമോ?

നിങ്ങളുടെ ബുദ്ധിമുട്ടും വിഷമവും ഞാൻ നന്നായി മനസ്സിലാക്കുന്നു. ഈ അവസ്ഥയിലൂടെ കടന്നു പോകുമ്പോൾ നിങ്ങൾക്ക് നിങ്ങളെക്കുറിച്ച് എന്തു തോന്നുന്നു? കൂടാതെ, ജീവിതത്തെക്കുറിച്ച് എന്തു തോന്നുന്നു? എന്ന് പറയാമോ.

നന്നായി ദേഷ്യം വരുമ്പോഴും കുറ്റബോധം തോന്നുന്നു. പക്ഷേ, എല്ലാപ്പോഴും ഞാൻ ശബ്ദമുയർത്താറില്ല. അതുകൊണ്ട് അമ്മയെ ഞാൻ വേണ്ടവിധം പരിചരിക്കുന്നു എന്ന ആശ്വാസമുണ്ട്. പക്ഷേ, ചിലപ്പോൾ എനിക്ക് എന്നെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. എങ്കിലും ജീവിതത്തോട് ഞാൻ നീതി പുലർത്തുന്നു എന്നു തന്നെയാണ് തോന്നുന്നത്.

പക്ഷേ, മറവിയുള്ള അമ്മ, കാര്യങ്ങൾ ഓർത്ത് ചെയ്യണമെന്ന് പ്രതീക്ഷിച്ചാൽ നടക്കുമോ ? എന്റെ ചോദ്യം. അതില്ലെന്ന് അവർ സമ്മതിച്ചു. പക്ഷേ ക്ഷമയുടെ കാര്യത്തിൽ താൻ പരാജയമാണെന്ന് തോന്നാറുണ്ട്. അമ്മ ചെയ്യുന്നത് അറിയാതെ ആയിരിക്കില്ലേ? തലച്ചോറു തകരാറിലായ അമ്മയ്ക്ക് കാര്യങ്ങൾ ഒക്കെ ശരിക്ക് ചെയ്യാൻ പറ്റുമോ എന്ന് ചിന്തിച്ചിട്ടുണ്ടോ? അതില്ലെന്ന് അവർ സമ്മതിച്ചു. നിങ്ങൾക്ക് നിങ്ങളെ മാറ്റാൻ കഴിയുമോ എന്ന ചോദ്യത്തിന് ശ്രമിക്കാമെന്ന് മറുപടി. എന്തായാലും അമ്മയെ ആവുവിധം പരിചരിക്കുന്നതിലും സ്വന്തം പെരുമാറ്റത്തെകുറിച്ച് വിശകലനം ചെയ്യാൻ സന്നദ്ധത കാണിച്ചതിനും അവരെ ഞാൻ അഭിനന്ദിച്ചു. ഇനി അങ്ങോട്ട് എന്തു വ്യത്യാസമാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്നു ഞാൻ ചോദിച്ചു. അത്........സ്വന്തം പ്രസ്താവനയായി ഒന്ന് പറയാമോയെന്നും. ഞാൻ എന്റെ അമ്മയെ ഇപ്പോൾ കൂടുതലായി മനസ്സിലാക്കുന്നു. അമ്മ കാര്യങ്ങൾ നേരെ ഓർത്ത് ചെയ്യണമെന്ന് ഞാൻ പ്രതീക്ഷിക്കുന്നതിൽ യാതൊരർത്ഥവുമില്ല. തന്മൂലം എന്റെ ക്ഷമ വർദ്ധിപ്പിച്ച് വേണ്ടവിധം സംയമനം പാലിക്കാൻ ശ്രമിക്കാമെന്ന് ഒരു തീരുമാനം എടുക്കുന്നു. ഇതിൽ വിജയിക്കുവാൻ വേണ്ട പോലെ ശ്രമിക്കാനും ശ്രദ്ധിക്കും. അവർ പറഞ്ഞു നിർത്തി.

ഇപ്രകാരം ഒരു തീരുമാനമെടുത്തതിലും തീരുമാനം പ്രാവർത്തികമാക്കാൻ ആശംസിക്കുകയും ചെയ്തു. വീണ്ടും ഒന്ന് തുറന്നു സംസാരിക്കുവാനും 'ചൈത്ര' ത്തിന്റെ സേവനം പ്രയോജനപ്പെടുത്തുവാനും ഫോൺ മുഖേനയോ നേരിട്ടോ എപ്പോൾ വേണമെങ്കിലും ബന്ധപ്പെടുവാനും അറിയിച്ചു.

കവിത

# കുറ്റപത്രം

പറവൂർ രാജഗോപാൽ, ഫോൺ : 9847291483

പറഞ്ഞു തീർക്കണം
അവളോടെനിക്ക്
പണ്ടു നടന്ന സംഭവം
ഇന്നടുത്തിരുന്നൊന്ന്.
കുടിച്ചുതീർക്കണം
അതിന്നു മുൻപെ
നിക്കെടുത്തുവച്ചൊരീ
നിറച്ച ദ്രാവകം.
പിടഞ്ഞു വീണു ഞാൻ
മരിച്ചു പോകവെയവൾ
അറിഞ്ഞു കൊള്ളട്ടെ
അന്നു നടന്നതെന്തെന്ന് !
പറഞ്ഞുവെച്ചു ഞാൻ
പിരിഞ്ഞു പോകവെ
അവൾ പൊഴിക്കട്ടെ
എനിക്കു വേണ്ടിയും.
ഇരുട്ടിലാണ്ടു ഞാൻ
വിളക്കെടുക്കാതെ
പതിച്ചുതാണൊരു
പടുകുഴി തന്നിൽ !
കരയ്ക്കു കേറുവാൻ
കഴിഞ്ഞതില്ല, യെൻ
ചരിത്രമാകവെ
തിരുത്തി ദുർവിധി.
കടുത്ത പാപമാ
ണെനിക്കു മാപ്പില്ല
വരുന്ന കാലവും
ശിക്ഷ നടപ്പിലായിടും !
എടുത്ത ഭാരങ്ങൾ
ഇറക്കി വെയ്ക്കുവാൻ
ഇടം എനിക്കു നിൻ
പ്രിയമാർന്ന മാനസം.
കരഞ്ഞു തീർക്കണം
അടുത്തിരുത്തിയെൻ
കരിഞ്ഞ മോഹങ്ങൾ
പറഞ്ഞതത്രയും !
പറഞ്ഞു തീർക്കണം
പാതിനെഞ്ചകം
അടച്ചുവെച്ചൊരീ
മിടിപ്പുമൊത്തവും.
പറഞ്ഞു വെയ്ക്കാതെ
മുഖം തിരിച്ചു ഞാൻ
നടന്നു നാളെത്ര
കടന്നു കാടുകൾ.
പറഞ്ഞുകൊള്ളട്ടെ
പതിയെ നിൻ കാതിൽ
പ്രതിയിവൻ ചെയ്ത
കടുത്ത പാതകം.
ഇനി പറഞ്ഞിടാം
മിഴിപകർപ്പിനാൽ
പകർത്തി വെച്ചിടാം
നടുക്കുമാസ്മൃതി.
തലയ്ക്കു കൈകൊടു-
ത്തിടയ്ക്കിടെയെന്റെ
കടുത്ത നിദ്രയിൽ
മണ്മറഞ്ഞ ജന്മങ്ങൾ !
ഒരിറ്റു തേനിൽ
കുഴച്ചു വെച്ചതാം
വെളുത്ത വറ്റുണ്ടു-
മരിച്ചവരവർ.
നിനക്കതിന്നോർത്താൽ
നിശ്ചയം പ്രിയേ
അറിഞ്ഞിടാമെന്റെ
കടുത്ത പക്ഷങ്ങൾ !
ഉടഞ്ഞു പോയൊരെൻ
കുടം നിറഞ്ഞതാം
വിധിച്ച ഭാഗ്യങ്ങൾ
തകർന്നതിൻ പൊരുൾ !

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 ആഗസ്റ്റ് /സെപ്റ്റംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.08.18 | എൽഡർ സിറ്റിസൺ ഫോറത്തിന്റെ ഓണാഘോഷങ്ങൾ | | | 982 |
| 23.08.18 | ഓണമാകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല. | | | |
| 30.08.18 | | ജയരാമൻ | യാത്രാ വിവരണം | 983 |
| 06..09.18 | | പി. ആർ. ബാലകൃഷ്ണൻ | ചിതറിയ ചിന്തകൾ | 984 |
| 13.09.18 | | എം. ആർ. രാജേന്ദ്രൻ നായർ | പോലീസും ജനങ്ങളും | 985 |





# കാമിൽ ബുൽക്കേയും രാമായണങ്ങളും

സന്തോഷ്. എ. കെ

ഹിന്ദി ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകളുടെ പേരിൽ ശ്രദ്ധിക്കപ്പെട്ട ബെൽജിയം കാരനായ ഒരു ഈശോസഭാ വൈദികനായിരുന്നു കാമിൽ ബുൽക്കെ. ബെൽജിയത്തിലെ ലൂവെയ്ൻ സർവ കലാശാലയിൽ നിന്നു സിവിൽ എഞ്ചിനീയറിങ്ങിൽ ബി. എസ്. സി. ബിരുദം എടുത്തശേഷം 1930 ൽ അദ്ദേഹം ഈശോസഭയിൽ ചേർന്നു. 1934 ൽ ഇൻഡ്യയിലെത്തിയ അദ്ദേഹം, ഡാർജിലിംഗിൽ അല്പ കാലം തങ്ങിയ ശേഷം ത്സാർക്കണ്ഡ് പ്രദേശത്തെ ഗുംലായിൽ അഞ്ചു വർഷക്കാലം ഗണിതശാസ്ത്രാദ്ധ്യാപകനായിരുന്നു. ഭാരതത്തിലെ പൗരാണിക ഭാഷ പഠിക്കാൻ മോഹിച്ച അദ്ദേഹം 1942–44 കാലത്ത് കൽക്കത്താ സർവകലാശാലയിൽ നിന്ന് സംസ്കൃതത്തിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ചു.

തുടർന്ന്, 1945 നും 49 നും ഇടയ്ക്ക് അലഹബാദ് സർവകലാശാലയിൽ നിന്നു അദ്ദേഹം ഹിന്ദി സാഹിത്യത്തിൽ ഗവേഷണബിരുദം നേടി. തുളസീദാസിന്റെ രാമചരിതമാനസത്തെ ആധാരമാക്കി രാമകഥയുടെ വികാസം എന്ന വിഷയത്തിലായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധം. കൃതിയുടെ ഓരോ വായനയിലും അതിനോടുള്ള അദ്ദേഹത്തിന്റെ ആദരവിനു ആഴം വർദ്ധിച്ചു. അതിലെ കഥാപാത്രങ്ങളുടെ ആദർശനിഷ്ഠയുടേയും സ്വഭാവദൃഢതയുടേയും, ആ കൃതിയുടെ അതിശയകരമായ കാവ്യഗുണത്തിന്റെയും പ്രഭാവത്തിൽ ബുൽക്കെ അതിന്റെ ആരാധകൻ തന്നെയായി. ഇന്ഡോളജിയിൽ നിരവധി ഗവേഷണങ്ങൾ നടത്തിയിട്ടുള്ള കാമിൽ ബുല്കെ 300 ഓളം രാമായണങ്ങൾ പല രാജ്യങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്, അതിൽ ചിലതാണ്. ഇൻഡോനേഷ്യൻ രാമായണം, ടിബറ്റൻ രാമായണം, ഖോത്താനീ രാമായണം, ബർമീസ് രാമായണം, തായ്ലൻഡ് രാമായണം, ഫിലിപ്പൈൻ രാമായണം, മലേഷ്യൻ രാമായണം, ജപ്പാൻ രാമായണം എന്നിവ. ഇതിൽ പലതിലും കഥകൾ പലതാണ്. ചിലതിൽ രാമൻ നായകൻ ആവുമ്പോൾ ചിലതിൽ ഹനുമാനാണ് പ്രാധാന്യം. ലങ്കയിൽ രാവണൻ നായകനായ രാമായണമുണ്ട്. ഇവ ഭാരതത്തിൽ നിന്നാണ് പുറത്തേക്കു പ്രചരിച്ചത് എന്ന് ചിലർ വാദിക്കുമ്പോൾ പല രാജ്യക്കാരും അത് സമ്മതിക്കുന്നില്ല. കഥയിലെ സ്ഥലങ്ങൾ തങ്ങളുടെ നാട്ടിലെ സ്ഥലങ്ങൾ ആണെന്ന് ഉദാഹരണ സഹിതം സമർത്ഥിക്കുന്നു.

രാമായണം ഏഷ്യൻ രാജ്യങ്ങളുടെ പൊതുസ്വത്താണ്. ഹൈന്ദവരുടേതു മാത്രമല്ല, ബൗദ്ധ-ജൈന-മുസ്ലിം മതവിഭാഗങ്ങളുടേയും ആദിവാസികൾ അടക്കമുള്ള കീഴാളവിഭാഗങ്ങളുടെയും സംസ്കാരവുമായോ വിശ്വാസങ്ങളുമായോ അതിന് ഏറിയോ കുറഞ്ഞോ ബന്ധമുണ്ട്. ഇന്ത്യയിലെപ്പോലെ മറ്റു പല ഏഷ്യൻ രാജ്യങ്ങളിലും രാമായണം വരമൊഴിയായും, വാമൊഴിയായും നിലനില്ക്കുന്നുണ്ട്. അവിടങ്ങളിലെ സാഹിത്യത്തിലും കലയിലും രാമായണത്തിന് മഹത്തായ സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഓരോ മണ്ണിലും പെയ്യുന്ന മഴവെള്ളം ആ മണ്ണിന്റെ നിറം കലർന്നൊഴുകുന്നതുപോലെ ഓരോ ദേശത്തും പെയ്ത രാമായണകഥ ആ നാടിന്റെ ദേശമുദ്രകളണിഞ്ഞ് പരന്നൊഴുകുന്നതായി കാണാം. ഇങ്ങനെ പരന്നൊഴുകി വളർന്ന വിപുലമായ രാമായണപാരാവാരത്തെ മൊത്തമായിട്ടാണ് രാമായണത്തിന്റെ ബഹുരൂപങ്ങളിൽ പരിഗണിക്കുന്നത്.

പ്രാചീന ബൗദ്ധസാഹിത്യത്തിൽ രാമകഥയെ സംബന്ധിച്ച മൂന്നു ജാതകങ്ങൾ ഉണ്ട്. ദശരഥജാതകം, അനാമകം ജാതകം, ദശരഥകഥാനം എന്നിവയാണവ. അനാമകജാതകം ക്രി.വ. മൂന്നാം ശതാബ്ദത്തിൽ കാങ്-സേങ്-ഹുയി ചീനഭാഷയിലേക്ക് വിവർത്തനം ചെയ്തിരുന്നു. ഇതിൽ രാമന്റെയും സീതയുടെയും വനവാസം, സീതാഹരണം, ജടായുവൃത്താന്തം, ബാലി-സുഗ്രീവ യുദ്ധം, സേതുബന്ധനം, സീതയുടെ അഗ്നിപരീക്ഷ ഇവയുടെയെല്ലാം സൂചന ലഭിക്കുന്നുണ്ട്. ദശരഥജാതകത്തിൽ രാമനെ ബോധിസത്യനായി കണക്കാക്കുന്നു.

ജൈനർ രാമനെയും ലക്ഷ്മണനെയും രാവണനെയും ത്രിഷഷ്ടിമഹാപുരുഷന്മാരുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ട്. 24 തീർഥങ്കരന്മാർ, 12 ചക്രവർത്തിമാർ , 9 ബലദേവന്മാർ,9 വാസുദേവന്മാർ, 9 പ്രതിവാസുദേവന്മാർ എന്നിവരടങ്ങിയതാണ് ത്രിഷഷ്ടി മഹാപുരുഷന്മാർ. ഇവരുടെ ജീവചരിത്രങ്ങൾ ജൈനമതത്തിൽ മഹാഭാരതത്തിന്റെയും

രാമായണത്തിന്റെയും സ്ഥാനമാണ് വഹിക്കുന്നത്. രാമനും ലക്ഷ്മണനും രാവണനും യഥാക്രമം എട്ടാമത്തെ ബലദേവനും വാസുദേവനും പ്രതിവാസുദേവനും ആണെന്ന് കരുതപ്പെടുന്നു. വിമലസൂരിയുടെ പൗമാചാരിയമാണ് രാമായണത്തിന്റെ ജൈന വ്യാഖ്യാനങ്ങളിൽ പ്രമുഖം.

ഭാരതീയ ഭാഷകളിൽ വാല്മീകിയുടെ രാമായണത്തെ ആധാരമാക്കി നിരവധി കൃതികളാണ് പിറവിയെടുത്തിരിക്കുന്നത്. തമിഴ്, തെലുങ്ക്, മലയാളം, കന്നട, സിംഹള, കശ്മീരി, ആസാമി, ബംഗാളി, ഒറിയ, ഹിന്ദി, മറാഠി, ഗുജറാത്തി തുടങ്ങിയ നിരവധി ഭാഷകളിലാണ് രാമായണകഥകൾ പ്രചരിച്ചിരിക്കുന്നത്. ദ്രാവിഡഭാഷകളിലെ രാമകഥ സംബന്ധിച്ച ഏറ്റവും പ്രാചീനമായ കാവ്യഗ്രന്ഥം കമ്പരുടെ രാമായണം ആണ്. ക്രി. വ.12-ാം ശതകത്തിലാണ് രചിച്ചത്. വാല്മീകി രാമായണത്തിന്റെ ആദ്യത്തെ ആറു കാണ്ഡങ്ങളിലെ മുഴുവൻ കഥയും സ്വതന്ത്രരൂപത്തിൽ വർണിക്കുകയും അനേകം പുതിയ വൃത്താന്തങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. തമിഴ് രാമായണത്തിന്റെ ഉത്തരകാണ്ഡം ഓട്ടക്കൂതനാണ് രചിച്ചത്. തെലുങ്ക് സാഹിത്യത്തിൽ രാമായണകഥയെ സംബന്ധിച്ച ഏറ്റവും മഹത്തായ ഗ്രന്ഥമാണ് രംഗനാഥന്റെ ദ്വിപദ രാമായണം. ജനപ്രീതി നേടിയ ദ്വിപദം എന്ന ഛന്ദസ്സും ലളിതഭാഷയും മൂലം ഈ രാമായണത്തിന് തെലുങ്കിലെ സാധാരണ ജനങ്ങളുടെയിടയിൽ വളരെയേറെ പ്രചാരമുണ്ട്. എങ്കിലും മൊല്ല വിരചിതമായ രാമായണത്തിനാണ് ഇതിലും കൂടുതൽ പ്രചാരം. തെലുങ്കുരാമസാഹിത്യത്തിലെ ഏറ്റവും ആദ്യത്തെ കൃതി തിക്കണ്ണ വിരചിതമായ നിർവചനോത്തര രാമായണമാണ്. പതിനാലാം നൂറ്റാണ്ടിലെ ഭാസ്കര രാമായണമാണ് ഏറ്റവും കൂടുതൽ കലാത്മകവും സാഹിത്യപരവുമായി കരുതുന്നത്.

ദക്ഷിണ തിരുവിതാംകൂറിലെ രാമനെന്ന കവി 14-ാം ശതകത്തിൽ രചിച്ചതാണ് രാമചരിതം. മലയാള സാഹിത്യത്തിലെ ഏറ്റവും പ്രാചീനവും സുരക്ഷിതവുമായ ഗ്രന്ഥം ഇതാണ്. ഈ കൃതിയുടെ യഥാർത്ഥ പേര് ഇരാമചരിതം എന്നാണ്. 15-ാം ശതകത്തിൽ കണ്ണശ്ശപ്പണിക്കർ രചിച്ച കണ്ണശ്ശരാമായണം വാല്മീകി രാമായണത്തിന്റെ വിവർത്തനം മാത്രമാണ്. പുനം നമ്പൂതിരി രാമായണം ശംബു മണിപ്രവാള ശൈലിയിൽ എഴുതിയിട്ടുണ്ട്. മലയാളികളിൽ ഏറ്റവും കൂടുതൽ ജനപ്രീതി നേടിയ രാമായണം തുഞ്ചത്ത് എഴുത്തച്ഛന്റെ അധ്യാത്മരാമായണമാണ്. രാജാവീരകേരളവർമ്മയുടെ കേരളവർമ്മ രാമായണം എന്ന കൃതി വാല്മീകി രാമായണത്തിന്റെ സ്വതന്ത്ര തർജമയാണ്.

കന്നട ഭാഷയിൽ 11-ാം ശതകം മുതൽ ജൈനരാമകഥാ സാഹിത്യസൃഷ്ടി ഉണ്ടായിത്തുടങ്ങിയിരുന്നു. ആ ജൈനരാമ സാഹിത്യത്തെക്കാൾ ബ്രാഹ്മണ -കന്നട രാമസാഹിത്യമാണ് ആധുനികമായിട്ടുള്ളത്. 16-ാം ശതകത്തിൽ തോരവെ നിവാസിയായ നരഹരി എഴുതിയ തോരവെ രാമായണമാണ് കന്നടത്തിൽ ഏറെ പ്രസിദ്ധം.

18-ാം ശതകത്തിൽ ദിവാകരപ്രകാശഭട്ടൻ രചിച്ചതാണ് കശ്മീരി രാമായണം. ഇതിൽ ദശരഥന്റെ യാഗം മുതൽ സീതയുടെ ഭൂമിപ്രവേശവും രാമന്റെ സ്വർഗാരോഹണവും വരെയുള്ള മുഴുവൻ കഥയും കൂടുതലും വാല്മീകി രാമായണം അനുസരിച്ചുള്ളതാണ്. ഭാരതത്തിലെ പ്രാദേശിക ആര്യഭാഷകളിലെ അതിപ്രാചീനമായ രാമസാഹിത്യം ആസാമി, ബംഗാളി ,ഒറിയ എന്നീ ഭാഷകളിൽ സുരക്ഷിതമാണ്. ആസാമിയിൽ മാധവ കന്ദളിയുടെയും ബംഗാളിൽ കൃത്തിവാസന്റെയും ഒറിയയിൽ ബാലരാമദാസന്റെയും രാമായണങ്ങളാണ് ഏറെ പ്രസിദ്ധം.

കൃത്തിവാസന്റെ ശ്രീരാമപാഞ്ചാലിയും രഘുനന്ദന ഗോസ്വാമിയുടെ രാമരസായനവും ബംഗാളി സാഹിത്യത്തിലെ സർവശ്രേഷ്ഠങ്ങളാണ്. ഒറിയ സാഹിത്യത്തിലെ അതിപ്രാചീനമായ രാമകഥാകാരൻ 15-ാം ശതകത്തിലെ സിദ്ധേശ്വര പരിഡാ ആണ്.

ഹിന്ദി സാഹിത്യത്തിൽ തുളസീദാസന്റെ രാമചരിതമാനസമാണ് ഏറ്റവും ജനപ്രീതി നേടിയിരിക്കുന്നത്. രാമായണകഥയുടെ വികാസത്തിന്റെ കാഴ്ചപ്പാടിൽ രാമചരിതമാനസത്തിലും തുളസീദാസന്റെ അന്യകൃതികളിലും യാതൊരു പ്രധാന പരിവർത്തനവും കാണുന്നില്ല. അധ്യാത്മ രാമായണത്തെപ്പോലെ രാമചരിതമാനസവും ശിവപാർവ്വതി സംവാദരൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. തുളസീദാസിന്റെ സമകാലീന കവികളിൽ രാമസാഹിത്യത്തിന്റെ വികാസത്തിന്റെ കാഴ്ചപ്പാടിൽ അഗ്രദാസനും നാഭാദാസനും പ്രമുഖരാണ്.

മറാഠി സാഹിത്യത്തിലെ അതിപ്രാചീനമായ രാമകഥ ഏകനാഥകൃതമായ ഭാവാർഥരാമായണമാണ്. 16-ാം ശതകത്തിലാണ് ഇത് രചിച്ചിരിക്കുന്നത്. മറാഠി രാമസാഹിത്യത്തിന്റെ ഒരു പ്രത്യേകത സീതാസ്വയംവരം എന്ന പേരിലുള്ള കൃതികളുടെ ബാഹുല്യമാണ്.

രാമദാസൻ, വാമനൻ, ആനന്ദതനയൻ, നാഗേഷ് എന്നിവരെല്ലാം വ്യത്യസ്തങ്ങളായ സീതാസ്വയംവരത്തിന്റെ രചയിതാക്കളാണ്. നിലവിൽ മറാഠി സാഹിത്യത്തിൽ ഏറ്റവും കൂടുതൽ ജന





പ്രീതി നേടിയകൃതി ശ്രീധരൻ രചിച്ച രാമവിജയമാണ്. ഗുജറാത്തി സാഹിത്യത്തിൽ 19-ാം ശതകത്തിലെ ഗിരിധരദാസൻ രചിച്ച രാമായണമാണ് ഏറെ ശ്രേഷ്ഠം. ആധുനിക കാലത്ത് യോഗവാസിഷ്ഠം, അധ്യാത്മരാമായണം, രാമചരിത മാനസം തുടങ്ങിയവ ഗുജറാത്തിയിൽ വിവർത്തനം ചെയ്തിട്ടുണ്ട്. ഉർദുവിനെക്കാൾ പേർഷ്യൻ രാമകഥാസാഹിത്യമാണ് കൂടുതൽ പ്രാചീനം. അക്ബറുടെ ആജ്ഞാനുസരണം അൽബദായൂനി വാല്മീകി രാമായണം 1584-89 ൽ പദ്യരൂപത്തിൽ വിവർത്തനം ചെയ്തിരുന്നു. ജഹാംഗീറിന്റെ കാലത്ത് ഗിരിധരദാസൻ വാല്മീകിരാമായണം പദ്യരൂപത്തിൽ വിവർത്തനം ചെയ്യുകയും മുള്ളാമസീഹ തന്റെ രാമായണമസീഹി രചിക്കുകയും ചെയ്തിട്ടുണ്ട്.

## രാമായണം മറ്റു രാജ്യങ്ങളിൽ

സിംഹള സാഹിത്യത്തിൽ സീതാത്യാഗത്തിന്റെ കഥകൾക്കാണ് പ്രാധാന്യം. സിംഹള രാമകഥയിൽ രാമൻ ഒറ്റയ്ക്കാണ് വനവാസം നടത്തുന്നത്. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ സീത അപഹരിക്കപ്പെടുന്നു. ഹനുമാന്റെ സ്ഥാനത്ത് ബാലിയാണ്. ബാലി ലങ്കാദഹനം നടത്തി സീതയെ രാമന്റെ അടുത്തെത്തിക്കുന്നു.

## ഇൻഡോനേഷ്യൻ രാമായണം

ബാലി, ജാവ, സുമാത്ര (സുമിത്ര) മുതലായ പ്രദേശങ്ങളുൾപ്പെടുന്ന പ്രദേശമാണ് ഇൻഡോനേഷ്യ. പ്രാചീനകാലം മുതൽ അവിടെ രാമായണകഥകൾ പല വിധത്തിൽ പ്രചരിച്ചിരുന്നു. ഇന്ത്യോനേഷൻ രാമായണ കഥകൾ ഇന്ത്യൻ രാമായണവുമായി ഏറെ ബന്ധമുള്ളതാണെങ്കിലും അവിടുത്തെ പ്രബല ജനവിഭാഗമായ മുസ്ലിംങ്ങളും കഥയിലേക്കു കടന്നു വരുന്നു. അതിനാൽ ഇൻഡോനേഷ്യൻ രാമായണം മറ്റു രാമകഥാസാഹിത്യത്തിൽ നിന്നും ഏറെ വിഭിന്നമാണ്. പത്താം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്ന് അനുമാനിക്കപ്പെടുന്ന 'രാമായണകകവിന' യാണ് ഇൻഡോനേഷ്യയിലെ ഏറ്റവും പ്രാക്തനവും രാമകഥാസംബന്ധിയുമായ സാഹിത്യസൃഷ്ടി. ഇതിന്റെ കർത്താവ് യോഗീശ്വരനെന്ന ഒരു കവിയാണന്നായിരുന്നു ഏറെക്കാലത്തെ ധാരണ. എന്നാൽ, ഏറ്റവും ആധുനികമായ ചില പഠനങ്ങൾ ഇതു നിരാകരിക്കുകയും അജ്ഞാതനാണ് ഇതിന്റെ കർത്താവെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ ജനപ്രീതിയുള്ള ഒരാധുനിക രൂപവും ഇൻഡോനേഷ്യയിൽ പ്രചാരത്തിലുണ്ട്. സംഗീത- നാടക രംഗത്ത് രാമകഥയ്ക്ക് അനിഷേധ്യമായ സ്ഥാനം അവർ നൽകുന്നു. ജാവയിലെ നാടകസാഹിത്യം മിക്കവാറും 'സേരത്തുകാണ്ഡ്'ത്തെയും 'തമകേലിംഗ'ത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്. ബാലിയിലെ 'വയാംഗ്' 'വോംഗ്' എന്ന നാടകത്തിലെ മുഴുവൻ സർഗങ്ങളും രാമായണത്തിലെ രംഗങ്ങൾ മാത്രം അടിസ്ഥാനമാക്കിയുള്ളതാണെന്ന് ഫാദർ കാമിൽ ബുൽക്കെ അഭിപ്രായപ്പെടുന്നു.

ഹികായത്ത് സേരിരാമ വിസ്തൃതമായ ഒരു കൃതിയാണ്. രാവണചരിതം മുതൽ സീതാ ത്യാഗത്തിനുശേഷം രാമസീതാസംയോഗം വരെയുള്ള കഥ ഇതിൽ വർണ്ണിച്ചിരിക്കുന്നു. ഇതിൽ രാവണന്റെ ചിത്രത്തിന്റെ കഥ അൽപ്പം പരിവർത്തനവിധേയമായ രൂപത്തിൽ ലഭിക്കുന്നു. ഹികായത്ത് സേരിരാമ പോലെ എടുത്തു പറയേണ്ട മറ്റൊരു കൃതിയാണ് ശ്രീരാമപാതായനി രാമായണം. ഹികായത് സേരിരാമന്റെ വിവിധ പതിപ്പുകൾ. ഹികായത് മഹാരാജരാവണം, ശ്രീരാമ പാതായനി രാമായണം, രാമകേലിംഗ, സേരത്കാണ്ഡം എന്നിവയാണ് ഇൻഡോനേഷ്യൻ രാമായണങ്ങളിൽ മുഖ്യമായവ. കൂടാതെ നാടോടി കഥകളായും നാടൻ പാട്ടിന്റെ രൂപത്തിലും രാമകഥ അവിടെ പ്രചാരത്തിലുണ്ട്.

## ടിബറ്റൻ രാമായണം

ഇന്ത്യയുടെ തൊട്ടടുത്ത രാജ്യമായ ടിബറ്റിലേക്ക് എട്ടാം ശതകത്തിലോ ഒമ്പതാം ശതകത്തിലോ രാമകഥ പ്രചരിക്കുവാൻ തുടങ്ങിയിരുന്നു. രാവണചരിതം മുതൽ സീതാത്യാഗവും രാമസീതാസംയോഗവും വരെയുള്ള മുഴുവൻ രാമകഥയുടെയും കൈയെഴുത്തു പ്രതികൾ ടിബറ്റിൽ നിന്നു ലഭിച്ചിട്ടുണ്ട്.

## ഖോത്താനീ രാമായണം

പഴയ തുർക്കിസ്താന്റെ കിഴക്കൻ പ്രദേശങ്ങൾ ചേർന്ന സ്ഥലമാണ് ഖോത്താൻ. ടിബറ്റിലെ രാമായണകഥകളുമായി വളരെയേറെ സാമ്യമുള്ള രാമായണമാണ് ഖോത്താനി രാമായണം. ക്രിസ്തുവർഷം ഒമ്പതാം ശതകത്തിലാണ് ഖോത്താനീരാമായണത്തിന്റെ രചനാകാലമെന്നു കണക്കാക്കിയിരിക്കുന്നു. ബഹുഭർത്തൃത്വം നിലനിന്നിരുന്ന പ്രദേശത്ത് പ്രചരിച്ച രാമായണമായതു കൊണ്ടാവണം ഖോത്താനീരാമായണത്തിൽ രാമനും ലക്ഷ്മണനും സീതയെ വിവാഹം ചെയ്യുന്നുണ്ട്.

## ബർമ്മീസ് രാമായണം

ബർമ്മയിലെ രാമായണസാഹിത്യം ഏറെ പ്രാചീനമല്ല. വളരെ ആധുനികമാണ്. ലാവെസ് രാമായണം. :-

ഏകദേശം 625 മൈൽ മാത്രം നീളമുള്ള കൊച്ചു രാജ്യമാണ് ലാവോസ്. കലാസാഹിത്യ രൂപങ്ങളിലൂടെയാണ് ലാവോസിൽ രാമായണം പ്രചരിച്ചു കൊണ്ടിരിക്കുന്നത്. നാടോടി ആവിഷ്കാരരൂപങ്ങളിലൂടെയും രാമായണം അവിടെ വേരോടിയിട്ടുണ്ട്.

## മലേഷ്യൻ രാമായണം

സമ്പന്നമായ രാമായണ- മഹാഭാരത പാരമ്പര്യവും സാഹിത്യ സമ്പത്തുമുള്ള രാജ്യമാണ് മലേഷ്യ. വാമൊഴി- വരമൊഴി രൂപങ്ങളിലൂടെ ജനതയുടെ സാമൂഹ്യ- സാംസ്കാരിക ജീവിതത്തിൽ അവ ആഴത്തിൽ സ്വാധീനം ചെലുത്തുന്നു. ഹികായത്ത് യുദ്ധ എന്ന പേരിൽ മഹാഭാരതം ലിഖിത രൂപത്തിൽ മലേഷ്യയിൽ ലഭ്യമാണ്.

## ഫിലിപ്പൈൻ രാമായണം

രാമായണ കഥകൾക്ക് ഏറെ വേരോട്ടമുള്ള രാജ്യമാണ് ഫിലിപ്പൈൻ. 1968 ൽ ജോൺ ആർ. ഫ്രാൻസിസ്കോ കണ്ടെത്തിയ 'മഹാരാധ്യലാവണ' എന്ന പാഠത്തിൽ ഇതു വ്യക്തമായി കാണാം. രാവണന് ഈ കൃതിയിൽ മുഖ്യസ്ഥാനമുണ്ട്. പുലുബന്ത്യാർ വംശത്തിലെ സുൽത്താന്റെ മകനാണ് ഈ കൃതിയിൽ രാവണൻ.

## ജപ്പാൻ രാമായണം

തായ്‌ലൻഡിൽ നിന്നും ചൈനയിൽ നിന്നുമാണ് രാമായണകഥ ജപ്പാനിൽ എത്തിയത്. നൃത്തസംഗീതരൂപങ്ങളിലൂടെയാണ് ജപ്പാനിൽ രാമായണം പ്രചാരം സിദ്ധിച്ചത്. 'ദോരാഗാകു' എന്നാണ് ഈ നൃത്തരൂപത്തിന്റെ പേര്. ഈ നൃത്തരൂപത്തിൽ രാമായണകഥയുടെ പ്രധാന ഭാഗങ്ങളെല്ലാം അവതരിപ്പിക്കുന്നു.

## തായ്‌ലൻഡ് രാമായണം

തായ്‌ലൻഡിലെ പൂർവ്വികരായ ലാവോസ് വിഭാഗവുമായി ബി. സി. മൂന്നാം ശതകം മുതൽ ഭാരതം സമ്പർക്കം പുലർത്തിയിരുന്നു. അക്കാലത്ത് ഈ പ്രദേശം സുവർണ്ണ ഭൂമി എന്നാണറിയപ്പെട്ടിരുന്നത്. സുവർണ്ണഭൂമി പിന്നീട് സയാമായി മാറി. സയാം പിന്നീട് തായ്‌ലൻഡായി. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടു വരെ തുടർന്ന സമ്പർക്കത്തിന്റെ ഫലമായി ബ്രാഹ്മണമതവും ബുദ്ധിസവും അവിടെ പ്രചരിച്ചു. തായ് ഭാഷയ്ക്ക് ദക്ഷിണേന്ത്യയിലെ ചില ഭാഷകളുമായി സാമ്യമുണ്ട്. തായ് ഭാഷയിൽ സംസ്കൃത-പാലീ ഭാഷകളിലെ പദങ്ങൾ ഒട്ടേറെയുണ്ട്. ബുദ്ധമതമാണ് അവിടുത്തെ രാഷ്ട്രമതം. എന്നാൽ, ബുദ്ധനെ ആരാധിക്കുന്നതിന് അവർക്ക് രാമായണവും രാമനും വിഷ്ണുവും വിഷ്ണുവാഹനമായ ഗരുഡനും നാഗങ്ങളുമെല്ലാം വേണം. ഹിന്ദു സങ്കല്പങ്ങളിലുള്ള ഒരു രഥത്തിന്റെ മാതൃകയിലുള്ള സിംഹാസനത്തിലാണ് മരതകബുദ്ധനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. രാമൻ വിഷ്ണുവിന്റെ അവതാരമാണെന്ന് വിശ്വസിക്കുന്ന തായ്ജനത, തങ്ങളുടെ രാജാവ് രാമന്റെ പ്രതിരൂപമാണെന്നു കരുതുന്നു. തങ്ങളുടെ രാഷ്ട്രത്തിന്റെ ഐക്യത്തിന്റെ പ്രതീകമാണ് രാജാവ് എന്നവർ വിശ്വസിക്കുന്നു. ചാക്രി വംശകാലം വരെ ഏതാണ്ട് 417 വർഷക്കാലം തായ്‌ലൻഡിന്റെ തലസ്ഥാന നഗരം അയുദ്ധ്യാ ആയിരുന്നു.

## രാമായണം വിദേശത്ത് എത്തിയ വിധം

ഭിന്നവഴികളിലൂടെയാണ് രാമായണം ഇന്ത്യയ്ക്ക് പുറത്ത്, മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ പ്രചരിച്ചത്. അതിൽ പ്രധാന പങ്കുവഹിച്ചത് ബൗദ്ധരും ഹൈന്ദവരും ജൈനമതസ്ഥരുമാണ്. വിദേശങ്ങളിലെ ചില രാമായണങ്ങൾക്ക് കടപ്പാട് വാല്മീകിയോടാണെങ്കിൽ ചിലതിനു ബന്ധം ബൗദ്ധരുടെ അനാമകം ജാതകത്തോടും ദശരഥജാതകത്തോടുമാണ്. ഏറ്റവുമാദ്യം വിദേശത്ത് രാമകഥ പ്രചരിപ്പിച്ചത് ബൗദ്ധരാണ്.

നിരണം കവികളിൽ ഒരാളായ രാമപ്പണിക്കർ രചിച്ച കണ്ണശ്ശരാമായണമാണ് മലയാളത്തിലെ ആദ്യ രാമായണം എന്ന് കരുതപ്പെടുന്നു. എന്നാൽ കൂടുതൽ ജനകീയമായത് എഴുത്തച്ഛന്റെ അധ്യാത്മരാമായണമാണ്.

ആദിവാസികൾക്കിടയിൽ പൂർണ്ണരൂപത്തിൽ രാമായണം പ്രചാരമില്ലെങ്കിലും നിരവധി ഉപകഥകൾ അവർ ഇന്നും വായ്മൊഴിയായി പകർന്നു പോരുന്നു. പല ജാതികളും ശബരിയുടെ ഐതിഹ്യങ്ങൾ വിശ്വസിക്കുന്നുണ്ട്. ബോഡോ ജാതിയിൽ സീതാത്യാഗത്തിന്റെ കാര്യത്തിൽ രജകന്റെ കഥയുടെ വികൃതരൂപം ലഭിക്കുന്നു. ഉറാവ് ജാതിയിൽ ലങ്കാ ദഹനത്തിന്റെ കഥയ്ക്ക് ഒരു പുതിയ രൂപം പ്രചാരത്തിലുണ്ട്.

ബീഹാറിലെ സാന്താൾ വംശത്തിൽ പെട്ടവരുടെ (സൈന്ധവ നിവാസികളുടെ പിൻഗാമികൾ എന്ന് ചില ചരിത്രകാരന്മാർ കരുതുന്നു) ഇടയിൽ പ്രചാരമുള്ള രാമകഥയ്ക്ക് രാമായണവുമായി അടുത്ത സാമ്യമുണ്ട്.

മറ്റൊരു രസകരമായ കാര്യം അറബിയിലും രാമായണം ഉണ്ടെന്നു ഉള്ളതാണ്. പക്ഷെ ഇതിന് അരനൂറ്റാണ്ടോളമേ പഴക്കമുള്ളൂ. കൂടാതെ മാപ്പിള പാട്ടിന്റെ ഭാഷയും കഥന ശൈലിയുമായി മലബാറിൽ ഒരു നാടോടി രാമായണം ഉണ്ട്. 'മാപ്പിളരാമായണം' എന്നാണ് പേര്.





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**21. തീവ്രസംവേഗാനാമാസന്ന:**

തീവ്ര സംവേഗമുള്ളവർക്ക് (സമാധി) ആസന്നമാണ്. എല്ലാ ദോഷങ്ങളെയും ഇല്ലാതാക്കാനുള്ള തീഷ്ണസ്വഭാവമാണ് തീവ്രത. സമാധി നേടാനുള്ള ഉപായങ്ങളെ അനുഷ്ഠിക്കാനുള്ള വേഗതയാണ് സംവേഗം എന്ന് വിജ്ഞാന ഭിക്ഷു പറയുന്നു. സംവേഗത്തിനു വൈരാഗ്യമെന്നാണ് യോഗ സുധാകാരത്തിൽ അർത്ഥം പറയുന്നത്. ഇവിടെ കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞ ശ്രദ്ധാവിര്യാദികൾ തന്നെ ഉപായങ്ങൾ. പ്രവർത്തനത്തിന്നു കാരണമായ സംസ്കാരമാണ് സംവേഗം എന്ന് ഭോജവൃത്തിയിലും പറയുന്നു. അനുഷ്ഠാനത്തിലെ ശ്രേഷ്ഠതയാണ്, ശീഘ്രതയാണ് സംവേഗമെന്ന് ഭാവാ ഗണേശൻ വിശ്വാസത്തിലും അഭ്യാസത്തിലും തീവ്രത വേണം. ഗുരുവിലും ശാസ്ത്രത്തിലും തീവ്ര വിശ്വാസത്തോടെ അഭ്യാസം ചെയ്യണം.

മൃദു, മധ്യം , തീവ്രം എന്നിങ്ങനെ മൂന്നുതരത്തിൽ ഉപായവും സംവേഗവും വരാം. അപ്പോൾ അവ ഒമ്പതു തരമായി. മൃദു ഉപായവും മൃദു സംവേഗവുമുള്ളവൻ. മൃദു ഉപായവും മധ്യ സംവേഗവുമുള്ളവൻ മൃദു ഉപായവും തീവ്രസംവേഗവുമുള്ളവൻ ഇങ്ങനെ മൂന്ന്. ഇതേ പ്രകാരം മധ്യ ഉപായവും അധിമാത്ര ഉപായവും ചേർത്താൽ ഒമ്പതാകും. ഇവയിൽ അധിമാത്ര ഉപായവും തീവ്ര സംവേഗവും ഉള്ളവനാണ് ഉടൻ സമാധിക്കു യോഗ്യൻ.

ശിവസംഹിതയിൽ സാധകനെ നാലായി തിരിക്കുന്നുണ്ട്.

ചതുർധാ സാധകോ ജ്ഞേയോ
മൃദു മധ്യാധിമാത്രകാ:
അധിമാത്രതമ: ശ്രേഷ്ഠോ
ഭവാബ്ധൗ ലംഘനക്ഷമാ: (5 17)

മൃദു, മധ്യ, അധിമാത്ര, അധിമാത്രതന്മാരായി നാലു സാധകർ, നാലാമൻ സംസാര സാഗരത്തെ തരണം ചെയ്യും.

നാലു പേരുടേയും ലക്ഷണങ്ങളും വിശദമായി അതിൽ ചർച്ച ചെയ്യുന്നുണ്ട്. മൃദു സാധകന് 12 വർഷമാണ് സാധന വിധിച്ചിരിക്കുന്നത്. മധ്യന് ഒമ്പതും , അധിമാത്രന് ആറും അധികമാത്രമന് മൂന്നും . സാധനയുടെ തീവ്രതയ്ക്കനുസരിച്ച് സിദ്ധി ലഭിക്കാനുള്ള കാലദൈർഘ്യം കുറയും എന്നു താല്പര്യം.

ആസന്നമെന്നാൽ അടുത്തിരിക്കുന്നത് എന്നാണർത്ഥം. ഉപായ സംവേഗങ്ങൾക്ക് തീവ്രത കൂടുന്നതനുസരിച്ച് സമാധി ഫലങ്ങൾ കൂടുതൽ അടുത്തു വരും. വിളംബരഹിതമാവും. മണിപ്രഭാകാര സിദ്ധിലഭ്യതയുടെ വേഗതയെ ചിരം, ചിരതരം, ക്ഷിപ്രം, ക്ഷിപ്രതരം എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ഉപായത്തിന്റെ താരതമ്യമനുസരിച്ചാണിത് ലഭിക്കുക.

ഒരു കുപ്പിയിൽ വെള്ളം നിറക്കാൻ കൂടുതൽ സമയം എടുക്കും. വായ കുടുങ്ങിയതാണ്. വിശാലമായ വായയുള്ള പാത്രത്തിൽ എളുപ്പത്തിൽ നിറയും. യോഗാഭ്യാസത്താൽ പല ഗുണങ്ങളും വന്നു ചേരും. അതിനെ സ്വീകരിക്കുവാനുള്ള തുറന്ന മനസ്സു വേണം. തിരിച്ചറിയാനും കഴിയണം.

തെറ്റായ വാശി പാടില്ല താനും. ഒരു ഭക്തനുണ്ടായിരുന്നു. അവൻ പുഴയിൽ ബോട്ടിൽ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ വലിയ കൊടുങ്കാറ്റും പേമാരിയും വന്നു. ബോട്ടു മറിഞ്ഞു. നീന്തറിയാത്ത ഭക്തൻ ഈശ്വരനെ വിളിച്ചു കരഞ്ഞു. അപ്പോൾ അവന്റെ അടുത്തേയ്ക്ക് ഒരു പൊങ്ങുതടി ഒഴുകി വന്നു. അവൻ അതിൽ പിടിക്കാതെ ഈശ്വരനെ വിളിച്ചു കൊണ്ടിരുന്നു. പിന്നെ ആളുകൾ കയറിട്ടു കൊടുത്തു. സ്വീകരിച്ചില്ല. ഒരു ഡോൾഫിൻ അടുത്തു വന്നു. ഊഹും. അവസാനം അവൻ മുങ്ങി മരിച്ചു. അനുഗ്രഹങ്ങൾ വരുമ്പോൾ മനസ്സിലാക്കാനറിയണം. തുറന്ന മനസ്സും വേണം. പലപ്പോഴും സ്വന്തം ആഗ്രഹവും ദൗർബല്യവും ആണ് തടസ്സം. ആഗ്രഹങ്ങൾ മനസ്സിന്റെ തീവ്രത കുറക്കും. യോഗി സ്വന്തം മനസ്സിന്റെ പ്രഭുവായേ പറ്റൂ. അപ്പോൾ ഒരു പൂ പറിക്കുന്നതിലും എളുപ്പമാണ് ആത്മ ദർശനമെന്നാവും. പൂ പറിക്കാൻ ശാരീരിക പരിശ്രമം വേണം. മറ്റേതിനതു വേണ്ട.

മാംഗല്യം
നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്
*രജിസ്ട്രേഷൻ ചാർജ്ജ് – 1000 രൂപ
ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡി.എച്ച്.റോഡ്, കൊച്ചി 682 016
ഫോൺ: 0484 2361160 (Ext.32), 2369589
Web: www.karayogammangalyam.com/
www.karayogammangalyam.in
Email: ekmkgm@gmail.com

## ഭൂമിക്കൊരു സങ്കീർത്തനം 7

# അഗ്നിപർവ്വതങ്ങൾ

**സി. രാമചന്ദ്രൻ**

ഭൂമിയുടെ പുറംപാളിയായ ഭൂവല്ക്കത്തെക്കുറിച്ച് നാം പറയുകയുണ്ടായല്ലോ. ഭൂവല്കത്തിന്റെ വിള്ളലുകളിലൂടെ തുറിച്ച് പുറത്തു വരുന്ന ലാവ തള്ളിത്തള്ളി വന്ന് തണുത്തുറഞ്ഞ് ശിലാകൂമ്പാരമായ കുന്നുകളാണ് അഗ്നിപർവ്വതം. റോമൻ ദൈവങ്ങളുടെ കൊല്ലനും അഗ്നിദേവനുമായ വൾക്കന്റെ ആലയായിരുന്നു വൾക്കാനോ എന്ന ദ്വീപ്. ഇതിൽ നിന്നാണ് അഗ്നിപർവ്വതങ്ങൾക്ക് വൊൾക്കാനോ എന്ന പേരു ലഭിച്ചത്.

ഇരുനൂറു വർഷങ്ങൾക്കിടയിലുണ്ടായ ഒരു വലിയ അഗ്നിപർവ്വതസ്ഫോടനം 1883 ൽ ഇന്തോനേഷ്യയിലെ ക്രിക്കട്ടോവയിലായിരുന്നു. അന്നുണ്ടായ അഗ്നിപർവ്വതം എരിഞ്ഞടങ്ങി കടലിന്നടിയിലായി. തുടർന്നുണ്ടായ സുനാമി ഈ തീരത്ത് ആഞ്ഞടിച്ച് 36000 പേരുടെ മരണത്തിനിടയാക്കി. പൊടിമേഘങ്ങളുയർന്ന് സൂര്യപ്രകാശത്തെ തടഞ്ഞു നിർത്തിയതുമൂലം അന്തരീക്ഷ താപത്തിൽ വലിയ കുറവുണ്ടായി.

1991- ൽ മറ്റൊരു സ്ഫോടനം ഇന്തോനേഷ്യയിൽ ഉണ്ടായെങ്കിലും അതു മുൻകൂട്ടി അറിയത്തക്കവിധം ശാസ്ത്രം വളർന്നിരുന്നതിനാൽ മുൻകരുതലെടുക്കാനും മരണസംഖ്യ തീരെ കുറവാക്കാനും കഴിഞ്ഞു.

ഭൂമിയുടെ ശിലാഫലകങ്ങളുടെ അതിരുകളിലാണ് അഗ്നിപർവ്വതങ്ങൾ സ്ഥിതിചെയ്യുന്നത്. ചില ദുർബല മേഖലകളിൽക്കൂടി ഭൂമിയുടെ അന്തർഭാഗത്തുനിന്ന് പുറത്തേയ്ക്കു വമിക്കുന്ന ചുട്ടുപഴുത്ത ലാവ അഗ്നിപർവ്വതങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മാഗ്മ ചേമ്പറിലാണ് സ്ഥിതി ചെയ്യുന്നത്. അടിയിലുള്ള ചില വിള്ളലുകളിലൂടെയാണ് ചേമ്പറിൽ നിന്ന് മാഗ്മ (ലാവ) ഉയർന്ന് ഭൂവല്ക്കത്തിലെത്തുന്നത്. ചേമ്പറിലെ മാഗ്മയുടെ അളവു കുറയുമ്പോൾ മുകൾഭാഗം കീഴോട്ടിരുന്ന് വലിയ ഗർത്തം ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. ഈ ഗർത്തത്തിൽ ജലം നിറഞ്ഞ് തടാകവുമുണ്ടാകാം. അമേരിക്കയിലെ ഓറിഗോൺ പ്രദേശത്ത് ഇത്തരമൊരു തടാകമുണ്ട്.

അഗ്നിപർവ്വത സ്ഫോടനത്തെ തുടർന്ന് പുറത്തു വരുന്ന ശിലാദ്രാവകത്തിൽ നിരവധി ധാതുക്കളും അതോടൊപ്പം വാതകങ്ങളുമുണ്ട്. പദാർത്ഥങ്ങളുടെ വൈവിധ്യവും ഘടനയും അളവുമാണ് സ്ഫോടനത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത് . ഹവായ് ദ്വീപിലെ അഗ്നിപർവ്വതങ്ങളുടെ സ്ഫോടനത്തിന് രൗദ്രത കുറവാണ്. എന്നാൽ വെസൂവിയസ് പോലുള്ളവ ഭീകരമായിട്ടാണ് പൊട്ടിത്തെറിക്കുന്നത്.

ഒലിച്ചിറങ്ങുന്ന ചിലതരം ലാവ, നദിപോലെ ഒഴുകുകയും ക്രമേണ തണുത്തുറഞ്ഞ് പരുക്കനായി രൂപാന്തരപ്പെടുകയും ചെയ്യും. മറ്റു ചില വിസ്കോസിറ്റി കുറഞ്ഞവ അതിവേഗം പ്രവഹിച്ച് പലതായി പിരിഞ്ഞ് മിനുസമുള്ളതായി മാറുന്നു. മാഗ്മയുടെ വിസ്കോസിറ്റി അതിലടങ്ങുന്ന സിലിക്കയുടെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നു. സിലിക്ക കൂടുതലാകുമ്പോൾ വിസ്കോസിറ്റിയും കൂടുതലാകും. മാഗ്മ ഘനീഭവിച്ച് ഭൂമിയിലുണ്ടാകുന്ന ശിലകളാണ് ആഗ്നേയശിലകൾ. ലാവ തണുത്തുറഞ്ഞുണ്ടാകുന്ന ശിലാശകലങ്ങളെ പൈറോക്ലാസ്റ്റ് എന്നു പറയുന്നു. ലാവയായിരിക്കെ വാതകങ്ങൾ നിറഞ്ഞ് ഉള്ളിൽ കുമിളകൾ നിറഞ്ഞ് സാന്ദ്രത കുറഞ്ഞ ശിലകൾക്ക് പ്യൂമിസ് എന്നാണ് പേരു നൽകിയിരിക്കുന്നത്.

സ്ഫോടന സമയത്ത് പുറത്തു വരുന്ന പൊടിപടലവും ചാരവും മറ്റു വാതകങ്ങളും അന്തരീക്ഷത്തിൽ തങ്ങിനിന്ന് കാലാവസ്ഥയിൽ മാറ്റം വരുവാൻ കാരണമാകുന്നുണ്ട്. കാർബൺ ഡയോക്സൈഡ്, നൈട്രജൻ, ഹൈഡ്രജൻ ക്ലോറൈഡ്, ഹൈഡ്രജൻ സൾഫൈഡ് , ആർഗൺ, നീരാവി തുടങ്ങിയ വാതകങ്ങളാണ് പ്രധാനമായും ഉണ്ടാകുന്നത്. അധികവും നീരാവിയാണ്. മാമറൂണിൽ 1986 ലുണ്ടായ അഗ്നിപർവ്വതസ്ഫോടനത്തിൽ നിന്നു വമിച്ച വാതകങ്ങൾ ശ്വസിച്ച് രണ്ടായിരത്തോളം മനുഷ്യരും അതിലേറെ മൃഗങ്ങളും മറ്റനേകം ജന്തുക്കളും കൊല്ലപ്പെട്ടുപോയ സംഭവമുണ്ടായിട്ടുണ്ട്.

അഗ്നിപർവ്വതങ്ങളെ അതിൽ നിന്നു വമിക്കുന്ന പദാർത്ഥങ്ങളുടെയും അതിന്റെ അന്തിമരൂപത്തിന്റെയും അടിസ്ഥാനത്തിൽ പലതായി വർഗ്ഗീകരിച്ചിട്ടുണ്ട്. ഹവായൻ, സ്ട്രോംബോളിയൻ, വൾക്കാനിയൻ, പെലിയൻ, പ്ലിനിയൻ എന്നീ പേരുകളുള്ളവയ്ക്കെല്ലാം ഒരു പൊതുസ്വഭാവമുണ്ട്. അത് ഒരു നാളിയിലൂടെ പ്രവഹിച്ച് പുറത്തു വരുന്ന പദാർത്ഥങ്ങളുള്ളതാണ്. മറ്റൊരു തരത്തിലുള്ള ഫിഷർ ടൈപ്പിൽ ലാവ പല പല വിള്ളലുകളിലൂടെ ബഹിർഗമിച്ച് നദിപോലെ പ്രവഹിക്കുന്നു.

ശാന്തസമുദ്രത്തിനു ചുറ്റും സജീവമായ മുന്നൂറോളം അഗ്നിപർവ്വതങ്ങളുണ്ട്. അഗ്നിവളയം എന്ന പേര് ഇതിനു നൽകിയിരിക്കുന്നത് അന്വർത്ഥമാണ്. ജപ്പാൻ, അലാസ്ക, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, അമേരിക്ക എന്നീ പ്രദേശത്തിന്റെ അരികുകൾ ഇതിന്റെ പരിധിയിൽ വരും. മറ്റൊരു മേഖല ആൽപ്പൈൻ-ഹിമാലയൻ ബെൽറ്റാണ്.

അഗ്നിപർവ്വതങ്ങൾ ദുരന്തം വിതക്കുകയും ഭീതി പരത്തുകയും ചെയ്യുന്നുവെങ്കിലും മനുഷ്യൻ തന്റെ ശാസ്ത്രചിന്തയിലൂടെയും സാങ്കേതിക വൈദഗ്ദ്യത്തിലൂടെയും അതിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്നുണ്ട്. ഭൂഗർഭ താപത്തിൽ നിന്ന് ന്യൂസിലന്റ്, ഫിലിപൈൻസ്, ജപ്പാൻ പോലുള്ള രാജ്യങ്ങൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. അഗ്നിപർവ്വത സ്ഫോടനം നടന്ന സ്ഥലങ്ങളിലാണിതു സാധ്യമാക്കുന്നത്. ഭൂഗർഭജലം ചൂടുപിടിച്ച് നീരാവിയായി പ്രവഹിക്കുന്ന പ്രതിഭാസവും ഊർജ്ജോത്പാദനത്തിന് ഉപയോഗിക്കുന്നു. ഇന്ത്യയിലും കാശ്മീരിലെ പ്യംഗാ, ഹിമാചലിലെ ബിയാസ്, പാർബതി, ഹരിയാനയിലെ ബോണ, ആന്തമാൻ- നിക്കോബാർ തുടങ്ങിയ ഇടങ്ങളിൽ ഭൗമതാപോർജ്ജം ഉത്പാദിപ്പിക്കുന്നു.

സ്പോടനത്തെ തുടർന്നുണ്ടാകുന്ന ഉത്പന്നങ്ങളിൽ ഉള്ള ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയവയടങ്ങിയ ധാതുക്കൾ കൃഷിക്കു വളമായി ഉപയോഗിക്കുന്നുണ്ട്. അതു കൂടാതെ മറ്റു പല തരത്തിലുള്ള ധാതുക്കളടങ്ങിയ ഖനിജങ്ങളും അയിരുകളും മനുഷ്യരാശിയുടെ ഉപയോഗത്തിലുണ്ട്.





**ലോകത്ത് തറവാട്ടുകാർ**

**(40-ാം പേജിൽ നിന്ന് തുടർച്ച)**

പ്രത്യേകസ്ഥല സാമിപ്യം വീട്ടു പേരായി വന്നിരിക്കാം. കൊളവരമ്പത്ത് (കുളവക്കിൽ), കുളങ്ങര, പുഴങ്കര, കിണറ്റിങ്കര എന്നീ പേരുകൾ ശ്രദ്ധിക്കുക.

കുന്നുകളും പുഴകളും ഫലവർഗ്ഗങ്ങളും ഒക്കെ തറവാട്ടു പേരായി മാറുന്നു. കുന്നത്ത്, മാവും കൂട്ടത്തിൽ, ആലുങ്കൽ, ചക്കനാട്ട്, പാറക്കാട്ട് എന്നീ പേരുകൾ ഉദാഹരണം. നാലു ദിക്കുകളും, കോണുകളും വീട്ടു പേരായി മാറുന്നു. (കിഴക്കേ വീട്, മൂലയിൽ വീട്, വടക്കേടത്ത്, മേലേടത്ത്

കെട്ടിടത്തിന്റെ പഴമയും, പുതുമയും പേരിൽ കാണുന്നു പഴേടത്ത്, പുത്തൻ വീട്ടിൽ. കെട്ടിടത്തിന്റെ മാതൃകയും വീട്ടു പേരിനുണ്ട് മാളിക, നാലുകെട്ട്, കൊട്ടിലിൽ, എട്ടുകെട്ട്, അതുപോലെ വൃക്ഷങ്ങളുടെ പേരുകൾ മുല്ലശ്ശേരി, ചെമ്പകശ്ശേരി, കൈതക്കൽ, മുല്ലപ്പള്ളി. ഭൂതങ്ങളെ പ്രതിഷ്ഠിച്ച് വീടുകൾ ചാത്തനാത്ത് , അയ്യനാത്ത്, കരിത്തറ, (വേട്ടെക്കൊരു മകനിൽ നിന്നും ഉണ്ടായിട്ടുള്ള പേർ), വെട്ടിക്കോട് (വെട്ടികൊടുക്കുക പ്രത്യേക..... വിധി)ജാതി, ഉപജാതി തിരിച്ചു വീട്ടു പേർ വെള്ളാത്ത് (വെള്ളാട്ട്) വട്ടേക്കാട്ട് , പള്ളിച്ചൽ,വെളിയത്ത്, വേലകം, തൊഴിലുമായി ബന്ധപ്പെട്ട് വീട്ടു പേർ കുറുപ്പത്ത്, കണക്കത്ത് (കണക്കപിള്ള വീട്), അങ്കാരത്ത് (യോദ്ധാക്കളുടെ വീട്) അമ്പാടി (രാജകുടുംബത്തിലെ കാര്യനിർവാഹകർ) അങ്ങനെ പോകുന്നു മേനോൻ കഥകൾ

വളരെ രസകരങ്ങളാണ് വീട്ടുപേരുകൾ എന്നു മനസ്സിലായില്ലേ ......ഇതുപോലെയാണ് നമ്മുടെ കോമാട്ടിൽ മേനോൻ.

## എറണാകുളം കരയോഗം

# ഓണം വിപണന മേള 2018

### ആഗസ്റ്റ് മാസം 9 മുതൽ 24 വരെ

**എറണാകുളം കരയോഗം ഓണത്തോടനുബന്ധിച്ച് ടി. ഡി.എം. ഹാളിൽ 2018 ആഗസ്റ്റ് 9 മുതൽ 24 വരെ ഓണം വിപണന മേള നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ മിതമായ നിരക്കിൽ ഓണം വിപണന മേളയിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കുന്നതാണ്. ഉത്രാടം, തിരുവോണം (ആഗസ്റ്റ് 24, 25) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ, കാളൻ പുളിയിഞ്ചി എന്നിവ മുൻകൂറായി ബുക്കു ചെയ്യുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ആഗസ്റ്റ് 15 മുതൽ 21 -ാം തീയതി വരെ മാത്രമെ മുൻകൂർ ബുക്കിംഗ് സ്വീകരിക്കുകയുള്ളൂ.**

# വർഷഫലം

**ജ്യോതിഷാചാര്യ വിജയമേനോൻ**

ചിങ്ങം പിറക്കുകയായി 2018 ആഗസ്റ്റ് 17 ന് ചിങ്ങം 1 രാവിലെ (വെള്ളിയാഴ്ച) 6 മണി 51 മിനിട്ടിന് ചോതി നക്ഷത്രം മൂന്നാം പാദത്തിൽ തുലാകൂറിൽ രവി സംക്രമിക്കുന്നു. ഒരു വർഷത്തെ സാമാന്യ ഫലമാണിവിടെ പറയുന്നത്. ഒരു വർഷക്കാലത്തേക്ക് വ്യാഴവും ശനിയും എവിടെ സ്ഥിതിചെയ്യുന്നു എന്നു നോക്കിയിട്ടാണ് സാമാന്യഫലപ്രവചനം നടത്തുക. മറ്റു ഗ്രഹങ്ങളുടെ ചാര ഫലവും വ്യക്തികൾക്ക് അനുഭവപ്പെടുമെങ്കിലും വർഷഫലത്തിൽ ഉൾപ്പെടുത്തുക ബുദ്ധിമുട്ടാണ്. അവയുടെ ഫലം മാസഫലങ്ങളിലേ വിവരിക്കുവാൻ സാധിക്കുകയുള്ളു എങ്കിലും ജാതകങ്ങൾകൂടി പരിശോധിച്ചു വേണം ഓരോരുത്തരും, സ്വന്തം ശുഭദോഷങ്ങൾ വിലയിരുത്തുവാൻ

മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക കാൽ) മേടക്കൂറ് നക്ഷത്രക്കാർക്ക് വ്യാഴം ഇപ്പോൾ 7 -ലാണ് സഞ്ചരിക്കുന്നത് വൃശ്ചികം 25 വരെ അതായത് ഒക്ടോബർ 11- ാം തിയതി വരെ 7-ലും ശേഷകാലം അഷ്ടമത്തിലുംസ്ഥിതി ചെയ്യും ശനിഒമ്പതാം ഭാവത്തിലും, രാഹു നാല് മൂന്ന് ഭാവങ്ങളിലും സഞ്ചരിക്കുന്നതിനാൽ ഈ വർഷം സാമ്പത്തിക ഇടപാടുകൾക്ക് പ്രതിസന്ധിയും വിശ്വസിക്കുന്നവരിൽ നിന്ന് വിപരിത അനുഭവങ്ങളും വിവാഹേതര ബന്ധങ്ങൾ വഴി ധന നഷ്ടവും അനുഭവിക്കേണ്ടി വരും. കുടുംബജീവിതത്തിൽ അപ്രതീക്ഷിത വേർപാടുകളും വ്യവഹാരദുരിതങ്ങളും വന്നു ചേരാവുന്നതാണ്. സന്താനങ്ങളിൽ നിന്ന് മനോദുരിതങ്ങളും ധനനഷ്ടവും അനുഭവിക്കും പിതൃതുല്യരുടെ വേർപാടുനിമിത്തം വിഷമിക്കും കഠിനമായ ദുഖ:, സഞ്ചാര ക്ലേശം, രോഗാദിദുരിതം എന്നിവയും ഫലമാകുന്നു ഹൃദ്രോഗ സാധ്യത തള്ളികളയാൻ ആവില്ല.ജോലിക്കായി വിദേശ സഞ്ചാരം നടത്തും. വിഷ്ണു പ്രീതിവരുത്തുക. സുദർശനയന്ത്രം ധരിക്കുന്നത് അഭികാമ്യം. വിഷ്ണുസഹസ്രനാമജപം, ഭാഗ്യസൂക്തജപം ഇവ ദോഷ കാഠിന്യം കുറയ്ക്കും

ഇടവക്കൂറ് (കാർത്തിക മുക്കാൽ, രോഹിണി, മകയിരം ആദ്യപകുതി) ഒക്ടോബർ 11 വരെ വ്യാഴം 6 ലും ശേഷകാലം 7 ലും സഞ്ചരിക്കും. ശനി അഷ്ടമത്തിലും രാഹു മൂന്ന് രണ്ട്, ഭാവങ്ങളിലുമാണ് സഞ്ചരിക്കുക. ചിങ്ങം കന്നി മാസങ്ങളിൽ ഗൃഹത്തിൽ അഭിപ്രായ ഭിന്നതകളും ആരോഗ്യപ്രശ്നങ്ങളും പിന്നീടങ്ങോട്ട് അനുകൂലസ്ഥിതികളും അനുഭവപ്പെടും. വിവാഹിതരാവാൻ കാത്തിരിക്കുന്നവർക്ക് നല്ല ബന്ധങ്ങൾ വന്നു ചേരും ശയനസുഖവും, ധനവും സുഖഭോജനവും വാഹനാദികളും ലഭ്യമാകും. ശനി അഷ്ടമത്തിൽ നിൽക്കുന്നതിനാൽ കാര്യാദികളിൽ ദൈന്യതയുണ്ടാകാം. ഉപരിപഠനത്തിൽ ഉന്നതിയും സൈന്യവിഭാഗത്തിൽ ജോലിയും ഈ വർഷം ഫലമാകുന്നു. വിദേശത്ത് ജോലിക്കും ഉപരിപഠനത്തിനും ശ്രമിച്ചാൽ ധനനഷ്ടത്തിന് കാരണമാകാം. ശനിയുടെ അഷ്ടോത്തരം ജപിക്കുകയും ശാസ്താപ്രീതി വരുത്തുകയും ചെയ്യുക.

മിഥുനക്കൂറ് (മകയിരം അവസാന പകുതി, തിരുവാതിര, പുണർതം മുക്കാൽ) ഒക്ടോബർ 11 വരെ വ്യാഴം 5 ലും ശേഷകാലം വ്യാഴം ആറിലും ശനി ഏഴിലും രാഹു ജന്മത്തിലും രണ്ടിലും സഞ്ചരിക്കുന്ന കാലം ഏർപ്പെടുന്ന കാര്യങ്ങളിൽ ഫലപ്രാപ്തി പൂർണമാകില്ല. കന്നിമാസത്തിന് ശേഷം കഫാദിരോഗങ്ങൾ ഉണ്ടാകാം. വീടുവിട്ടുതാമസിക്കേണ്ടിവരാം .കുടുംബത്തിൽ അന്ത:ഛിദ്രങ്ങൾ ഉടലെടുക്കും. വ്യഥാ സഞ്ചാരം, അലച്ചിൽ എന്നിവയുണ്ടാകും വിവാഹ തീരുമാനങ്ങൾ മന്ദഗതിയിലാകും. ഉന്നതപഠനത്തിനായുള്ള വിദേശയാത്രാ നടപടികൾ പൂർത്തീകരിച്ച് കിട്ടും. കണ്ടകശനിക്കാലമായതിനാൽ കുടുംബസ്വസ്ഥത കുറയാം. ശനിവ്രതമെടുക്കുകയും ശനീശ്വരധ്യാനവും, വിഷ്ണുപ്രീതിയും അഭികാമ്യം. ചന്ദ്രാൽ ഭാഗ്യാധിപനായ ശനിയുടെ അഷ്ടോത്തരം ജപിക്കുക

കർക്കിടകക്കൂറ് (പുണർതം അവസാന പാദം, പൂയം, ആയില്യം) ചാരവശാൽ ഒക്ടോബർ 11 വരെ വ്യാഴം നാലിലും ശേഷകാലം അഞ്ചിലും ശനി ആറിലും രാഹു ജന്മത്തിലുംപിന്നെ 12ലും സഞ്ചരിക്കുന്ന കാലം ഈ വർഷം ആരോഗ്യപ്രശ്നങ്ങളും ആശുപത്രിവാസവും ഉണ്ടാവാൻ സാദ്ധ്യതയുണ്ട്, ബന്ധുജനങ്ങൾക്കും സന്താനങ്ങൾക്കും വേണ്ടിപരിശ്രമിക്കുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിൽ എത്തും.ഭൂമി, ഗൃഹം എന്നിവ വാങ്ങും, വാഹനം സ്വർണ്ണ രത്നാദികൾ എന്നിവയുടെ ലാഭവും വിവാഹം നടക്കുകയും ചെയ്യും. മന്ത്രത്തിലും പൂജയിലും വിശ്വാസം ജനിക്കും. ശത്രുനാശവും രോഗങ്ങൾ ശമിക്കുകയും കളത്രസുഖവും ഫലമാകുന്നു. രാഹുവിന്റെ സ്തോത്രങ്ങൾ ജപിക്കുകയും സർപ്പപ്രീതി വരുത്തുകയും ചെയ്യേണ്ടതാണ്.





ചിങ്ങക്കൂറ് (മകം,പൂരം, ഉത്രം ആദ്യകാൽ ഭാഗം) ചാരവശാൽ വ്യാഴം മൂന്നിലും പിന്നീട് നാലിലും സഞ്ചരിക്കുന്ന കാലം ശനി അഞ്ചിലും രാഹു പന്ത്രണ്ടിലും പതിനൊന്നാം ഭാവത്തിലും സഞ്ചരിക്കുന്നു. ദുഖ:കരമായ പല അവസ്ഥകളെയും തരണം ചെയ്യേണ്ടി വരും. പരിശ്രമങ്ങൾ പരാജയത്തിലും ധനനഷ്ടത്തിലും കലാശിക്കാം. ബന്ധുജനങ്ങൾ നിമിത്തം പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവരും. വീട്ടിലും നാട്ടിലും സ്വസ്ഥതയില്ലാത്ത അവസ്ഥ വന്നു ചേരാം. അഞ്ചിലെ ശനി പുത്രധാനാദികൾക്ക് ഹാനി വരുത്തും. കലഹത്തിനും വഴിവെയ്ക്കും. ഭൂസംബന്ധമായും ഔദ്യോഗിക അർഹതകൾ സ്ഥാപിച്ചു കിട്ടുന്നതിനും നടത്തിവരുന്ന നിയമനടപടികൾ അനുകൂലമാകും. പൊതുവേ പറഞ്ഞാൽ ഈ വർഷം അത്ര ഗുണകരമല്ല ദോഷകാരനായി നിൽക്കുന്ന ഗ്രഹങ്ങളെ പ്രീതിപ്പെടുത്തുവാൻ വിഷ്ണുപ്രീതി ശാസ്ത്രപ്രീതി സർപ്പപ്രീത്രി എന്നിവ വരുത്തുക. ഇവരുടെ നാമജപാദികൾ അവശ്യം നടത്തുക. ക്ഷേത്രദർശനവും വേണ്ടതാണ്.

കന്നിക്കൂറ് (ഉത്രം മുക്കാൽ, അത്തം, ചിത്തിര ആദ്യപകുതി) വ്യാഴം രണ്ടും മൂന്നും ഭാവങ്ങളിലും ശനി നാലാംഭാവത്തിലും രാഹു പതിനൊന്നും പത്തും ഭാവങ്ങളിലും സഞ്ചരിക്കുന്ന കാലം ഒക്ടോബർ വരെ ശത്രുനാശവും ദേവപ്രസാദവും അർത്ഥലാഭവും ശേഷം കാലയളവിൽ സ്വസ്ഥാനത്തുനിന്നു പുറത്താക്കലും സകലകാര്യങ്ങൾക്കും തടസ്സങ്ങളും മറ്റു ദോഷാധികളും മാതാ പിതാബന്ധു തുടങ്ങിയവരുടെ മരണമോ മരണതുല്യ ദുഖ:മോ സംഭവിക്കാം എന്നതിനാലും കുടുംബപീഡകളാലും ദു:ഖം അനുഭവിക്കും. പലതരത്തിലുള്ള ദു:ഖകരമായ അവസ്ഥകളും തരണംചെയ്യേണ്ടിവരും എന്നതിനാൽ ഈശ്വരഭജനം നന്നായി വേണം. സന്താനങ്ങളെ സംബന്ധിച്ചും സഹായികളായി നിൽക്കുന്നവരെ സംബന്ധിച്ചും നഷ്ടങ്ങളും വേർപാടുകളും ഉണ്ടാകാം. യാത്രക്ലേശം ഉണ്ടാകും. ഭൂമിനഷ്ടം ഉണ്ടാകാം വിവാഹാലോചനകളും ഉദ്യോഗത്തിനുള്ള പരിശ്രമങ്ങളും മന്ദഗതിയിലാകും. ആരോഗ്യത്തിൽ സമ്മിശ്രാനുഭവം ഉണ്ടാകും. കണ്ടകശനിയായതിനാൽ ശനിപ്രീതി വരുത്തുക വ്യാഴത്തേയും പ്രീതിപ്പെടുത്തേണ്ടതുമുണ്ട്.

തുലാക്കൂറ് (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ) വ്യാഴം ഒക്ടോബർ വരെ ജന്മത്തിലുംപിന്നീട് ഒരു വർഷക്കാലം ധനസ്ഥാനത്തും ശനി മൂന്നിലും രാഹു പത്ത് ഒൻപത് ഭാവങ്ങളിലും സ്ഥിതി ചെയ്യുന്നു വർഷാരംഭത്തിൽ അറിയാത്തകാര്യങ്ങൾക്ക് അപവാദം കേൾക്കേണ്ടിവരും ആരോഗ്യസ്ഥിതി മോശമാകും സ്ഥാനഭ്രംശമുണ്ടാകും. ധനത്തിനും ബുദ്ധിക്കും ക്ഷയമുണ്ടാകും ശേഷം ഒരു വർഷക്കാലം ശത്രുഹാനിയും ദേശാന്തര സഞ്ചാരത്തിൽ കൂടി അർത്ഥ ലാഭം, സത് കീർത്തി അധികാരപദവികളും ലഭിക്കും പല സുപ്രധാന കാര്യങ്ങളും നിറവേറ്റുവാനുള്ള അവസരങ്ങൾ വന്നു ചേരും സഹോദരങ്ങളിൽ നിന്നും സഹായികളിൽ നിന്നും മനോവിഷമത്തിനിടയാക്കുന്ന സംഭവങ്ങൾ ഉണ്ടാകും. ധനവരവും ഭൃത്യന്മാരും ഗൃഹോപകരണങ്ങളും നാൽക്കാലി ലാഭവും ഉണ്ടാവും. ഗൃഹത്തിൽ ഐശ്വര്യം വിളയാടും. ഭീരുക്കൾ പോലും ധൈര്യം പ്രകടിപ്പിക്കും. ബിസിനസ്സ് രംഗത്ത് മന്ദഗതി അനുഭവപ്പെടും, വിവാഹാദി മംഗളകർമ്മങ്ങൾ നടക്കും. കാര്യങ്ങൾ കൂടുതൽ ഗുണപ്രദമാകുന്നതിനായി ഗൃഹേശ്വരപൂജകളും ദാനധർമ്മാദികളും നടത്തുക. വിദ്യാർത്ഥികൾ പഠിത്തത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതിലേക്കായി വിദ്യാരാജഗോപാലമന്ത്രം, മേധാസൂക്തം എന്നിവ ജപിക്കുക

